SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

# സാമ്പത്തിക കണക്കുകൾ
# 2023-24
## വാല്യം I

കേരള സർക്കാർ

# 2023–2024 ലേക്കുള്ള
# സാമ്പത്തിക കണക്കുകൾ

## വാല്യം I

## കേരള സർക്കാർ

# ഉള്ളടക്കം


| വിഷയം | | പേജ് |
|---|---|---|
| **വാല്യം I** | | |
| | ഉള്ളടക്കം | |
| | ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് | iii-v |
| | സാമ്പത്തിക കണക്കുകൾക്കുള്ള മാർഗ്ഗരേഖ (ആമുഖം) | vii-xiii |
| 1. | സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റ് | 1–2 |
| 2. | വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ് | 3–11 |
| | അനുബന്ധം: നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപങ്ങളും | |
| 3. | സഞ്ചിത നിധിയിലെ വരവുകളുടെ സ്റ്റേറ്റ്മെന്റ് | 12–17 |
| 4. | സഞ്ചിത നിധിയിലെ ചെലവുകളുടെ സ്റ്റേറ്റ്മെന്റ് | 18–22 |
| 5. | ക്രമാനുഗത മൂലധന ചെലവുകളുടെ സ്റ്റേറ്റ്മെന്റ് | 23–37 |
| 6. | കടമെടുപ്പുകളുടേയും മറ്റ് ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ് | 38–42 |
| 7. | സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടേയും സ്റ്റേറ്റ്മെന്റ് | 43–45 |
| 8. | സർക്കാർ നടത്തിയ നിക്ഷേപങ്ങളുടെ സ്റ്റേറ്റ്മെന്റ് | 46 |
| 9. | സർക്കാർ നൽകിയ ഗ്യാരണ്ടികളുടെ സ്റ്റേറ്റ്മെന്റ് | 47 |
| 10. | സർക്കാർ നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡുകളുടെ സ്റ്റേറ്റ്മെന്റ് | 48–49 |
| 11. | വോട്ട് ചെയ്തതും ചാർജ്ജ് ചെയ്തതുമായ ചെലവുകളുടെ സ്റ്റേറ്റ്മെന്റ് | 50–51 |
| 12. | റവന്യൂ കണക്കുകളിൽ അല്ലാതെയുള്ള ചെലവുകളുടെ ഫണ്ട് സ്രോതസ്സിന്റേയും നടത്തിപ്പിന്റേയും സ്റ്റേറ്റ്മെന്റ് | 52–55 |
| 13. | സഞ്ചിത നിധിയിലേയും ആകസ്മിക നിധിയിലേയും, പൊതുകണക്കിലേയും നീക്കിയിരുപ്പിന്റെ സംഗ്രഹം | 56–58 |
| | കണക്കുകൾക്കുള്ള കുറിപ്പുകൾ | 59–79 |
| **വാല്യം II** | | |
| | **ഭാഗം I** | |
| 14. | റവന്യൂ-മൂലധന വരവുകളുടെ മൈനർ ഹെഡ്സ് തലത്തിലുള്ള വിശദമായ സ്റ്റേറ്റ്മെന്റ് | 81–123 |
| 15. | റവന്യൂ ചെലവുകളുടെ മൈനർ ഹെഡ്സ് തലത്തിലുള്ള വിശദമായ സ്റ്റേറ്റ്മെന്റ് | 124–230 |
| 16. | മൂലധന ചെലവുകളുടെ മൈനർ ഹെഡ്സ്, സബ് ഹെഡ്സ് തലത്തിലുള്ള വിശദമായ സ്റ്റേറ്റ്മെന്റ് | 231–421 |
| 17. | കടമെടുപ്പുകളുടേയും മറ്റ് ബാധ്യതകളുടേയും വിശദമായ സ്റ്റേറ്റ്മെന്റ് | 422–448 |
| 18. | സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും വിശദമായ സ്റ്റേറ്റ്മെന്റ് | 449–544 |

| വിഷയം | | പേജ് |
|---|---|---|


| | | |
|---|---|---|
| 19. | സർക്കാർ നിക്ഷേപങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ് | 545–592 |
| 20. | സർക്കാർ നൽകിയ ഗ്യാരണ്ടികളുടെ വിശദമായ സ്റ്റേറ്റ്മെന്റ് | 593–598 |
| 21. | ആകസ്മിക നിധിയിലേയും പൊതുകണക്കിലേയും ഇടപാടുകളുടെ വിശദമായ സ്റ്റേറ്റ്മെന്റ് | 599–619 |
| 22. | മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള ഫണ്ടുകളിൽ നിന്നുള്ള നിക്ഷേപങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ് | 620–626 |
| | ഭാഗം II: അനുബന്ധങ്ങൾ | |
| I | ശമ്പളത്തിലുള്ള താരതമ്യ ചെലവ് | 628–633 |
| II | സബ്സിഡിയിലുള്ള താരതമ്യ ചെലവ് | 634–642 |
| III | ഗ്രാന്റ്-ഇൻ-എയ്ഡ്/സംസ്ഥാന സർക്കാർ നൽകിയ സഹായം (സ്ഥാപനാടിസ്ഥാനത്തിലും പദ്ധതി അടിസ്ഥാനത്തിലും) | 643–674 |
| IV | ബാഹ്യ സഹായമുള്ള പദ്ധതികളുടെ വിവരങ്ങൾ | 675–681 |
| V | ആസൂത്രണ പദ്ധതികളിലുള്ള ചെലവുകൾ- | |
| | എ. കേന്ദ്രപദ്ധതികൾ (കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രപദ്ധതികളും) | 682–706 |
| | ബി. സംസ്ഥാന ആസൂത്രണ പദ്ധതികൾ | 707–710 |
| VI | കേന്ദ്രപദ്ധതി ഫണ്ടുകൾ സംസ്ഥാനത്ത് നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകുന്നത് | 711–713 |
| | (സംസ്ഥാന ബഡ്ജറ്റിന് പുറത്തുനിന്നുള്ള ഫണ്ടുകൾ) (ആഡിറ്റ് ചെയ്യാത്ത തുകകൾ) | |
| VII | നീക്കിയിരുപ്പുകളുടെ സ്വീകാര്യതയും പൊരുത്തപ്പെടുത്തലുകളും (18 ഉം 21 ഉം സ്റ്റേറ്റ്മെന്റുകളിൽ ചിത്രീകരിച്ചിട്ടുള്ള പ്രകാരം) | 714–716 |
| VIII | ജലസേചന പദ്ധതികളുടെ സാമ്പത്തിക ഫലങ്ങൾ | 717–718 |
| IX | സർക്കാർ ഏറ്റെടുത്ത ചുമതലകൾ- പൂർത്തിയാകാത്ത പ്രധാന പണികളുടെ ലിസ്റ്റ് | 719–786 |
| X | ശമ്പളവും ശമ്പളേതര ഭാഗവും വേർതിരിച്ചുള്ള പരിപാലന ചെലവുകൾ | 787–809 |
| XI | സർക്കാരിന്റെ നടപ്പുവർഷത്തിലെ പ്രധാന നയപരമായ തീരുമാനങ്ങൾ അല്ലെങ്കിൽ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ പദ്ധതികൾ | 810–820 |
| XII | സർക്കാർ ഏറ്റെടുത്തിട്ടുള്ള ബാധ്യതകൾ | 821–822 |

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

**കേരള സർക്കാരിന്റെ സാമ്പത്തിക കണക്കുകളുടെ ഓഡിറ്റ്**

**അഭിപ്രായം**

കേരള സർക്കാരിന്റെ 2024 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തെ **സാമ്പത്തിക കണക്കുകൾ** സർക്കാരിന്റെ തന്നാണ്ടത്തെ വരവുകളുടേയും ചെലവുകളുടേയും കണക്കുകളോടൊപ്പം സാമ്പത്തിക സ്ഥിതി, സഞ്ചിത നിധി, ആകസ്മിക നിധി, പൊതുകണക്ക് എന്നിവയിലേക്കും/എന്നിവയിൽ നിന്നുമുള്ള ഇടപാടുകളും അവതരിപ്പിക്കുന്നു. സാമ്പത്തിക കണക്കുകളുടെ സമാഹരണം രണ്ടു വാല്യങ്ങൾ അടങ്ങിയതും വാല്യം I-ൽ സാമ്പത്തിക സ്ഥിതിയുടെ ഏകീകൃത സ്ഥിതിയും, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് സംഗ്രഹം ഉൾപ്പെടുന്ന വിശദീകരണ രൂപത്തിലുള്ള സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകൾ അടങ്ങിയിട്ടുള്ളതും വാല്യം II-ൽ കണക്കുകൾ വിശദമായി വിവരിക്കുകയും ചെയ്യുന്നു. സർക്കാരിന്റെ തന്നാണ്ടത്തെ ധനവിനിയോഗ കണക്കുകൾ ഗ്രാന്റുകളും ചാർജ്ജ് ചെയ്ത ധനവിനിയോഗങ്ങളും, ബഡ്ജറ്റ് താരതമ്യത്തെ പ്രതിനിധാനം ചെയ്യുന്നത് പ്രത്യേകമായി അവതരിപ്പിക്കുന്നു.

എന്റെ ഉദ്യോഗസ്ഥർക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും കണക്കുകളുടെ ടെസ്റ്റ് ഓഡിറ്റിന്റെയും അടിസ്ഥാനത്തിൽ, സാമ്പത്തിക കണക്കുകൾ വിശദീകരണ രൂപത്തിലുള്ള 'സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകൾ'ക്കൊപ്പം ചേർത്തുവായിച്ചാൽ, എന്റെ അഭിപ്രായത്തിൽ 2023-24 വർഷത്തേക്കുള്ള കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും വരവുകളും ചെലവുകളും ന്യായമായി അവതരിപ്പിക്കുന്നു.

ഈ കണക്കുകളിന്മേലുള്ള ഓഡിറ്റിൽനിന്നോ, അതുപോലെതന്നെ നടപ്പുവർഷത്തിലോ മുൻവർഷങ്ങളിലോ നടത്തിയ ഓഡിറ്റിൽനിന്നോ ഉയർന്നുവരുന്ന നിരീക്ഷണങ്ങൾ 2024 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തേക്ക് പ്രത്യേകം അവതരിപ്പിക്കുന്ന സമ്പദ്‌വ്യവസ്ഥയെയും അനുവർത്തനത്തെയും പ്രവർത്തന ക്ഷമതയേയും കുറിച്ച് കേരള സർക്കാരിന്മേലുള്ള എന്റെ ഓഡിറ്റ് റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു.

**അഭിപ്രായത്തിനുള്ള അടിസ്ഥാനം**

ഓഡിറ്റ് നടത്തുന്നത്, സി.എ.ജി.യുടെ ഓഡിറ്റ് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ്. കണക്കുകൾ, സാരവത്തായ തെറ്റായ പ്രസ്താവനകളിൽ നിന്ന് മുക്തമാണെന്നതിന് വിശ്വാസ്യമായ ഉറപ്പ് ലഭിക്കുന്ന തരത്തിൽ ഓഡിറ്റ് ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ഈ മാനദണ്ഡങ്ങൾ ഞങ്ങളോട് ആവശ്യപ്പെടുന്നു. ഒരു ഓഡിറ്റിൽ, സാമ്പത്തിക സ്റ്റേറ്റുമെന്റുകളിലെ തുകകളുടെയും വെളിപ്പെടുത്തലുകളുടെയും പ്രസക്തമായ തെളിവുകളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള പരിശോധനയും ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിനുള്ള അടിസ്ഥാനം ലഭ്യമാക്കുന്നത് ഞങ്ങൾക്ക് ലഭിച്ച ഓഡിറ്റ് തെളിവുകളാണ്.

**പ്രാഥമികവും അനുബന്ധവുമായ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വങ്ങൾ.**

സംസ്ഥാന നിയമസഭയിൽ നിന്ന്, ബഡ്ജറ്റിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. സംസ്ഥാന സർക്കാരും ബഡ്ജറ്റ് നിറവേറ്റുന്നതിന് ചുമതലപ്പെട്ട കേരള സർക്കാരിന്റെ ട്രഷറികൾ, ഓഫീസുകൾ, വകുപ്പുകൾ പോലുള്ളവയ്ക്കും പ്രാഥമികവും അനുബന്ധവുമായ കണക്കുകൾ തയ്യാറാക്കുന്നതിനും, അവയുടെ കൃത്യതയ്ക്കുമുള്ള ഉത്തരവാദിത്തവും അതുപോലെ തന്നെ ബാധകമായ നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഇടപാടുകളുടെ നിയമ നിഷ്ഠ ഉറപ്പാക്കുന്നതിനുമുള്ള ഉത്തരവാദിത്തവുമുണ്ട്.

കൂടാതെ, സാമ്പത്തിക കണക്കുകളുടെ സമാഹരണത്തിനും, തയ്യാറാക്കുന്നതിനുമുള്ള പ്രാഥമികവും അനുബന്ധവുമായ കണക്കുകളും അതുമായി ബന്ധപ്പെട്ട വിവരങ്ങളും കേരളത്തിന്റെ അക്കൗണ്ടന്റ് ജനറലിന്റെ (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്) ഓഫീസിൽ നൽകുന്നതിനുള്ള ഉത്തരവാദിത്തവും അവർക്കുണ്ട്.

**വാർഷിക കണക്കുകളുടെ സമാഹരണത്തിനുള്ള ഉത്തരവാദിത്തങ്ങൾ**

സംസ്ഥാന സർക്കാരിന്റെ വാർഷിക കണക്കുകൾ സമാഹരിക്കുന്നതിനും തയ്യാറാക്കുന്നതിനുമുള്ള ഉത്തരവാദിത്തം, എന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരളത്തിന്റെ അക്കൗണ്ടന്റ് ജനറലിന്റെ (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്) ഓഫീസിനാണ്. ഇത് 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (കടമകളും, അധികാരങ്ങളും സേവനവ്യവസ്ഥകളും) നിയമത്തിലെ ആവശ്യങ്ങൾക്ക് അനുസൃതമാണ്.

വാർഷിക കണക്കുകൾ കേരള സർക്കാരിന്റെ ട്രഷറികൾ, ഓഫീസുകൾ, വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വൗച്ചറുകൾ, ചെലാനുകൾ, പ്രാഥമികവും അനുബന്ധവുമായ കണക്കുകൾ, ഭാരതീയ റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ച സ്റ്റേറ്റുമെന്റുകൾ എന്നിവയിൽ നിന്നും സമാഹരിച്ചിട്ടുള്ളവയാണ്.

ഈ സമാഹരണത്തിലുള്ള സ്റ്റേറ്റുമെന്റുകൾ (നം.: 7) (വകുപ്പ്-3) 9, 10(ii), 17(b) (i), 19, 20), സ്റ്റേറ്റുമെന്റുകളുടെ വിശദീകരണ കുറിപ്പുകൾ (നം.: 5-ഉം 20-ഉം), സ്റ്റേറ്റ്മെന്റ് നം. 18-നുള്ള അധിക വെളിപ്പെടുത്തലുകൾക്കുള്ള അനുബന്ധങ്ങൾ (IV ഉം IX ഉം) എന്നിവ ഈ വിവരങ്ങൾ നൽകുന്നതിന് ഉത്തരവാദിത്തമുള്ള കേരള സർക്കാർ, കേന്ദ്രസർക്കാർ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ നിന്നും നേരിട്ടുതയ്യാറാക്കിയിട്ടുള്ളതാണ്.

**വാർഷിക കണക്കുകളുടെ ഓഡിറ്റിനുള്ള ഉത്തരവാദിത്തങ്ങൾ**

ഇന്ത്യൻ ഭരണഘടയുടെ 149-ഉം 151-ഉം അനുച്ഛേദങ്ങളുടെയും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (കടമകളും, അധികാരങ്ങളും സേവനവ്യവസ്ഥകളും) ആക്ടിന്റെയും, നിബന്ധനകൾക്ക് അനുസൃതമായി അങ്ങനെയുള്ള ഓഡിറ്റ് ഫലത്തെ അടിസ്ഥാനമാക്കി ഈ കണക്കുകളിന്മേൽ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) മുഖേന വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തുന്നു.

അക്കൗണ്ടന്റ് ജനറലിന്റെ (ഓഡിറ്റ്-II) ഓഫീസും അക്കൗണ്ടന്റ് ജനറലിന്റെ (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്) ഓഫീസും പ്രത്യേകം കേഡറുകളും വേറിട്ട റിപ്പോർട്ടിംഗ് ശൈലികളും മാനേജ്മെന്റ് ഘടനയുമുള്ള സ്വതന്ത്ര സ്ഥാപനങ്ങളാണ്.

(ഗിരീഷ് ചന്ദ്ര മുർമു)

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

തീയതി: 19-11-2024

സ്ഥലം: ന്യൂഡൽഹി

# സാമ്പത്തിക കണക്കുകൾക്കുള്ള മാർഗ്ഗരേഖ

## എ. സർക്കാർ കണക്കുകളുടെ ഘടനയുടെ വിശാല അവലോകനം

1. കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകൾ, റവന്യൂ മൂലധനകണക്കുകൾ വെളിപ്പെടുത്തിയ സാമ്പത്തിക ഫലങ്ങൾ, പൊതുകടത്തിന്റെ കണക്കുകൾ, കണക്കുകളിൽ രേഖപ്പെടുത്തിയ നീക്കിയിരുപ്പുകളിൽ നിന്നും കണക്ക് കൂട്ടിയെടുത്തപ്രകാരമുള്ള സംസ്ഥാനസർക്കാരിന്റെ ബാധ്യതകളും ആസ്തികളും കൂട്ടിചേർത്ത സർക്കാരിന്റെ തന്നാണ്ടത്തെ വരവുകളും ചെലവുകളും അവതരിപ്പിക്കുന്നു.

**2. സർക്കാരിന്റെ കണക്കുകൾ മൂന്ന് ഭാഗമായി സൂക്ഷിക്കുന്നു.**

**ഭാഗം I: സഞ്ചിതനിധി:** ഈ ഫണ്ടിൽ, സംസ്ഥാന സർക്കാർ കൈപ്പറ്റിയ എല്ലാ റവന്യൂവരവുകളും, സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള എല്ലാ വായ്പകളും (വിപണി വായ്പകൾ, കടപ്പത്രങ്ങൾ, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ, സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, ദേശീയ ലഘുസമ്പാദ്യ ഫണ്ടിന് നൽകിയിട്ടുള്ള പ്രത്യേക കടപ്പത്രങ്ങൾ, മുതലായവ) ഭാരതീയ റിസർവ് ബാങ്ക് വാഗ്ദാനം ചെയ്തിട്ടുള്ള വെയ്സ് ആന്റ് മീൻസ് മുൻകൂറുകളും, വായ്പാ തിരിച്ചടവിലൂടെ സംസ്ഥാന സർക്കാരിനു ലഭിക്കുന്ന എല്ലാ പണവും ഉൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്ന പ്രകാരവും ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും, നിയമം അനുശാസിക്കും പ്രകാരവുമല്ലാതെ, ഈ ഫണ്ടിൽ നിന്ന് യാതൊരു തുകകളും വിനിയോഗിക്കാൻ പാടുള്ളതല്ല. ചെലവുകളുടെ ഏതാനും വിഭാഗങ്ങൾ (ഉദാ; ഭരണഘടനാ അധികാരികളുടെ ശമ്പളം, വായ്പാതിരിച്ചടവുകൾ മുതലായവ) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിന്മേൽ ചാർജ്ജ് ചെയ്യപ്പെടുകയും, (ചാർജ്ജ് ചെയ്ത ചെലവ്) ആയവ നിയമസഭയുടെ വോട്ടിന് വിധേയവുമല്ല. മറ്റ് എല്ലാ ചെലവുകളും (വോട്ട് ചെയ്ത ചെലവ്) നിയമസഭ വോട്ട് ചെയ്യുന്നു.

സഞ്ചിതനിധി രണ്ട് ഭാഗങ്ങൾ അടങ്ങിയതാണ്: റവന്യൂവും മൂലധനവും (പൊതുകടവും, വായ്പകളും, മുൻകൂറുകളും) ഇവയെ 'വരവുകളുടെയും' 'ചെലവുകളുടേയും' കീഴിൽ വീണ്ടും വിഭാഗിച്ചിട്ടുണ്ട്. റവന്യൂവരുമാനഭാഗം മൂന്നു മേഖലകളായി വിഭജിച്ചിരിക്കുന്നു, അതായത്, 'നികുതി റവന്യൂ', 'നികുതിയേതര റവന്യൂ' & 'ഗ്രാന്റ്-ഇൻ-എയ്ഡും സംഭാവനകളും'- ഈ മൂന്നു മേഖലകളേയും 'ചരക്ക് സേവനനികുതി', 'വരവ് ചെലവുകളിന്മേലുള്ള നികുതി', 'സാമ്പത്തിക സർവ്വീസുകൾ', മുതലായവ പോലെയുള്ള ഉപമേഖലകളായി വീണ്ടും വിഭജിക്കുന്നു. മൂലധനവരവ് വിഭാഗത്തിൽ മറ്റ് മേഖലകളോ, ഉപമേഖലകളോ അടങ്ങിയിട്ടില്ല. റവന്യൂ ചെലവ് വിഭാഗം നാലുമേഖലകളായി വിഭജിച്ചിരിക്കുന്നു, അതായത്, 'പൊതുസർവ്വീസുകൾ', 'സാമൂഹ്യസർവ്വീസുകൾ' 'സാമ്പത്തിക സർവ്വീസുകൾ', 'ഗ്രാന്റ്-ഇൻ-എയ്ഡ് സംഭാവനകളും'. റവന്യൂ ചെലവ് വിഭാഗത്തിലെ ഈ മേഖലകളെ വീണ്ടും 'സംസ്ഥാനത്തിന്റെ ഘടകങ്ങൾ', 'വിദ്യാഭ്യാസം, കായികം, കല, സംസ്കാരം', മുതലായ ഉപമേഖലകളായി വിഭജിച്ചിരിക്കുന്നു. മൂലധന ചെലവ് വിഭാഗം 'പൊതുസർവ്വീസുകൾ', 'സാമൂഹ്യസർവ്വീസുകൾ', 'സാമ്പത്തിക സർവ്വീസുകൾ' 'പൊതുകടം', 'വായ്പകളും മുൻകൂറുകളും', 'അന്തർസംസ്ഥാന കണക്ക് തീർപ്പുകൾ', 'ആകസ്മികനിധിയിലേക്കുള്ള മാറ്റിവയ്ക്കൽ' എന്നിങ്ങനെ ഏഴ് മേഖലകളായി വിഭജിച്ചിരിക്കുന്നു.

**ഭാഗം II: ആകസ്മിക നിധി:** സംസ്ഥാന നിയമസഭ, നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ള ഈ ഫണ്ട്, ഒരു മുൻകൂർ വായ്പയുടെ സ്വഭാവത്തിലുള്ളതും, ഗവർണറുടെ നിയന്ത്രണത്തിൻ കീഴിൽ, സംസ്ഥാന നിയമസഭയുടെ അധികാരപ്പെടുത്തൽ ലഭിക്കാനുള്ള അപ്രതീക്ഷിത അടിയന്തര ചെലവുകൾ വഹിക്കുന്നതിന് മുൻകൂറുകൾ നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളതുമാണ്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലെ ബന്ധപ്പെട്ട നിർവ്വഹണ മേജർ ഹെഡിൽ ചെലവ് വകകൊള്ളിച്ച് ആകസ്മിക നിധിയിലേക്ക് തിരികെ പിടിക്കുന്നു. 2023-24 ൽ കേരള സർക്കാരിന്റെ ആകസ്മിക ഫണ്ടിന്റെ മൂലധനം 100 കോടിയാണ്.

**ഭാഗം III : പൊതുകണക്ക്:** സർക്കാർ ഒരു ബാങ്കുകാരനോ അല്ലെങ്കിൽ ട്രസ്റ്റിയായോ വർത്തിക്കുന്നിടത്ത്, സർക്കാരിനോ, സർക്കാരിനുവേണ്ടിയോ ലഭിക്കുന്ന എല്ലാ പൊതുപണവും പൊതുകണക്കിൽ ക്രഡിറ്റ് ചെയ്യുന്നു. പൊതുകണക്കിൽ, തിരികെ നൽകേണ്ട ലഘുസമ്പാദ്യങ്ങളും പ്രോവിഡന്റ് ഫണ്ടുകളും, നിക്ഷേപങ്ങളും (പലിശസഹിതവും പലിശരഹിതവും ആയവ), മുൻകൂറുകൾ, കരുതൽ ഫണ്ടുകളും (പലിശസഹിതവും പലിശരഹിതവും ആയവ), പണം ഒടുക്കലുകളും സസ്പെൻസ് ഹെഡ്ഡുകളും (രണ്ടും അന്തിമ ക്രമീകരണം ആവശ്യമുള്ള താൽക്കാലിക ഹെഡുകൾ ആണ്) ഉൾപ്പെടുന്നു. സർക്കാർ വശം ലഭ്യമായ

അറ്റ നീക്കിയിരുപ്പും പൊതുകണക്കിൽ ഉൾപ്പെടുന്നു. പൊതുകണക്കിൽ ആറ് ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. അതായത്, 'ലഘുസമ്പാദ്യങ്ങൾ', 'പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ', 'കരുതൽധനം', 'നിക്ഷേപങ്ങളും മുൻകൂറുകളും', 'സസ്പെൻസും പലവകയും', 'പണം ഒടുക്കലുകൾ', 'നീക്കിയിരുപ്പ് പണം' ഇവയാണ്. ഈ ഘടകങ്ങൾ വീണ്ടും ഉപഘടകങ്ങളായി വിഭജിച്ചിരിക്കുന്നു. പൊതുകണക്ക് നിയമസഭയുടെ വോട്ടിന് വിധേയമല്ല.

3. സർക്കാർ കണക്കുകൾ ആറ് തട്ടുകളായി തരംതിരിച്ച് അവതരിപ്പിക്കുന്നു, അതായത്, മേജർ ഹെഡ്ഡുകൾ (നാല് അക്കങ്ങൾ), സബ്-മേജർ ഹെഡ്ഡുകൾ (രണ്ട് അക്കങ്ങൾ) മൈനർ ഹെഡ്ഡുകൾ (മൂന്ന് അക്കങ്ങൾ) സബ്-ഹെഡ്ഡുകൾ (രണ്ട് അക്കങ്ങൾ) ഡീറ്റെയിൽഡ് ഹെഡ്ഡുകൾ (രണ്ട് അല്ലെങ്കിൽ മൂന്ന് അക്കങ്ങൾ), ഓബ്ജക്റ്റ് ഹെഡ്ഡുകൾ (രണ്ട് അല്ലെങ്കിൽ മൂന്ന് അക്കങ്ങൾ) എന്നിവയാണ്. മേജർ ഹെഡുകൾ സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്നു, സബ്-മേജർ ഹെഡ്ഡുകൾ ഉപ-പ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്യുന്നു, മൈനർ ഹെഡ്ഡുകൾ പരിപാടികളെ/ പ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്യുന്നു; സബ്-ഹെഡ്ഡുകൾ പദ്ധതികളെ പ്രതിനിധീകരിക്കുന്നു, ഡീറ്റെയിൽഡ് ഹെഡ്ഡുകൾ ഉപ-പദ്ധതികളെ പ്രതിനിധീകരിക്കുന്നു, ഓബ്ജക്ട് ഹെഡ്ഡുകൾ ചെലവിന്റെ ഉദ്ദേശ്യത്തിനെ / ലക്ഷ്യത്തിനെ പ്രതിനിധാനം ചെയ്യുന്നു.

4. കണക്കുകളുടെ ഇനം തിരിക്കലിന്റെ പ്രധാന യൂണിറ്റ് മേജർ ഹെഡ്ഡുകൾ ആണ്, അതിൽ താഴെപറയുന്ന കോഡ് സമ്പ്രദായം അടങ്ങിയിരിക്കുന്നു. (2024 മാർച്ച് 31 വരെ ശരിയാക്കിയിട്ടുള്ള മേജർ, മൈനർ ഹെഡ്ഡുകളുടെ പട്ടിക പ്രകാരം)

| | |
|---|---|
| 0005 മുതൽ 1606 വരെ | റവന്യൂ വരുമാനങ്ങൾ |
| 2011 മുതൽ 3606 വരെ | റവന്യൂ ചെലവുകൾ |
| 4000 | മൂലധന വരവുകൾ |
| 4046 മുതൽ 7810 വരെ | മൂലധന ചെലവുകൾ (പൊതു കടവും, വായ്പകളും, മുൻകൂറുകളും ഉൾപ്പെടെ) |
| 7999 | ആകസ്മികനിധിയിലേക്കുള്ള ധനവിനിയോഗം |
| 8000 | ആകസ്മികനിധി |
| 8001 മുതൽ 8999 വരെ | പൊതുകണക്ക് |

5. കണക്കുകളുടെ ഘടനയെ സംബന്ധിക്കുന്ന ഒരു സചിത്ര മാതൃക താഴെ ചേർക്കുന്നു:



**ബി. എന്താണ് സാമ്പത്തിക കണക്കിൽ അടങ്ങിയിട്ടുള്ളത്**

സാമ്പത്തിക കണക്കുകൾ രണ്ട് വാല്യങ്ങളിലായി അവതരിപ്പിക്കുന്നു.

**വാല്യം 1 ൽ** ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ സർട്ടിഫിക്കറ്റ് സാമ്പത്തിക കണക്കിന്റെ മാർഗ്ഗരേഖ, സംസ്ഥാന സർക്കാരിന്റെ നടപ്പു സാമ്പത്തിക വർഷത്തിലെ സാമ്പത്തികസ്ഥിതിയുടെയും ഇടപാടുകളുടേയും സംഗ്രഹിച്ച വിവരങ്ങൾ തരുന്ന 13 സ്റ്റേറ്റുമെന്റുകൾ, കണക്കുകൾക്കുള്ള കുറിപ്പുകൾ കണക്കുകൾക്കുള്ള കുറിപ്പുകളുടെ അനുബന്ധം എന്നിവ അടങ്ങിയിരിക്കുന്നു. വാല്യം 1 ലെ 13 സ്റ്റേറ്റ്മെന്റുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**1. സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, സംസ്ഥാന സർക്കാരിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും അവ വർഷാവസാനത്തിൽ ഉണ്ടായിരുന്നതുപ്രകാരവും മുൻവർഷാവസാനത്തെ സ്ഥിതിയുമായി താരതമ്യപ്പെടുത്തിയ പ്രകാരമുള്ള സഞ്ചിത സംഖ്യകളുടെയും വിവരണം നൽകുന്നു.

**2. വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ് സംസ്ഥാന സർക്കാർ മൂന്നു ഭാഗങ്ങളിലായി സൂക്ഷിക്കുന്ന തന്നാണ്ടത്തെ മൊത്തം വരവുകളുടേയും ചെലവുകളുടേയും വിവരണം നൽകുന്നു. അതായത്, സഞ്ചിതനിധി, ആകസ്മിക നിധി, പൊതുകടം എന്നിവയുടെ. കൂടാതെ, ഇതിൽ നീക്കിയിരുപ്പുകളുടെ (നിക്ഷേപം ഉൾപ്പെടെ) ബദൽ വിവരണം നൽകുന്ന ഒരു അനുബന്ധവും അടങ്ങിയിരിക്കുന്നു. സർക്കാരിന്റെ വെയ്സ് ആന്റ് മീൻസ് സ്ഥിതിയുടെ വിശദമായ വിവരണവും ഈ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**3. സഞ്ചിതനിധിയിലെ വരവുകളുടെ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, റവന്യൂ വരവുകളും, മൂലധന വരവുകളും, സംസ്ഥാന സർക്കാർ നൽകിയ വായ്പകളുടെ തിരിച്ചടവുകളും അടങ്ങിയതാണ്. ഈ സ്റ്റേറ്റ്മെന്റ് സാമ്പത്തിക കണക്കുകൾ വാല്യം II ലെ 14,17,18 എന്നീ വിശദമായ സ്റ്റേറ്റുമെന്റുകളുടെ സംക്ഷിപ്തരൂപമാണ്.

**4. സഞ്ചിതനിധിയിലെ ചെലവുകളുടെ സ്റ്റേറ്റ്മെന്റ്:** മൈനർ ഹെഡ്ഡ് വരെയുള്ള സാമ്പത്തിക കണക്കുകളുടെ പൊതുവിവരണത്തിനു വ്യത്യസ്തമായി ഈ സ്റ്റേറ്റ്മെന്റ്, പ്രവർത്തനങ്ങളുടെ സ്വഭാവം (ചെലവുകളുടെ ഉദ്ദേശ്യങ്ങൾ) അനുസരിച്ചുള്ള വിശദാംശങ്ങളും തരുന്നു. ഈ സ്റ്റേറ്റ്മെന്റ് വാല്യം IIലെ 15,16,17,18 എന്നീ വിശദമായ സ്റ്റേറ്റ്മെന്റുകളുടെ സംക്ഷിപ്തരൂപമാണ്.

**5. ക്രമാനുഗതമായ മൂലധനചെലവുകളുടെ സ്റ്റേറ്റ്മെന്റ്**: ഈ സ്റ്റേറ്റ്മെന്റ്, വാല്യം II 16-ലെ വിശദമായ സ്റ്റേറ്റ്മെന്റുകളുടെ സംക്ഷിപ്തരൂപമാണ്.

**6. കടമെടുപ്പുകളുടേയും മറ്റ് ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ്:** സർക്കാരിന്റെ കടം വാങ്ങൽ, അത് എടുത്ത വിപണി വായ്പകളും (ആഭ്യന്തര കടം) ഇന്ത്യാ ഗവൺമെന്റിൽ നിന്നും സ്വീകരിച്ച വായ്പകളും മുൻകൂറുകളും അടങ്ങിയതാണ്. മറ്റ് ബാധ്യതകളിൽ ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവയും, 'കരുതൽ നിധി', 'നിക്ഷേപങ്ങൾ' എന്നിവയും അടങ്ങുന്നു. ഈ വിവരണത്തിൽ കടത്തിന്റെ സേവനം സംബന്ധിച്ച ഒരു കുറിപ്പ് കൂടി അടങ്ങുന്നതും വാല്യം IIലെ വിശദമായ സ്റ്റേറ്റ്മെന്റ് 17ന്റെ സംക്ഷിപ്തരൂപവുമാണ്.

**7. സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടേയും സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, വിവിധ വിഭാഗം വായ്പക്കാരായ നിയമാനുസൃതം സ്ഥാപിതമായ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ സ്വയംഭരണാവകാശമുള്ളതും മറ്റുള്ളതുമായ സ്ഥാപനങ്ങൾ/അതോറിറ്റികൾ വ്യക്തിഗത സ്വീകർത്താക്കൾ (സർക്കാർ ജീവനക്കാർ ഉൾപ്പെടെ) എന്നിവർക്ക് സംസ്ഥാന സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും സൂക്ഷ്മവിവരണം നൽകുന്നു. ഈ സ്റ്റേറ്റ്മെന്റ്, വാല്യം II ലെ വിശദമായ സ്റ്റേറ്റ്മെന്റ് 18 ന്റെ സംക്ഷിപ്തരൂപമാണ്.

**8. സർക്കാരിന്റെ നൽകിയ മൂലധന നിക്ഷേപങ്ങളുടെ സ്റ്റേറ്റ്മെന്റ്**: ഈ സ്റ്റേറ്റ്മെന്റിൽ, നിയമാനുസൃതം സ്ഥാപിതമായ കോർപ്പറേഷനുകളുടെയും സർക്കാർ കമ്പനികളുടേയും മറ്റ് കൂട്ടുടമ കമ്പനികളുടേയും സഹകരണ സ്ഥാപനങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടേയും ഓഹരി മൂലധനത്തിലുള്ള സംസ്ഥാനസർക്കാർ നിക്ഷേപത്തിന്റെ വിവരണം അടങ്ങിയിരിക്കുന്നു. ഈ സ്റ്റേറ്റ്മെന്റ് വാല്യം II ലെ വിശദമായ സ്റ്റേറ്റ്മെന്റ് 19-ന്റെ സംക്ഷിപ്തരൂപമാണ്.

**9. സർക്കാർ നൽകിയ ഗ്യാരണ്ടികളുടെ സ്റ്റേറ്റ്മെന്റ്**: ഈ സ്റ്റേറ്റ്മെന്റ് നിയമാനുസൃതം സ്ഥാപിതമായ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, തദ്ദേശസ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും എടുത്ത മുതലിന്റേയും പലിശയുടേയും തിരിച്ചടവിന്മേൽ സംസ്ഥാന സർക്കാർ നൽകിയ ഗ്യാരണ്ടികളുടെ സംക്ഷിപ്തം അടങ്ങിയതാണ്. ഈ വിവരണം വാല്യം II ലെ വിശദമായ സ്റ്റേറ്റ്മെന്റ് 20 ന്റെ സംക്ഷിപ്തരൂപമാണ്.

**10. സർക്കാർ നൽകിയ ഗ്രാന്റ്സ്-ഇൻ-എയ്ഡുകളുടെ സ്റ്റേറ്റ്മെന്റ്**: ഈ സ്റ്റേറ്റ്മെന്റിൽ, നിയമാനുസൃതം സ്ഥാപിതമായ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, സ്വയം ഭരണാവകാശം ഉള്ളതും മറ്റുള്ളതുമായ സ്ഥാപനങ്ങൾ, അതോറിറ്റികൾ, വ്യക്തികൾ തുടങ്ങിയ വിവിധ വിഭാഗത്തിലുള്ള ഗ്രാന്റ് സ്വീകർത്താക്കൾക്ക് സംസ്ഥാന സർക്കാർ നൽകിയ ധനസഹായങ്ങളുടെ വിവരണം അടങ്ങിയിരിക്കുന്നു. അനുബന്ധം III ഗുണഭോക്താക്കളായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുന്നു.

**11. വോട്ട് ചെയ്തതും ചാർജ് ചെയ്തതുമായ ചെലവുകളുടെ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ് സാമ്പത്തിക കണക്കുകളിൽ കാണുന്ന തനി സംഖ്യകൾ ധനവിനിയോഗ കണക്കുകളിൽ കാണുന്ന മൊത്തം സംഖ്യകളുമായി പൊരുത്തപ്പെടുന്നതിന് സഹായിക്കുന്നു.

**12. റവന്യൂകണക്കുകളിൽ അല്ലാതെയുള്ള ചെലവുകളുടെ ഫണ്ട് സ്രോതസ്സുകളുടേയും നടത്തിപ്പിന്റേയും സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, റവന്യൂ ചെലവുകൾ റവന്യൂ വരവുകളിൽ നിന്നും വഹിക്കേണ്ടതാണെന്നും, അതേ സമയം തന്നാണ്ടത്തെ മൂലധന ചെലവ്, റവന്യൂ മിച്ചത്തിൽ നിന്നും പൊതുകണക്കിലെ അറ്റ നിക്ഷേപബാക്കികളിൽനിന്നും വർഷാരംഭത്തിലെ പണബാക്കിയിൽനിന്നും കടമെടുക്കലുകളിൽനിന്നും വഹിക്കേണ്ടതാണെന്നുമുള്ള തത്വത്തിൽ അടിസ്ഥാനപ്പെടുത്തിയതാണ്.

**13. സഞ്ചിതനിധിയിലേയും ആകസ്മികനിധിയിലേയും, പൊതുകണക്കിലേയും നീക്കിയിരുപ്പിന്റെ സംഗ്രഹം:** കണക്കുകളുടെ കൃത്യത തെളിയിക്കുന്നതിന് ഈ സ്റ്റേറ്റ്മെന്റ് സഹായിക്കുന്നു. ഈ സ്റ്റേറ്റ്മെന്റ് വാല്യം II ലെ 14,15,16,17,18,21 എന്നിവയിലെ വിശദമായ സ്റ്റേറ്റ്മെന്റുകൾക്ക് സമാനമായതാണ്.

**സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകളും പ്രധാനപ്പെട്ട അക്കൗണ്ടിംഗ് പോളിസികളും.**

സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകൾ, സാമ്പത്തിക കണക്കുകളുടെ ഉപയോക്താക്കൾക്കും/ തത്പരകക്ഷികൾക്കും സഹായകമാകാവുന്ന ഇടപാടുകൾ, ഇടപാടുകളുടെ വർഗ്ഗങ്ങൾ, നീക്കിയിരുപ്പുകൾ മുതലായവയ്ക്ക്, ഉചിതമായ അധിക വിവരങ്ങൾ/വിശദീകരണങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള വെളിപ്പെടുത്തലുകളും വിശദീകരണകുറിപ്പുകളും ലഭ്യമാക്കുന്നു.

ബഡ്ജറ്റിന്റെയും സാമ്പത്തിക റിപ്പോർട്ടിംഗിന്റെയും മുഖ്യ പ്രമാണം, ഭാരത സർക്കാർ അക്കൗണ്ടിംഗ് നിലവാരത്തിന്റെ (ഐ.ജി.എ.എസ്.-കൾ) ആവശ്യകതകൾ, അക്കൗണ്ടുകളുടെ ഘടന, മൂലധന ചെലവുകളും റവന്യു ചെലവും തമ്മിലുള്ള വർഗ്ഗീകരണം, പൂർണ്ണ സംഖ്യയാക്കൽ കാലാകാലങ്ങളിലുള്ള ക്രമപ്പെടുത്തലുകൾ മുതലയാവ അടങ്ങുന്ന പ്രധാനപ്പെട്ട അക്കൗണ്ടിംഗ് പോളിസികൾ, സാമ്പത്തിക കണക്കുകളുടെ ഒന്നാം വാല്യത്തിലുള്ള സാമ്പത്തിക കണക്കുകണക്കുകൾക്കുള്ള കുറിപ്പുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു.

**സാമ്പത്തിക കണക്കിന്റെ വാല്യം II ൽ, രണ്ട് ഭാഗങ്ങൾ ഭാഗം I-ൽ ഒൻപത് വിശദമായ സ്റ്റേറ്റ്മെന്റുകളും ഭാഗം II ൽ, 12 അനുബന്ധങ്ങളും അടങ്ങിയിരിക്കുന്നു.**

**വാല്യം II ഭാഗം 1**

**14. റവന്യൂ മൂലധനവരവുകളുടെ മൈനർ ഹെഡ്ഡ് തലത്തിലുള്ള വിശദമായ സ്റ്റേറ്റ്മെന്റ്:** ഈ വിവരണം സാമ്പത്തിക കണക്കിന്റെ 1-ാം വാല്യത്തിലെ 3-ാം സംക്ഷിപ്ത സ്റ്റേറ്റ്മെന്റിനു സമാനമാണ്. മൈനർ ഹെഡ്ഡ് തലത്തിലുള്ള റവന്യു വരവുകളുടെ വിശദ വിവരങ്ങളെ പ്രതിനിധീകരിക്കുന്നത് കൂടാതെ, ഈ സ്റ്റേറ്റ്മെന്റ്, കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡിനെ സംബന്ധിക്കുന്ന സബ് ഹെഡ്ഡ് തലത്തിലുള്ള വിശദ വിവരങ്ങളും കാണിക്കുന്നു.

**15. റവന്യൂചെലവുകളുടെ മൈനർ ഹെഡ്ഡ് തലത്തിലുള്ള വിശദമായ സ്റ്റേറ്റ്മെന്റ്:** I-ാം വാല്യത്തിലുള്ള സംഗ്രഹ സ്റ്റേറ്റ്മെന്റ് 4-മായി സാമ്യമുള്ള ഈ സ്റ്റേറ്റ്മെന്റ്, സംസ്ഥാന സർക്കാരിന്റെ റവന്യു ചെലവുകളെ ചിത്രീകരിക്കുന്നു. ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ ചെലവുകൾ പ്രത്യേകമായി കാണിച്ചിട്ടുണ്ട്.

**16. മൂലധനചെലവുകളുടെ മൈനർ ഹെഡ്സ്, സബ് ഹെഡ്സ് തലത്തിലുള്ള വിശദമായ സ്റ്റേറ്റ്മെന്റ്:** വാല്യം I ലെ 5-ാം സംക്ഷിപ്ത സ്റ്റേറ്റ്മെന്റിനു സമാനമായ ഈ സ്റ്റേറ്റ്മെന്റിൽ, സംസ്ഥാന സർക്കാരിന്റെ മൂലധന ചെലവുകളുടെ (നടപ്പു വർഷത്തിലോ സഞ്ചിതമായോ) സൂക്ഷ്മവിവരണം അടങ്ങിയിട്ടുണ്ട്. ചാർജ് ചെയ്തതും വോട്ട് ചെയ്തതുമായ ചെലവുകൾ സ്പഷ്ടമായി കാണിച്ചിട്ടുണ്ട്. മൈനർ ഹെഡ് തലത്തിലുള്ള മൂലധന ചെലവുകളെ പ്രതിനിധാനം ചെയ്യുന്നതിനു പുറമേ, പ്രധാനപ്പെട്ട പദ്ധതികളുമായി ബന്ധപ്പെട്ട്, ഈ വിവരണം സബ്ഹെഡ് തലത്തിലുള്ള വിശദാംശങ്ങളും സൂക്ഷ്മമായി വിവരിക്കുന്നു.

**17. കടമെടുപ്പുകളുടേയും മറ്റ് ബാധ്യതകളുടേയും വിശദമായ സ്റ്റേറ്റ്മെന്റ്:** വാല്യം I ലെ 6-ാം സംക്ഷിപ്ത സ്റ്റേറ്റ്മെന്റിന് സമാനമായ ഈ സ്റ്റേറ്റ്മെന്റ്, സംസ്ഥാന ഗവൺമെന്റ് വാങ്ങിയിട്ടുള്ള എല്ലാ വായ്പകളുടേയും (വിപണി വായ്പകൾ, കടപ്പത്രങ്ങൾ, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ, സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, ദേശീയ ലഘു സമ്പാദ്യ ഫണ്ടിൽ നൽകിയിട്ടുള്ള നിക്ഷേപസർട്ടിഫിക്കറ്റുകൾ മുതലായവ), ഭാരതീയ റിസർവ്വ് ബാങ്ക് അനുവദിച്ചിട്ടുള്ള വെയ്സ് ആന്റ് മീൻസ് മുൻകൂറുകളുടെയും വിശദാംശങ്ങൾ അടങ്ങുന്നതാണ്. ഈ വിവരണം, മൂന്ന് വിഭാഗങ്ങളിലെ വായ്പകളുടെ വിവരങ്ങൾ അവതരിപ്പിക്കുന്നു: (എ) വ്യക്തിഗത വായ്പകൾ (ബി) കാലാവധി പൂർത്തിയാക്കൽ രൂപരേഖ, അതായത്; വ്യത്യസ്ത വർഷങ്ങളിലെ ഓരോ വിഭാഗത്തിലുള്ള വായ്പകളുമായി ബന്ധപ്പെട്ട് നൽകാനുള്ള തുകകളും (സി) വീട്ടാനുള്ള വായ്പകളുടെ പലിശനിരക്കിന്റെ രൂപരേഖയും വിപണി വായ്പകൾ വിവരിക്കുന്ന അനുബന്ധവും.

**18. സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും വിശദമായ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ് വാല്യം I ലെ 7-ാം സംക്ഷിപ്ത സ്റ്റേറ്റ്മെന്റിന് സമാനമാണ്.

**19. സർക്കാർ നിക്ഷേപങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, സ്ഥാപനം അടിസ്ഥാനത്തിലുള്ള നിക്ഷേപങ്ങളുടെ വിശദാംശങ്ങളും, 16-ഉം 19-ഉം സ്റ്റേറ്റ്മെന്റുകളിലുള്ള വിവരങ്ങൾ തമ്മിൽ ഏതെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ, മേജറും മൈനറുമായ ഹെഡ്ഡുകളുടെ അടിസ്ഥാനത്തിലും ഉള്ള വിശദാംശങ്ങളുടെ സൂക്ഷ്മ വിവരണങ്ങളും നൽകുന്നു. ഈ സ്റ്റേറ്റ്മെന്റ് വാല്യം I ലെ 8-ാം സ്റ്റേറ്റ്മെന്റിന് സമാനമാണ്.

**20. സർക്കാർ നൽകിയ ഗ്യാരണ്ടികളുടെ വിശദമായ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, സ്ഥാപനം അടിസ്ഥാനമാക്കിയുള്ള സർക്കാർ ഗ്യാരണ്ടികളുടെ വിശദാംശങ്ങളുടെ സൂക്ഷ്മവിവരണം നൽകുന്നു. ഈ സ്റ്റേറ്റ്മെന്റ് വാല്യം I ലെ 9-ാം സ്റ്റേറ്റ്മെന്റിന് സമാനമാണ്.

**21. ആകസ്മികനിധിയിലേയും പൊതുകണക്കിലേയും ഇടപാടുകളുടെ വിശദമായ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, ആകസ്മിക നിധിയിൻ കീഴിലെ തിരിച്ചുപിടിക്കാത്ത തുകകളുടെ മൈനർ ഹെഡ്സ് തലത്തിലെ വിശദാംശങ്ങളുടേയും തന്നാണ്ടത്തെ പൊതുകണക്കിടപാടുകളുടെ ഏകീകൃത സ്ഥിതിയുടെയും വർഷാവസാനം പൊതുകണക്കിലെ നീക്കിയിരുപ്പിന്റെയും വിവരണം നൽകുന്നു.

**22. മാറ്റിവയ്ക്കപ്പെട്ട ഫണ്ടുകളിൽ നിന്നുള്ള നിക്ഷേപങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ്:** ഈ സ്റ്റേറ്റ്മെന്റ്, കരുതൽ ധനത്തിൽ നിന്നും നിക്ഷേപങ്ങളിൽ (പൊതുകണക്ക്) നിന്നുമുള്ള നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ നൽകുന്നു.

**വാല്യം I ഭാഗം II**

ഭാഗം **II** ൽ, ശമ്പളങ്ങൾ, സബ്സിഡികൾ, ഗ്രാന്റ്സ്-ഇൻ-എയിഡ്, ബാഹ്യസഹായമുള്ള പദ്ധതികൾ, പ്രധാനപ്പെട്ട കേന്ദ്ര പദ്ധതികളുടേയും സംസ്ഥാന പ്ലാൻ പദ്ധതികളുടേയും പദ്ധതി അടിസ്ഥാനത്തിലുള്ള ചെലവുകൾ മുതലായ വിവിധ ഇനങ്ങളിന്മേലുള്ള പന്ത്രണ്ട് അനുബന്ധങ്ങൾ അടങ്ങിയിരിക്കുന്നു. ഈ വിശദാംശങ്ങൾ, കണക്കുകളിൽ സബ്ഹെഡ്സ് തലത്തിലോ, അതിനു താഴേയോ (അതായത് മൈനർ ഹെഡ്സ് തലത്തിനു താഴെ), അവതരിപ്പിച്ചിട്ടുള്ളതും, അതിനാൽ സാധാരണയായി സാമ്പത്തിക കണക്കുകളിൽ സൂക്ഷ്മമായി വിവരിച്ചിട്ടില്ലാത്തതും ആണ്. വാല്യം I ലേയും II ലേയും ഉള്ളടക്കപട്ടികയിൽ അനുബന്ധങ്ങളുടെ ഒരു വിശദമായ പട്ടിക കാണിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധങ്ങളുമായി കൂട്ടിവായിക്കുന്നപക്ഷം സംസ്ഥാനസർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു പൂർണ്ണരൂപം ലഭിക്കുന്നതാണ്.

**സി.റെഡി റെക്കണർ**

താഴെയുള്ള ഭാഗം, വാല്യം I ൽ കാണുന്ന സംക്ഷിപ്ത സ്റ്റേറ്റുമെന്റുകളെ വാല്യം II ലെ വിശദമായ സ്റ്റേറ്റുമെന്റുകളേയും അനുബന്ധങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്നു. (സംക്ഷിപ്ത സ്റ്റേറ്റുമെന്റുകളുമായി നേരിട്ട് ബന്ധമില്ലാത്ത അനുബന്ധങ്ങൾ താഴെ കാണിച്ചിട്ടില്ല.)

| *ഘടകം* | *സംക്ഷിപ്ത സ്റ്റേറ്റ്മെന്റുകൾ* (വാല്യം I) | *വിശദമായ സ്റ്റേറ്റ്മെന്റുകൾ* (വാല്യം II) | *അനുബന്ധങ്ങൾ* |
|---|---|---|---|
| റവന്യൂ വരവ് (കൈപ്പറ്റിയ ഗ്രാന്റുകൾ ഉൾപ്പെടെ) മൂലധനവരവ് | 2, 3 | 14 | |
| റവന്യൂ ചെലവ് | 2, 4 | 15 | I ശമ്പളം,<br>II സബ്സിഡി |
| സർക്കാർ നൽകിയ ഗ്രാന്റ്സ്-ഇൻ-എയ്ഡ് | 2, 10 | | III (ഗ്രാന്റ്സ്-ഇൻ-എയ്ഡ്) |
| മൂലധന ചെലവ് | 1, 2, 4, 5, 12 | 16 | I (ശമ്പളം) |
| സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും | 1, 2, 7 | 18 | |
| കടത്തിന്റെ സ്ഥിതി/കടമെടുക്കൽ | 1, 2, 6 | 17 | |
| കമ്പനികൾ, കോർപ്പറേഷൻ മുതലായവയിലെ സർക്കാർ നിക്ഷേപങ്ങൾ | 8 | 19 | |
| പണം | 1, 2, 12, 13 | | |
| പൊതുകണക്കിലും നിക്ഷേപത്തിലും ഉള്ളനീക്കിയിരുപ്പ് | 1, 2, 12, 13 | 21, 22 | |
| ഗ്യാരണ്ടികൾ | 9 | 20 | |
| പദ്ധതികൾ | | | IV(ബാഹ്യസഹായമുള്ള പദ്ധതികൾ)<br>V (ആസൂത്രിത പദ്ധതി ചെലവ്) |

*എൻ.ബി.* പരിഭാഷപ്പെടുത്തിയ കാര്യങ്ങളിൽ സംശയം ഉളവായാൽ ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി കരുതേണ്ടതാണ്.

# 1. സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റ്

| ആസ്തികൾ[1] | | പരാമർശം (ക്രമ. നം) | 2024 മാർച്ച് 31 ന് ഉള്ളതു പോലെ | 2023 മാർച്ച് 31 ന് ഉള്ളതു പോലെ |
|---|---|---|---|---|
| | സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകൾ | സ്റ്റേറ്റ്മെന്റ് | *(₹ കോടിയിൽ)* | |
| **തുക** | | | | |
| (i) ട്രഷറിയിലുള്ള പണവും പ്രാദേശിക പണം ഒടുക്കലുകളും | | 21 | 36.68 | 36.53 |
| (ii)വകുപ്പുതല നീക്കിയിരുപ്പുകൾ | | 21 | (-)7.63 | (-)7.63 |
| (iii)സ്ഥിരം മുൻകൂറുകൾ | | 21 | 1.18 | 1.15 |
| (iv)പണം നീക്കിയിരുപ്പ് നിക്ഷേപങ്ങൾ | | 21 | 4,051.26 | 7,092.74 |
| (v)ഭാരതീയ റിസർവ് ബാങ്കിലെ നിക്ഷേപങ്ങൾ | ഖണ്ഡിക 5(viii) | 21 | 238.68 | 146.16 |
| (vi)മാറ്റിവയ്ക്കപ്പെട്ട ഫണ്ടുകളുടെ നിക്ഷേപങ്ങൾ | | 22 | 3,047.21 | 2,722.73 |
| **മൂലധന ചെലവ്** | | | | |
| (i) കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഓഹരിയിലുള്ള നിക്ഷേപങ്ങൾ മുതലായവ | | 5 & 19 | 11,759.92 (എ) | 11,453.32 (ബി) |
| (ii)മറ്റ് മൂലധന ചെലവുകൾ | | 16 | 1,23,561.77 | 1,10,331.43 (സി) |
| **ആകസ്മിക നിധി (വീണ്ടെടുക്കാത്തത്)** | ഖണ്ഡിക 4 | 21 | | |
| **വായ്പകളും മുൻകൂറുകളും** | ഖണ്ഡിക 3 (xiii) | 7 & 18 | 26,937.94 | 24,357.02 (ഡി) |
| **വകുപ്പ് ഉദ്യോഗസ്ഥന്മാർ വശം ഉള്ള മുൻകൂറുകൾ** | | 21 | 59.43 | 59.64 |
| **പണം ഒടുക്കലുകളുടെ നീക്കിയിരുപ്പുകൾ** | | 21 | | 1,125.12 |
| **വരവുകൾക്കുപരിയായി വർദ്ധിക്കുന്ന ചെലവ് അധികരിച്ചതിന്റെ ആകെ തുക**[2] | | | 2,48,907.81 (ഇ) | 2,30,764.15 (എഫ്) |
| **മൊത്തം** | | | 4,18,594.25 | 3,88,082.36 |

1. ആസ്തികളുടേയും ബാധ്യതകളുടേയും തുകകൾ വർദ്ധിച്ചുവരുന്ന ആകെ തുകകളാണ്. 'കണക്കുകളുടെ കുറിപ്പുകൾ' എന്ന വിഭാഗത്തിൽ 1 (V) കൂടി ദയവായി കാണുക.

2. സംസ്ഥാന ധനകാര്യ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പ്രത്യേകം കാണിച്ചിട്ടുള്ളതും, വരവുകൾക്കുപരിയായി ചെലവ് അധികരിച്ചതിന്റെ ആകെ തുക, റവന്യൂ കമ്മി/ധനകമ്മി അല്ലാത്തതും വ്യത്യസ്ഥമായതും അതിൽ മുൻവർഷത്തെ മൂലധനത്തിന്റെ വിരമിക്കലും/ വിറ്റഴിക്കലും മൂലം ക്രമീകരിച്ചതുമായ തുകയും ഉൾപ്പെടുന്നു.

(എ) (i) ₹ 838.95 കോടി ഉൾപ്പെടുന്നു. (വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് 19-ൽ അടിക്കുറിപ്പ് (&) ആയി കാണിച്ചിട്ടുള്ള പ്രകാരമാണ്.)

(ii) കാലാവധി കഴിഞ്ഞ ഓഹരി മൂലധനം, മൂലധന വരവിലേക്ക് മാറ്റിയത് കാരണം ₹ 47.51 കോടിയുടെ പ്രഫോർമ കുറവ് വന്നു.

(ബി) (i) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ വായ്പകൾ ഓഹരിയായി പുനർവർഗ്ഗീകരണം നടത്തിയത് (₹ 34.51 കോടി) കാരണവും കേരള സംസ്ഥാന ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വായ്പകൾ ഓഹരിയായി പുനർവർഗ്ഗീകരണം നടത്തിയതും (₹ 72.00 കോടി) നടത്തിയതുകാരണം പ്രഫോർമ വർദ്ധനവ് വന്നു.

(സി) റവന്യൂ ചെലവുകൾ മൂലധനച്ചെലവുകളിലേക്ക് പുനർവർഗ്ഗീകരണം നടത്തിയതും (₹ 7.70 കോടി) നടത്തിയതുകാരണം പ്രഫോർമ വർദ്ധനവ് വന്നു.

(ഡി) (i) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ വായ്പകൾ ഓഹരിയായി പുനർവർഗ്ഗീകരണം നടത്തിയത് (₹ 34.51 കോടി) കാരണവും കേരള സംസ്ഥാന ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വായ്പ്പകൾ ഓഹരിയായി പുനർവർഗ്ഗീകരണം നടത്തിയതും (₹ 72.00 കോടി) നടത്തിയതുകാരണം പ്രഫോർമ കുറവ് വന്നു.

(ii) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ വായ്പകൾ ഗ്രാന്റായി പുനർവർഗ്ഗീകരണം (₹ 5.00 കോടി) നടത്തിയതുകാരണം പ്രഫോർമ കുറവ് വന്നു.

(ഇ) സ്റ്റേറ്റ്മെന്റ് നം. 12 ൽ നിന്നും ₹442.33 കോടിയുടെ വ്യത്യാസമുണ്ട്, ആയത് പൊരുത്തപ്പെടുത്തലിലാണ്.

(എഫ്) ഈ സ്റ്റേറ്റ്മെന്റിന്റെ അടിക്കുറിപ്പ് (ബി), (സി), (ഡി) പ്രകാരം (₹ 2.70 കോടി) പ്രഫോർമ വർദ്ധനവ് വന്നു.

## 1. സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റ്- *അവസാനിച്ചു*

| ആസ്തികൾ[1] | | പരാമർശം (ക്രമ. നം) | 2024 മാർച്ച് 31 ന് ഉള്ളതു പോലെ | 2023 മാർച്ച് 31 ന് ഉള്ളതു പോലെ |
|---|---|---|---|---|
| | സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകൾ | സ്റ്റേറ്റ്മെന്റ് | *(₹ കോടിയിൽ)* | |
| **കടമെടുക്കൽ (പൊതു കടം)** | | | | |
| (i) ആഭ്യന്തര കടം | | 6,17 | 2,57,157.92 | 2,27,137.07 |
| (ii) കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | | | | |
| പ്ലാനിൽപ്പെടാത്ത വായ്പകൾ | | 6, 17 | 5.32 | 7.07 |
| സംസ്ഥാന ആസൂത്രണ പദ്ധതികൾക്കുള്ള വായ്പകൾ | | 6, 17 | 4,341.31 | 5,186.23 |
| കേന്ദ്ര ആസൂത്രണ പദ്ധതികൾക്കുള്ള വായ്പകൾ | | 6,17 | (*) | (*) |
| കേന്ദ്രാവിഷ്കൃത ആസൂത്രണ പദ്ധതികൾക്കുള്ള വായ്പകൾ | | 6,17 | | |
| മറ്റു വായ്പകൾ | | 6,17 | 20,990.75 | 20,175.91 |
| **ആകസ്മിക നിധി (മുതൽ)** | | 21 | 100.00 | 100.00 |
| **പൊതുകണക്കിലുള്ള ബാദ്ധ്യതകൾ** | | | | |
| (i) ലഘുനിക്ഷേപങ്ങൾ, പ്രോവിഡന്റ് ഫണ്ട് മുതലായവ | | 6, 21 | 1,23,944.24 | 1,24,190.92 |
| (ii) നിക്ഷേപങ്ങൾ | | 6, 21 | 7,672.17 | 7,603.72 |
| (iii) കരുതൽ ധനങ്ങൾ | ഖണ്ഡിക 5(ii) | 6, 21 | 4,156.65 | 3,452.19 |
| (iv) പണം ഒടുക്കലുകളുടെ നീക്കിയിരുപ്പ് | | 21 | **81.91** | |
| (v) സസ്പെൻസും പലവക നീക്കയിരുപ്പുകളും[3] | ഖണ്ഡിക 5(iv) | 21 | 143.98 | 229.25 |
| ചെലവിനുപരിയായുള്ള വരവുകളുടെ സഞ്ചിത അധികം | | | | |
| മൊത്തം | | | 4,18,594.25 | 3,88,082.36 |

ഈ സ്റ്റേറ്റ്മെന്റിൽ ലൈൻ ഐറ്റം 'സസ്പെൻസും പലവക നീക്കിയിരുപ്പുകളിൽ', 'നിക്ഷേപ കണക്കിലെ നീക്കിയിരുപ്പും', 'വകുപ്പുതല നീക്കയിരുപ്പുകളും', 'സ്ഥിരമായ കരുതൽ പണവും' ഉൾപ്പെട്ടിട്ടില്ലാത്തതും അവ ഈ വിഭാഗത്തിന്റെ ഭാഗമായി ഈ കണക്കുകളിൽ ഉണ്ടെങ്കിലും മുകളിൽ പ്രത്യേകം ഉൾപ്പെടുത്തിയിരിക്കുന്നു.

(*) തുക നിസ്സാരം.

## 2. വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്

| വരവ് | 2023-24 | 2022-23 | ചെലവ് | 2023-24 | 2022-23 |
|---|---|---|---|---|---|
| | | (₹ കോടിയിൽ) | | | |
| | | ഭാഗം-I സഞ്ചിത നിധി | | | |
| | | വിഭാഗം എ: റവന്യു | | | |
| **റവന്യു വരവുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | 1,24,486.15 | 1,32,724.65 | **റവന്യു ചെലവുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 4എ 4ബി & 15* | 1,42,626.34 | 1,41,950.94 |
| **നികുതി വരുമാനങ്ങൾ (സംസ്ഥാനത്തിന്റെ തനത്)** *(സൂചന: സ്റ്റേറ്റ്മെന്റ് 3 & 14)* | 74,329.01 | 71,968.16 | ശമ്പളങ്ങൾ (എ) *(സൂചന: സ്റ്റേറ്റ്മെന്റ് 4ബി,15&അനുബന്ധം-I)* | 38,541.18 | 37,902.84 |
| **നികുതിയേതര വരുമാനങ്ങൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | | | സബ്സിഡികൾ (എ) *(സൂചന: സ്റ്റേറ്റ്മെന്റ് 4ബി, 15 & അനുബന്ധം-II)* | 1,723.83 | 1,847.04 |
| | | | സഹായധനം (എ) (ബി) *(സൂചന: സ്റ്റേറ്റ്മെന്റ 4ബി, 15 & അനുബന്ധം -III)* | 4,767.83 | 6,281.18 |
| പലിശ വരവിനങ്ങൾ *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | 175.35 | 171.95 | പൊതുസർവ്വീസുകൾ | | |
| മറ്റുള്ളവ *(സൂചന: സ്റ്റേറ്റ്മെന്റ് 3)* | 16,170.61 | 14,946.00 | കടങ്ങളുടെ പലിശ നൽകലും സേവനവും *(സൂചന: സ്റ്റേറ്റ്മെന്റ് 4എ, 4ബി &15)* | 27,106.22 | 25,176.36 |
| മൊത്തം *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | 16,345.96(സി) | 15,117.95 | പെൻഷൻ *(സൂചന: സ്റ്റേറ്റ്മെന്റ് 4എ, 4ബി &15)* | 25,644.24 | 26,090.04 |
| **കേന്ദ്ര നികുതി/തീരുവകളുടെ ഓഹരി** *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | 21,742.92 | 18,260.68 | മറ്റുള്ളവ | 16,250.60 | 9,771.14 |
| | | | മൊത്തം | 69,001.06 | 61,037.54 |
| | | | **സാമൂഹ്യ സർവ്വീസുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 4എ &15)* | 15,785.37 | 21,368.68 |
| **കേന്ദ്ര ഗവൺമെന്റ് ധനസഹായങ്ങൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | 12,068.26 | 27,377.86 | **സാമ്പത്തിക സർവ്വീസുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 4എ)* | 3,786.00 | 3,951.14 |
| **റവന്യു കമ്മി** | (-)18,140.19 | (-)9,226.28 | **തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും** *(സൂചന: സ്റ്റേറ്റ്മെന്റ് 4എ &15)* | 9,021.07 | 9,562.52 |

(എ) ഒരു ഏകീകൃത തുക അവതരിപ്പിക്കുന്നതിനായി എല്ലാ വിഭാഗങ്ങളിലും ശമ്പളം, സബ്സിഡി, ഗ്രാന്റ് സ്-ഇൻ-എയ്ഡ് തുകകൾ ഒന്നായി കാണിച്ചിരിക്കുന്നു. ഈ സ്റ്റേറ്റ്മെന്റിൽ 'എ' വിഭാഗത്തിലുള്ള 'പൊതു', 'സാമൂഹ്യം', 'സാമ്പത്തികം' എന്നീ മേഖലകളിലെ ചെലവുകൾ 'ശമ്പളം', 'സബ്സിഡികൾ', 'ഗ്രാന്റ് സ്-ഇൻ-എയ്ഡ്' എന്നിവയിലുള്ള ചെലവ് ഉൾപ്പെടുന്നതല്ല. (അടിക്കുറിപ്പ് (ബി)യിൽ വിശദീകരിച്ചിരിക്കുന്നു.)

(ബി) സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സർക്കാർ നൽകിയ ധനസഹായം മുകളിൽ ഒരു ലൈൻ ഐറ്റമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രാന്റുകൾ തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾക്കും ഉള്ള നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന പ്രത്യേക ലൈൻ ഐറ്റത്തിൽ ചിത്രീകരിച്ചിട്ടുള്ള നികുതികളുടെ നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്നതിൽ നിന്നും വ്യത്യസ്തമാണ്.

(സി). തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കുള്ള ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതമായി ലഭിച്ച ₹1,362.73 കോടി വരുന്ന തുക ഉൾപ്പെടുന്നു.

## 2. വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്

| വരവ് | 2023-24 | 2022-23 | ചെലവ് | 2023-24 | 2022-23 |
|---|---|---|---|---|---|
| | | (₹ കോടിയിൽ) | | | |
| | | **ഭാഗം-I സഞ്ചിത നിധി** | | | |
| | | **വിഭാഗം ബി: മൂലധനം** | | | |
| **മൂലധന വരവുകൾ** | 47.51 | 49.94 | **മൂലധന ചെലവുകൾ** | 13,584.45 | 13,996.56 |
| *(സൂചന: സ്റ്റേറ്റ്മെന്റ് 3 &14)* | | | *(സൂചന: സ്റ്റേറ്റ്മെന്റ്* | | |
| | | | *4എ,4ബി &16)* | | |
| | | | **പൊതു സർവ്വീസുകൾ** | 247.26 | 306.89 |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ &16)* | | |
| | | | **സാമൂഹ്യ സർവ്വീസുകൾ** | 2,945.57 | 3,030.08 |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ &16)* | | |
| **വായ്പകളും** | | | **സാമ്പത്തിക സർവ്വീസുകൾ** | 10,391.62(സി) | 10,659.59 |
| **മുൻകൂറുകളും** | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ &16)* | | |
| **തിരിച്ചുപിടിച്ചത്** | 714.80 | 409.29 | **വായ്പകളും മുൻകൂറുകളും** | | |
| *(സൂചന: സ്റ്റേറ്റ്മെന്റ് 3,7 & 18)* | | | **വിതരണം ചെയ്തത്** | 3,295.72 | 2,790.93 |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ 7 &18)* | | |
| | | | **പൊതു സർവ്വീസുകൾ** | | |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ &18)* | | |
| | | | **സാമൂഹ്യ സേവനങ്ങൾ** | 13.10 | 39.04 |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ 7 &18)* | | |
| | | | **സാമ്പത്തിക സർവ്വീസുകൾ** | 2,625.59 | 2,098.69 |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ 7 &18)* | | |
| | | | **മറ്റുള്ളവ** | 657.03 | 653.21 |
| **പൊതുകടം വരവുകൾ** | 1,04,354.86 | 54,007.17 | *(സൂചന: സ്റ്റേറ്റ്മെന്റ് 7)* | | |
| *(സൂചന: സ്റ്റേറ്റ്മെന്റ് 3,6 & 17)* | | | **പൊതു കടങ്ങൾ തിരിച്ചടവ്** | 74,365.84 | 35,980.76 |
| | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ 6 &17)* | | |
| **ആഭ്യന്തര കടങ്ങൾ** | 1,03,453.94 | 51,482.74 | **ആഭ്യന്തര കടങ്ങൾ** | 73,433.09 | 35,137.27 |
| (വിപണിവായപകൾ മുതലായവ) | | | **(വിപണിവായ്പകൾ മുതലായവ)** | | |
| *(സൂചന: സ്റ്റേറ്റ്മെന്റ് 3,6 & 17)* | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ, 6 &17)* | | |
| **ഇന്ത്യാ ഗവൺമെന്റിൽ** | | | **ഇന്ത്യാ ഗവൺമെന്റിൽ** | | |
| **നിന്നുള്ള വായ്പകൾ** | 900.92 | 2,524.43 | **നിന്നുള്ള വായ്പകൾ** | 932.75 | 843.49 |
| *(സൂചന: സ്റ്റേറ്റ്മെന്റ് 3,6 & 17)* | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4എ, 6 &17)* | | |
| **അറ്റ സംസ്ഥാനാന്തര** | | | **അറ്റ സംസ്ഥാനാന്തര** | | |
| **കണക്ക് തീർപ്പ്** | | | **കണക്ക് തീർപ്പ്** | ... | ... |
| **മൊത്തം വരവുകൾ** | | | **മൊത്തം ചെലവുകൾ** | | |
| **സഞ്ചിത നിധി** | 2,29,603.32 | 1,87,191.05 | **സഞ്ചിത നിധി** | 2,33,872.35 | 1,94,719.18 |
| *(സൂചന: സ്റ്റേറ്റ്മെന്റ് 3)* | | | *(സൂചന: സ്റ്റേറ്റ്മെന്റ് 4)* | | |
| **സഞ്ചിത നിധിയിലുള്ള കമ്മി** | 4,269.03 | 7,528.13 | | | |

(ഡി) 'ശമ്പളങ്ങൾ' ₹ 31.66 കോടി 'ഇളവുകൾ' ₹ 1.28 കോടിയും ഉൾപ്പെടുന്നു.

## 2. വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ് - *(അവസാനിച്ചു)*

| വരവ് | 2023-24 | 2022-23 | ചെലവ് | 2023-24 | 2022-23 |
|---|---|---|---|---|---|
| | | (₹ കോടിയിൽ) | | | |
| **ഭാഗം-II ആകസ്മിക നിധി** | | | | | |
| **ആകസ്മിക നിധി** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | | | **ആകസ്മിക നിധി** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | .... | .... |
| **ഭാഗം-III പൊതുകണക്ക് (ഡി)** | | | | | |
| **ലഘു സമ്പാദ്യങ്ങൾ പ്രോവിഡൻ ഫണ്ട് മുതലായവ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 1,48,966.14 | 1,53,902.43 | **ലഘു സമ്പാദ്യങ്ങൾ പ്രോവിഡൻ ഫണ്ട് മുതലായവ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 1,49,212.82 | 1,45,378.11 |
| **കരുതൽ & ഋണ മോചന ഫണ്ടുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 1,333.65 | 1,510.07 | **കരുതൽ & ഋണ മോചന ഫണ്ടുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 953.68 | 1,607.57 |
| **നിക്ഷേപങ്ങൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 6,704.06 | 7,013.22 | **നിക്ഷേപങ്ങൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 6,635.60 | 5,828.84 |
| **മുൻകൂറുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 0.44 | 1.19 | **മുൻകൂറുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 0.23 | 0.53 |
| **സസ്പെൻസും പലവകയും** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 2,23,528.26 | 2,60,383.05 | **സസ്പെൻസും പലവകയും (ഇ) (എഫ്)** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 2,20,575.55 | 2,62,338.42 |
| **പണം ഒടുക്കലുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 4,668.57 | 3,314.62 | **പണം ഒടുക്കലുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 3,461.54 | 2,966.43 |
| **ആകെ വരവ് പൊതു കണക്കുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 3,85,201.12 | 4,26,124.58 | **ആകെ ചെലവ് പൊതു കണക്കുകൾ** *(സൂചന: സ്റ്റേറ്റ്മെന്റ് 21)* | 3,80,839.42 | 4,18,119.90 |
| | | | **പൊതുകണക്കിലുള്ള അധികം** | 4,361.70 | 8,004.68 |
| **മുന്നിരിപ്പ് പണം** | 182.69 | (-)293.86 | **പണത്തിന്റെ അന്തിമ നീക്കിയിരിപ്പ്** | 275.36 | 182.69 |
| **നീക്കിയിരിപ്പ് പണത്തിലെ വർദ്ധനവ്** | 92.67 | 476.55 | **നീക്കിയിരിപ്പ് പണത്തിലെ കുറവ്** | | |

(ഡി) വിശദാംശങ്ങൾക്ക് ദയവായി വാല്യം II ലെ സ്റ്റേറ്റ്മെന്റ് 21 പരിശോധിക്കുക.

(ഇ) 'സസ്പെൻസും പലവകയിലും' പണബാക്കി നിക്ഷേപ കണക്കുകൾ (മേജർ ഹെഡ് 8673) മുതലായവ പോലുള്ള 'മറ്റുകണക്കുകളും' ഉൾപ്പെടുന്നു. പ്രസ്തുത 'മറ്റ് കണക്കുകൾ' കാരണം തുകകൾ ഭീമമാണെന്ന് തോന്നും. വിശദാംശങ്ങൾക്ക് സ്റ്റേറ്റ്മെന്റ് 21 നോക്കിയാലും.

## അനുബന്ധം

## നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപങ്ങളും

| | | 2024 മാർച്ച് 31ന് | | 2023 മാർച്ച് 31ന് |
|---|---|---|---|---|
| | | *(₹ കോടിയിൽ)* | | |
| (എ) | പൊതു നീക്കിയിരിപ്പ് പണം | | | |
| 1. | ട്രഷറികളിലെ പണം | 35.99 | | 35.99 |
| 2. | റിസർവ്വ് ബാങ്കിലെ നിക്ഷേപം | 238.68 | (എ) | 146.16 |
| 3. | മറ്റ് ബാങ്കുകളിലെ നിക്ഷേപങ്ങൾ | | (ബി) | |
| 4. | കണക്കിൽപ്പെട്ടിട്ടില്ലാത്ത ഒടുക്കലുകൾ- പ്രാദേശികം | 0.69 | (സി) | 0.54 |
| | മൊത്തം | 275.36 | | 182.69 |
| 5. | പണ നീക്കിയിരിപ്പ് നിക്ഷേപ കണക്കിൽ ഉള്ള നിക്ഷേപങ്ങൾ | 4,051.26 | | 7,092.74 |
| | മൊത്തം(എ) | 4,326.62 | | 7,275.43 |
| (ബി) | മറ്റുപണ നീക്കിയിരിപ്പുകളും നിക്ഷേപങ്ങളും | | | |
| | വകുപ്പ് ഉദ്യോഗസ്ഥരുടെ കൈവശമുള്ള പണം | | | |
| 1. | വകുപ്പ് ഉദ്യോഗസ്ഥന്മാർ കൈവശം ഉള്ള പണ നീക്കിയിരിപ്പ്, അതായത് പൊതുമരാമത്ത് വകുപ്പ് ആഫീസർമാർ വനം വകുപ്പ് | (-)7.63 | | (-)7.63 |
| 2. | ആകസ്മിക ചെലവുകൾക്ക് വേണ്ടിയുള്ള സ്ഥിരം മുൻകൂറുകൾ | 1.18 | | 1.15 |
| 3. | പ്രത്യേകം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകളുടെ നിക്ഷേപം | 3,047.21 | | 2,722.73 |
| | മൊത്തം (ബി) | 3,040.76 | | 2,716.25 |
| | മൊത്തം (എ) + (ബി) | 7,367.38 | | 9,991.68 |

(എ) (i) 'റിസർവ്വ് ബാങ്കിലുള്ള നിക്ഷേപ'ത്തിൻ കീഴിലുള്ള നീക്കിയിരിപ്പ് 2024 ഏപ്രിൽ 16- വരെ ആർ.ബി.ഐ.യ്ക്ക് ശുപാർശ ചെയ്ത 2023-24 സാമ്പത്തിക വർഷത്തിലെ, ഗവൺമെന്റുകൾ തമ്മിലുള്ള ധനകാര്യപരമായ കണക്ക് തീർപ്പുകളും ഉൾപ്പെടുത്തി ലഭ്യമാക്കിയതാണ്.

(ii) 2024 മാർച്ച് 31 ന് കണക്കുകളിൽ പ്രതിഫലിക്കുന്ന തുകകളും (ചെലവ് ഇനം ₹ 238.68 കോടി) യും ഭാരതീയ റിസർവ്വ ബാങ്ക് അറിയിച്ച തുകയും (ചെലവ് ഇനം ₹1.25 കോടി) തമ്മിൽ ₹239.93 കോടി (വരവ്)യുടെ വ്യത്യാസമുണ്ടായിരുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തലിലാണ്.

(ബി) ഭാരതീയ സ്റ്റേറ്റ് ബാങ്കിലുള്ള പണത്തിനെ പ്രതിനിധാനം ചെയ്യുന്നു. (തുക നിസാരം)

(സി) 'കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത' ഒടുക്കലുകൾ - പ്രാദേശികം' എന്ന ഹെഡിലുള്ള ഇടപാടുകൾ 2024 മാർച്ച് 31 ന് ട്രഷറികളും ബാങ്കുകളും തമ്മിലുള്ള ക്രമീകരിക്കാതെ ശേഷിക്കുന്ന പണം ഒടുക്കലുകളെ പ്രതിനിധീകരിക്കുന്നു.

## അനുബന്ധം

## നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപങ്ങളും - *തുടർച്ച*

## വിശദീകരണക്കുറിപ്പുകൾ

### (എ) പണവും പണത്തിനു തുല്യമായവയും

പണവും പണത്തിന് തുല്യമായവയും മുകളിൽ പറഞ്ഞതുപോലെ ട്രഷറിയിലുള്ള പണവും, ഭാരതീയ റിസർവ്വ് ബാങ്കിലും മറ്റു ബാങ്കുകളിലുമുള്ള നിക്ഷേപവും, കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത പണം ഒടുക്കലുകളും ചേർന്നതാണ്. 'റിസർവ്വ് ബാങ്കിലെ നിക്ഷേപങ്ങൾ' എന്ന ഹെഡിൽ ഉള്ള നീക്കിയിരിപ്പ്, വർഷാവസാനം സഞ്ചിത നിധിയിലും ആകസ്മിക നിധിയിലും, പൊതു കണക്കിലും ഉള്ള ആകെ നീക്കിയിരിപ്പിനെ പ്രതിനിധീകരിക്കുന്നു. മൊത്തത്തിലുള്ള പണസ്ഥിതി കണ്ടെത്തുന്നതിന് ട്രഷറികളിലും വകുപ്പുകളിലും ഉള്ള നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിന്റെ നിക്ഷേപം/കരുതൽ ഫണ്ടുകൾ മുതലായവയും 'ഭാരതീയ റിസർവ്വ് ബാങ്കിലെ നിക്ഷേപങ്ങൾ' -ലെ നീക്കിയിരിപ്പുകളോട് കൂട്ടുന്നു.

### (ബി) പ്രതിദിന നീക്കിയിരിപ്പ് പണം.

ഭാരതീയ റിസർവ്വ് ബാങ്കുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് ബാങ്കിൽ കുറഞ്ഞത് ₹ 1.66 കോടിയുടെ കുറഞ്ഞ നീക്കിയിരിപ്പ് പണമെങ്കിലും നിലനിർത്തേണ്ടതുണ്ട്. ഓരോ പ്രവൃത്തി ദിവസത്തിന്റെയും അവസാനം ബാങ്കിലുള്ള പ്രതിദിന നീക്കിയിരിപ്പ്, ബാങ്ക് സർക്കാരിനെ അറിയിക്കുന്നു. ഏതെങ്കിലും ദിവസം, നീക്കിയിരിപ്പ് കരാർ പ്രകാരമുള്ള നീക്കിയിരിപ്പിൽ നിന്ന് കുറവ് വന്നാൽ സമയാസമയങ്ങളിൽ സ്പെഷ്യലും സാധാരണവുമായ വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ/ ഓവർ ഡ്രാഫ്റ്റുകൾ എടുത്ത് നികത്തുന്നു.

വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ/ ഓവർഡ്രാഫ്റ്റ് ഗ്രാന്റുകളുടെ ആവശ്യത്തിനായി പ്രതിദിന നീക്കിയിരിപ്പ് പണം(1) കണക്കാക്കുന്നതിന് ആർ.ബി.ഐ. ആ ദിവസത്തെ റിപ്പോർട്ട് ചെയ്ത ഇടപാടുകളോടൊപ്പം (ആർ.ബി.ഐ. കൗണ്ടറുകളിലും, സർക്കാർ തമ്മിലുള്ള ഇടപാടുകളും, ഏജൻസി ബാങ്കുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ട്രഷറി ഇടപാടുകളും) 14 ദിവസ കാലാവധി പൂർത്തിയാക്കിയ ട്രഷറി ബില്ലുകളുടെ തുകയും വിലയിരുത്തുന്നു. അപ്രകാരം കണക്കാക്കിയ നീക്കിയിരിപ്പ് പണത്തിനോട് 14 ദിവസ കാലാവധി പൂർത്തിയാക്കിയ ട്രഷറി ബില്ലുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ കൂട്ടുകയും അധികം നീക്കിയിരിപ്പ് ഉണ്ടെങ്കിൽ മിനിമം നീക്കിയിരിപ്പ് നിലനിർത്തിയശേഷം ട്രഷറി ബില്ലുകളിൽ പുനർനിക്ഷേപം നടത്തുകയും ചെയ്യുന്നു. അപ്രകാരം കണക്കാക്കിയ അറ്റ നീക്കിയിരിപ്പ് പണം, മിനിമം നീക്കിയിരിപ്പ് പണത്തേക്കാൾ അല്ലെങ്കിൽ നിക്ഷേപ ബാക്കിയെക്കാൾ കുറവാണെങ്കിലും ആ ദിവസം കാലാവധി പൂർത്തിയാക്കുന്ന 14 ദിവസ ട്രഷറി ബില്ലുകൾ, ഇല്ലാതിരിക്കുകയോ ചെയ്താൽ ആർ.ബി.ഐ. 14 ദിവസ ട്രഷറി ബില്ലുകളുടെ തുകയിൽ വീണ്ടും ഇളവ് വരുത്തി കുറവ് നികത്തുന്നു. പ്രസ്തുത ദിവസം 14 ദിവസ ട്രഷറി ബില്ലുകളുടെ തുക ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ സ്പെഷ്യൽ പണമെടുക്കൽ സൗകര്യത്തിനോ (സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി/സാധാരണ വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾക്കോ/ഓവർ ഡ്രാഫ്റ്റിനോ അപേക്ഷിക്കുന്നു.

പരമാവധി സ്പെഷ്യൽ പണമെടുക്കൽ സൗകര്യവും സാധാരണ വെയ്സ് ആന്റ് മീൻസ് മുൻകൂറുകളും പ്രയോജനപ്പെടുത്തിയിട്ടും നീക്കിയിരിപ്പ് പണം വ്യവസ്ഥപ്രകാരമുള്ള മിനിമത്തിനേക്കാൾ കുറവായാൽ അപ്രകാരമുള്ള കുറവിന് ബാങ്കിന് പലിശ നൽകേണ്ടതാണ്. കേന്ദ്ര സർക്കാർ സെക്യൂരിറ്റികൾ, ട്രഷറി ബില്ലുകൾ മുതലായവയിൽ സംസ്ഥാനത്തിന്റെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ആർ.ബി.ഐ. സ്പെഷ്യൽ പണമെടുക്കൽ സൗകര്യ (എസ്.ഡി.എഫ്) ത്തിന്റെ പ്രയോഗ പരിധി കാലകാലങ്ങളിൽ പുതുക്കുന്നു. നീക്കിയിരിപ്പ് പണം പൂർണ്ണമായും തീരുകയും ചെലവ്, ലഭ്യമായ നീക്കിയിരിപ്പ് പണത്തിൽ അധികരിക്കുകയും ചെയ്താൽ ബാങ്ക് ഓവർ ഡ്രാഫ്റ്റ് നൽകുന്നു. അത് സ്വയമേവ മൈനസ് നീക്കിയിരുപ്പിനെ പരിഹരിക്കുന്നു. ഓവർഡ്രാഫ്റ്റ് നിയന്ത്രണ പദ്ധതിപ്രകാരം ഒരു സംസ്ഥാനത്തേയും തുടർച്ചയായ പതിനാല് പ്രവൃത്തി ദിവസങ്ങളിൽ കൂടുതലോ ഒരു കലണ്ടർ വർഷത്തിന്റെ ഒരു പാദത്തിൽ പതിനാല് പ്രവർത്തി

'മുകളിലുള്ള നീക്കിയിരിപ്പ് പണം' (ആർ.ബി.ഐ.ലെ നിക്ഷേപങ്ങൾ) മാർച്ച് 31 നുള്ള മുന്നിരിപ്പ് പണമാണെങ്കിലും ഏപ്രിൽ 16 നോടുകൂടി കണക്കാക്കിയിട്ടുള്ളതും മാർച്ച് 31 ലെ വെറും പ്രതിദിന നീക്കിയിരിപ്പ് അല്ലാത്തതുമാണ്.

**അനുബന്ധം**

## നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപങ്ങളും - *തുടർച്ച* വിശദീകരണക്കുറിപ്പുകൾ-തുടർച്ച

### (ബി) പ്രതിദിന നീക്കിയിരുപ്പ് പണം - *അവസാനിച്ചു.*

ദിവസത്തിൽ കൂടുതലോ ഓവർ ഡ്രാഫ്റ്റിലൂടെ മുന്നോട്ട് പോകാൻ അനുവദിക്കില്ല. ഓവർ ഡ്രാഫ്റ്റ്, സാധാരണ വെയ്സ് ആന്റ് മീൻസിന്റെ നൂറ് ശതമാനത്തിൽ കൂടാൻ പാടില്ലാത്തതും ആകുന്നു. ഒരു സാമ്പത്തിക വർഷത്തിൽ ആദ്യമായി തുടർച്ചയായ അഞ്ച് പ്രവൃത്തി ദിവസങ്ങളിൽ ഓവർ ഡ്രാഫ്റ്റ് ഈ പരിധിയിൽ അധികരിക്കുകയാണെങ്കിൽ ഓവർ ഡ്രാഫ്റ്റ് ലവൽ താഴ്ത്തി കൊണ്ടുവരുന്നതിന് ബാങ്ക് സംസ്ഥാനത്തിനോട് ഉപദേശിക്കും. രണ്ടാം തവണയോ അല്ലെങ്കിൽ പിന്നീടുള്ള ഏതെങ്കിലും സന്ദർഭങ്ങളിലോ അങ്ങനെയുള്ള ക്രമക്കേട് സ്ഥിരമായാൽ, പണം കൊടുക്കൽ നിർത്തലാക്കും.

**(സി)** 2023-24-ലെ സംസ്ഥാന സർക്കാരിനുള്ള വെയ്സ് ആന്റ് മീൻസ് മുൻകൂറുകളുടെ പ്രയോഗപരിധി ₹ 1,683 കോടിയായിരുന്നു. സ്പെഷ്യൽ പണമെടുക്കൽ സൗകര്യത്തിനുള്ള പ്രയോഗ പരിധി ചലനാത്മകവും, ഏകീകൃത ഋണമോചനഫണ്ട്/പൊതു കരുതൽ ധന വിഭാഗത്തിലും സാധാരണ വിഭാഗത്തിലുമുള്ള ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റികളിലും ഉള്ള നിക്ഷേപങ്ങളുമയി ബന്ധപ്പെട്ട് എല്ലാ ദിവസവും മാറുകയും. ചെയ്യുന്നു.

2023-24 കാലയളവിൽ ഗവൺമെന്റ്, റിസർവ്വ് ബാങ്കുമായി നിലനിർത്തിയ മിനിമം നീക്കിയിരിപ്പ് പണത്തിന്റെ തോത് താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| (i) | മുൻകൂറുകൾ ഒന്നും എടുക്കാതെ മിനിമം നീക്കിയിരിപ്പ് നിലനിർത്തിയ ദിവസങ്ങൾ | : | 174 |
| (ii) | പ്രത്യേക പണമെടുക്കൽ സൗകര്യം (സ്പെഷ്യൽ ഡ്രായിംഗ് ഫെസിലിറ്റി) എടുത്ത് മിനിമം നീക്കിയിരിപ്പ് നിലനിർത്തിയ ദിവസങ്ങൾ | : | 18 |
| (iii) | സാധാരണ വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ എടുത്ത് മിനിമം നീക്കിയിരിപ്പ് നിലനിർത്തിയ ദിവസങ്ങൾ | : | 107 |
| (iv) | മുകളിൽ പറഞ്ഞ മുൻകൂറുകൾ എടുത്തതിന് ശേഷവും എന്നാൽ ഓവർഡ്രാഫ്റ്റ് എടുക്കാതെയും മിനിമം നീക്കിയിരിപ്പിൽ കുറവ് വന്ന ദിവസങ്ങൾ | : | ഇല്ല |
| (v) | ഓവർഡ്രാഫ്റ്റ്കൾ എടുത്ത ദിവസങ്ങൾ | : | 67 |

**(ഡി)** വാർഷിക ബാങ്ക് പലിശ നിരക്ക് 2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെ 6.75% ആണ്.

ലിക്വിഡിറ്റി അഡ്ജസ്റ്റ്മെന്റ് ഫെസിലിറ്റി (എൽ.എ.എഫ്) യുടെ കീഴിൽ റിപ്പോ നിരക്കുകൾ 2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെ 6.50% ആണ്.

## അനുബന്ധം

## നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപങ്ങളും - *തുടർച്ച*

**വിശദീകരണക്കുറിപ്പുകൾ - *തുടർച്ച***

2023-24 കാലയളവിൽ മുൻകൂറുകളിലും കുറവുകളിലും ഓവർ ഡ്രാഫ്റ്റുകളിലും കൊടുക്കേണ്ടി വന്ന പലിശ താഴെ പറയുന്ന പ്രകാരമാണ്:-

| കാലയളവ് | പ്രത്യേക പണമെടുക്കൽ സൗകര്യം | സാധാരണ വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ | | ഓവർഡ്രാഫ്റ്റ് | | |
|---|---|---|---|---|---|---|
| | | ആദ്യ 90 ദിവസം | 90 ദിവസത്തിന് മുകളിൽ | കുറവ് | സാധാരണ വെയ്സ് ആന്റ് മീൻസിന്റെ 100% പരിധി വരെ | സാധാരണ വെയ്സ് ആന്റ് മീൻസിന്റെ 100% പരിധിക്ക് പുറത്ത് |
| 2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെ | 4.50% | 6.50% | 7.50% | (*) | 8.50% | 11.50% |

**(ഇ) സ്പെഷ്യൽ പണമെടുക്കൽ സൗകര്യത്തിന്റെയും വെയ്സ് ആന്റ് മീൻസ് മുൻകൂറുകളുടെയും കീഴിൽ 2023-24 ലെ ഇടപാടുകളുടെ വിശാദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.**

| | 2023 ഏപ്രിൽ 1 ന് ഉള്ള മുന്നിരിപ്പ് | 2023-24 കാലയളവിൽ ലഭിച്ച തുക | 2023-24 കാലയളവിൽ തിരിച്ചു നൽകിയ തുക | 2024 മാർച്ച് 31 നുള്ള നീക്കിയിരിപ്പ് | ഭാരതീയ റിസർവ് ബാങ്കിന് നൽകിയ പലിശ തുക |
|---|---|---|---|---|---|
| | | *(₹ കോടിയിൽ)* | | | |
| പ്രത്യേക പണമെടുക്കൽ സൗകര്യം | | 5,012.61 | 5,012.61 | | 5.19 |
| സാധാരണ വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ | | 30,774.40 | 30,774.40 | | 34.06 |
| സമ്മതിച്ച പ്രകാരമുള്ള മിനിമം പണനീക്കയിരിപ്പിൽ നിന്നുള്ള കുറവ് | | 19.92 | 19.92 | | |
| ഓവർ ഡ്രാഫ്റ്റുകൾ | | 17,499.59 | 17,499.59 | | 16.66 |
| മൊത്തം | | 53,306.52 | 53,306.52 | | 55.91 |

(*) നിശ്ചയിച്ചിട്ടുള്ള മിനിമം നീക്കിയിരിപ്പിൽ കുറവ് വരുന്ന തുകയ്ക്ക് ചാർജ്ജ് ചെയ്യുന്ന പലിശ നിരക്ക് കുറവ് നികത്തുന്നതിനായി, എസ്.ഡി.എഫ്, ഡബ്ല്യു. എം.എ., ഓവർ ഡ്രാഫ്റ്റുകൾ (ഒ.ഡി.) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള മുൻകൂറുകളുടെ നിരക്കാണ്.

## അനുബന്ധം

## നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപങ്ങളും-*അവസാനിച്ചു*

**വിശദീകരണക്കുറിപ്പുകൾ** - *അവസാനിച്ചു*

(എഫ്) നീക്കിയിരിപ്പ് പണ നിക്ഷേപ അക്കൗണ്ടിൽ ഉള്ള നിക്ഷേപങ്ങളുടെ വിശകലനം താഴെ ചേർക്കുന്നു:-

| | 2023 ഏപ്രിൽ 1ന് ഉള്ള മുന്നിരിപ്പ് | 2023-24 കാലയളവിലെ വാങ്ങൽ | 2023-24 കാലയളവിലെ വില്പന | 2024 മാർച്ച് 31 നുള്ള അവസാന നീക്കിയിരിപ്പ് | നടപ്പ് വർഷത്തിൽ ഈടാക്കിയ പലിശ |
|---|---|---|---|---|---|
| | | | *(₹ കോടിയിൽ)* | | |
| ഹൃസ്വകാല നിക്ഷേപങ്ങൾ ഇന്ത്യാ ഗവൺമെന്റ് ട്രഷറി ബില്ലുകൾ | 7,092.74 | 46,499.05 | 49,540.53 | 4,051.26 | 4.96 |

മാറ്റിവയ്ക്കപ്പെട്ട നീക്കിയിരിപ്പുകളിൽ നിന്നുള്ള നിക്ഷേപങ്ങളുടെ വിശദവിവരങ്ങൾ സ്റ്റേറ്റ്മെന്റ് 22 ൽ കൊടുത്തിരിക്കുന്നു.

## 3. സഞ്ചിത നിധിയിലെ വരവുകളുടെ സ്റ്റേറ്റ്മെന്റ്

| | | (₹ കോടിയിൽ) |
|---|---|---|
| | യഥാർത്ഥ കണക്ക് | |
| വിവരണം | 2023-24 | 2022-23 |
| **I. നികുതിയും നികുതിയേതര വരവുകളും** | | |
| **എ. നികുതി വരവുകൾ** | | |
| **എ.1. തനത് നികുതി വരുമാനം** | | |
| സംസ്ഥാന ചരക്ക് സേവന നികുതി | 30,563.60 | 29,513.28 |
| കാർഷിക വരുമാനത്തിലെ നികുതി | 0.21 | 0.40 |
| ഭൂനികുതി | 711.71 | 718.90 |
| മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 5,694.88 | 6,216.71 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുക്കളുടെ നികുതി | 236.08 | 240.08 |
| സംസ്ഥാന എക്സൈസ് | 2,944.02 | 2,875.95 |
| വില്പന നികുതി, വ്യാപാരനികുതി മുതലായവ | 27,690.43 | 26,875.78 |
| വാഹനങ്ങളുടെ നികുതി | 6,340.46 | 5,386.81 |
| വൈദ്യുതിയിന്മേലുള്ള നികുതിയും മറ്റും | 85.49 | 72.36 |
| ക്രയവിക്രയ വസ്തുക്കളുടെയും സേവനങ്ങളേയും സംബന്ധിച്ച മറ്റു നികുതികൾ | 62.13 | 67.89 |
| മറ്റുള്ളവ | | |
| **എ.2. നികുതികളിൽ നിന്നും തീരുവകളിൽ നിന്നുമുള്ള വരവുകളുടെ വിഹിതം** | | |
| കേന്ദ്ര ചരക്ക് സേവന നികുതി | 6,598.65 | 5,165.39 |
| കോർപ്പറേഷൻ നികുതി | 6,526.25 | 6,109.21 |
| പ്ലാനിൽപ്പെടാത്ത വായ്പകൾ | 7.07 | | 1.75 | 5.32 | (-)1.75 | (-)24.75 | (#) |
| സംസ്ഥാന/കേന്ദ്രഭരണപ്രദേശ ആസൂത്രണ പദ്ധതികൾക്കുള്ള വായ്പകൾ | 5,186.23 | | 844.92 | 4,341.31 | (-)844.92 | (-)16.29 | 1.05 |
| കേന്ദ്ര ആസൂത്രണ പദ്ധതികൾക്കുള്ള വായ്പകൾ | @ | | | @ | | | |
| കേന്ദ്രാവിഷ്കൃത ആസൂത്രണ പദ്ധതികൾക്കുള്ള വായ്പകൾ | | | | | | | |
| 1984 – 85 ന് മുമ്പുള്ള വായ്പകൾ | 1.16 | | | 1.16 | | | (#) |
| മറ്റു വായ്പകൾ സംസ്ഥാന/കേന്ദ്ര നിയമസഭാ പദ്ധതികൾ | 20,174.74 | 900.92 | 86.07 | 20,989.59 | 814.84 | 4.04 | 5.06 |
| **മൊത്തം പൊതുകടം** | 2,52,506.27 | 1,04,354.86 | 74,365.83 | 282,495.30 | 29,989.02 | 11.88 | 68.03 |

ഋണമോചന നിധിമുഖേനയുള്ള കടംവീട്ടൽ, കടംവീട്ടൽ ക്രമീകരണങ്ങൾ മുതലായവയുടെ വിശദാംശങ്ങൾക്ക് ഈ സ്റ്റേറ്റ്മെന്റിന്റെ പേജ് 41 ലും 42 ലും ഉള്ള വിശദീകരണക്കുറിപ്പ് കാണുക.

(#) ശതമാനം ബാധകമല്ല

(@) തുക നിസ്സാരം

## 6. കടമെടുപ്പുകളുടേയും മറ്റു ബാദ്ധ്യതകളുടേയും സ്റ്റേറ്റ്മെന്റ്

### (i) പൊതു കടത്തിന്റെയും മറ്റു ബാദ്ധ്യതകളുടേയും സ്റ്റേറ്റ്മെന്റ്

| കടമെടുക്കലിന്റെ സ്വഭാവം | 2023 ഏപ്രിൽ1 നുള്ള നീക്കിയിരുപ്പ് | നടപ്പുവർഷത്തെ വരവുകൾ | നടപ്പുവർഷത്തെ തിരിച്ചടവുകൾ | 2024 മാർച്ച് 31 നുള്ള നീക്കിയിരുപ്പ് | അറ്റവർദ്ധനവ് (+) കുറവ് (-) | | മൊത്തം ബാദ്ധ്യതകളുടെ ശതമാനത്തിൽ |
|---|---|---|---|---|---|---|---|
| **(ബി) മറ്റ് ബാധ്യതകൾ** | | | | | തുക | ശതമാനം | |
| | | | | ₹ *കോടിയിൽ* | | | |
| ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ | 1,24,190.92 | 1,48,966.14 | 1,49,212.82 | 1,23,944.24 | (-)246.68 | (-)0.20 | 29.85 |
| പലിശ സഹിത കരുതൽ നിധികൾ | 394.65 | 555.55 | 179.31 | 770.89 | 376.24 | 95.34 | 0.19 |
| പലിശ രഹിത കരുതൽ നിധികൾ | 334.81 | 778.10 | 774.36 | 338.55 | 3.74 | 1.12 | 0.08 |
| പലിശ സഹിത നിക്ഷേപങ്ങൾ | 0.36 | 1,974.42 | 1,974.48 | 0.30 | (-)0.06 | (-)16.67 | ‘(@) |
| പലിശ രഹിത നിക്ഷേപങ്ങൾ | 7,603.36 | 4,729.63 | 4661.12 | 7,671.87 | 68.51 | 0.90 | 1.85 |
| **മൊത്തം - മറ്റു ബാധ്യതകൾ** | 1,32,524.10 | 1,57,003.84 | 1,56,802.09 | 1,32,725.85 | 201.75 | 0.15 | 31.97 |
| **മൊത്തം പൊതുകടവും മറ്റു ബാധ്യതകളും** | 3,85,030.37 | 2,61,358.70 | 2,31,167.92 | 4,15,221.15 | 30,190.78 | 7.84 | 100.00 |

ഋണമോചന നിധിമുഖേനയുള്ള കടംവീട്ടൽ, കടംവീട്ടൽ ക്രമീകരണങ്ങൾ മുതലായവയുടെ വിശദാംശങ്ങൾക്ക് ഈ സ്റ്റേറ്റ്മെന്റിന്റെ പേജ് 41 ലും 42 ലും ഉള്ള വിശദീകരണക്കുറിപ്പ് കാണുക.

(@) ശതമാനം നിസ്സാരം

# സ്റ്റേറ്റ്മെന്റ് 6 നുള്ള വിശദീകരണക്കുറിപ്പുകൾ

**1 ഋണമോചനനിധി മുഖേനയുള്ള കടംവീട്ടൽ ക്രമീകരണങ്ങൾ**

ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സർക്കാർ അതിന്റെ പൊതുകടം മോചിപ്പിക്കുന്നതിന് 2005-06 വർഷത്തിൽ ഒരു ഏകീകൃത ഋണമോചന ഫണ്ട് രൂപീകരിച്ചു. നിലവിലുണ്ടായിരുന്നതും, 2007-08 സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ പ്രാബല്യത്തിലുണ്ടായിരുന്നതും ആയ ഋണമോചന ഫണ്ട് പദ്ധതിക്ക് പകരമായി 2006-07-ൽ നിലനിൽക്കുന്ന ബാധ്യതകൾ വീട്ടുന്നതിനുള്ള അമോർട്ടൈസേഷൻ ഫണ്ട് എന്ന നിലയിൽ പരിഷ്കരിച്ച പദ്ധതിയിൽ ഒരു ഏകീകൃത ഋണമോചന ഫണ്ട് രൂപീകരിച്ചു. മുൻ സാമ്പത്തിക വർഷത്തിന്റെ അവസാനം, വീട്ടാനുള്ള ബാധ്യതകളുടെ 0.50 ശതമാനമെങ്കിലും ഏകീകൃത ഋണമോചന ഫണ്ടിൽ നിക്ഷേപിക്കണം. റവന്യൂവിൽ നിന്നുള്ള അംശദാനവും ഈ ഫണ്ടിന്റെ നിക്ഷേപത്തിൽ നിന്ന് കിട്ടുന്ന പലിശയും ഫണ്ടിൽ തന്നെ വരവ് ചെയ്യേണ്ടതാണ്. ഏകീകൃത ഋണമോചന പദ്ധതി പ്രകാരം 2012-13 വർഷം മുതൽ സർക്കാർ വീട്ടാൻബാക്കിയുള്ള എല്ലാ ബാധ്യതകളും വീട്ടുന്നതിന് ഫണ്ടിൽനിന്നും ലഭിക്കുന്ന പലിശ ഉപയോഗിക്കേണ്ടതാണ്.

വർഷാരംഭത്തിലും അവസാനവും ഉള്ള നീക്കിയിരുപ്പുകൾ താഴെ ചേർക്കുന്നു:-

| | നടപ്പ് വർഷത്തെ കൂട്ടിച്ചേർക്കലുകൾ | | | | | |
|---|---|---|---|---|---|---|
| | 2023 ഏപ്രിൽ 1 നുള്ള നീക്കിയിരുപ്പ് | റവന്യൂവിൽ നിന്നുള്ള അംശദാനം | നിക്ഷേപങ്ങളിൽ നിന്നു ലഭിച്ച പലിശ | മൊത്തം | തന്നാണ്ടത്തെ പിൻവലിക്കലുകൾ | 2024 മാർച്ച് 31 ലുള്ള നീക്കിയിരുപ്പ് |
| | ₹ കോടിയിൽ | | | | | |
| **ഏകീകൃത ഋണമോചന ഫണ്ട്** | **2,706.84** | **120.00** | **204.48** | **3,031.32** | | **3,031.32** |

ഏകീകൃത ഋണമോചന ഫണ്ടിലുള്ള നീക്കിയിരുപ്പായ ₹ 3,031.32 കോടി കേന്ദ്ര സർക്കാർ സെക്യൂരിറ്റികളിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.

**2. ലഘുസമ്പാദ്യ ഫണ്ടിൽനിന്നുള്ള വായ്പകൾ**

പോസ്റ്റ്ഓഫീസുകളിലുള്ള 'ലഘുസമ്പാദ്യ പദ്ധതി'കളുടേയും 'പൊതു പ്രോവിഡന്റ് ഫണ്ടി'ന്റേയും സമാഹരണത്തിൽനിന്നുള്ള വായ്പകൾ, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ വീതം വയ്ക്കുന്നു. ലഘുസമ്പാദ്യ സമാഹരണത്തിൽനിന്നുള്ള വായ്പ എടുക്കുന്നതിനുള്ള ഉദ്ദേശത്തിനു വേണ്ടി 1999-2000-ൽ 'ദേശീയ ലഘുസമ്പാദ്യ ഫണ്ട്' എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിച്ചു. 2023-24 വർഷത്തിൽ ലഭിച്ച വായ്പകളുടെ തുക ₹ 7,069.73 കോടിയും നടപ്പുവർഷം തിരിച്ചടച്ച് തുക ₹ 3,251.73 കോടിയുമാണ്. വർഷാവസാനം വീട്ടാൻ ബാക്കിയുള്ളത് ₹ 27,418.00 കോടി ആയിരുന്നു. ആയത് 2024 മാർച്ച് 31-ന് സംസ്ഥാന സർക്കാരിന്റെ മൊത്തം പൊതുകടത്തിന്റെ 9.71 ശതമാനമാണ്.

**3. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, വിപണനവായ്പകൾ മുതലായവ**

കേന്ദ്ര സർക്കാരിൽ നിന്നും വായ്പകളും മുൻകൂറുകളുമായി മൊത്തം ₹ 900.92 കോടി ലഭിക്കുകയും തന്നാണ്ടിൽ ₹ 932.74 കോടി തിരിച്ചടയ്ക്കുകയും ചെയ്തു. 2023-24 ൽ മൊത്തം ₹ 42,438.00 കോടിയുടെ വിപണി വായ്പകൾ ലഭ്യമാക്കുകയും ഭാരതീയ റിസർവ്വ് ബാങ്ക് വായ്പക്ക് തുല്യമായ രസീതുകൾ നൽകിയിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വായ്പകളുടേയും മുൻകൂറുകളുടേയും വിപണി വായ്പകളുടേയും വിവരങ്ങൾ സ്റ്റേറ്റ്മെന്റ് നം. 17-ൽ കൊടുത്തിട്ടുണ്ട്.

**4 കടം വീട്ടൽ**

കടത്തിനും മറ്റു ബാധ്യതകളിലുമുള്ള പലിശ – വീട്ടാനുള്ള മൊത്തം കടവും മറ്റു ബാധ്യതകളും 2022-23, 2023-24 ലും റവന്യൂ വരവിൽ നിന്നും നേരിട്ട ചെലവഴിച്ച പലിശ ചെലവുകളുടെ അറ്റ തുകയും താഴെ കൊടുക്കുന്ന പ്രകാരമാണ്. :-

| | 2023-24 | 2022-23 | തന്നാണ്ടത്തെ വർദ്ധനവ് (+) കുറവ് (-) | തന്നാണ്ടത്തെ വർദ്ധനവ് (+) കുറവ് (-) ശതമാനത്തിൽ |
|---|---|---|---|---|
| | | ₹ *കോടിയിൽ* | | |
| **(i) വർഷാവസാനം വീട്ടാൻ ബാക്കിയുള്ള മൊത്തം കടവും മറ്റു ബാധ്യതകളും** | | | | |
| (എ) പൊതുകടവും ലഘുസമ്പാദ്യങ്ങളും പ്രൊവിഡന്റ് ഫണ്ട് മുതലായവ | 4,06,439.54 | 3,76,697.19 | 29,742.35 | 7.90 |
| (ബി) മറ്റു ബാധ്യകകൾ | 8,781.61 | 8,333.18 | 448.43 | 5.38 |
| മൊത്തം (i) | 4,15,221.15 | 3,85,030.37 | 30,190.78 | 7.84 |
| **(ii) സർക്കാർ നല്കിയ പലിശ** | | | | |
| (എ) പൊതുകടവും ലഘുസമ്പാദ്യങ്ങളും പ്രൊവിഡന്റ് ഫണ്ട് മുതലായവയിൽ | 26,893.10 | 25,093.17 | 1,799.93 | 7.17 |
| (ബി) മറ്റു ബാധ്യകകൾ | 37.29 | 83.19 | (-)45.90 | (-)55.17 |
| മൊത്തം (ii) | 26,930.39 | 25,176.36 | 1,754.03 | 6.97 |
| **(iii) കിഴിക്കൽ** | | | | |
| (എ) സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടെയും പലിശ | 158.22(*) | 143.87 | 14.35 | 9.97 |
| (ബി) പണം നീക്കിയിരുപ്പുകൾ നിക്ഷേപിച്ചതിൽ നിന്നും പലിശ ലഭിച്ചത് | 4.96 | 15.85 | (-)10.89 | (-)68.71 |
| **(iv) അറ്റ പലിശ ചെലവുകൾ** | 26,767.21 | 25,016.64 | 1,750.57 | 7.00 |
| **(v) മൊത്തം റവന്യൂ വരവിന്മേലുള്ള ആകെ പലിശയുടെ (ഇനം (ii)) ശതമാനം** | 21.63 | 18.97 | 2.66 | 14.02 |
| **(vi) മൊത്തം റവന്യൂ വരവിന്മേലുള്ള അറ്റ പലിശയുടെ (ഇനം (iv)) ശതമാനം** | 21.50 | 18.85 | 2.65 | 14.06 |

ഇതു കൂടാതെ, വകുപ്പുതല വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പലിശ പോലുള്ള മറ്റു ചില വരവുകളുടേയും ക്രമീകരണങ്ങളുടേയും മൊത്തമായ ₹ 12.16 കോടിയും ഉണ്ട്. ഇതും കൂടി കിഴിക്കുകയാണെങ്കിൽ, റവന്യൂ വരവിന്മേലുള്ള അറ്റ പലിശയുടെ ഭാരം ₹ 26,755.05 കോടി ആകുമായിരുന്നു. ആയത് 2023-24 വർഷത്തെ റവന്യൂ വരവിന്റെ 21.49 ശതമാനമായിരിക്കും. വിവിധ സ്ഥാപനങ്ങളിന്മേലുള്ള നിക്ഷേപങ്ങളിലുള്ള ലാഭവിഹിതമായി ₹242.68 കോടിയും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**5. കടങ്ങൾ കുറവ് ചെയ്യുന്നതിനോ അല്ലെങ്കിൽ ഒഴിവാക്കുന്നതിനോ ഉള്ള ധനവിനിയോഗം.**

നടപ്പുവർഷമായ 2023–24ൽ '2048 കടങ്ങൾ കുറവ് ചെയ്യുന്നതിനോ അല്ലെങ്കിൽ പരിഹരിക്കുന്നതിനോ ഉള്ള ധനവിനിയോഗം' എന്ന ഹെഡ്ഡിൽ വരവ് ചെയ്ത് വീട്ടാനുള്ള കടങ്ങൾ തീർക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഏകീകൃത ഋണമോചന ഫണ്ടിൽ സർക്കാർ ₹120.00 കോടി വരുന്ന തുക അംശദാനം ചെയ്തു.

(*) വിപണി വായ്പകളിന്മേൽ നിന്നു ലഭിച്ച പ്രീമിയം (₹ 41.50 കോടി) ഉൾപ്പെടുന്നു.

## 7. സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും സ്റ്റേറ്റ്മെന്റ്

### ഭാഗം I വായ്പകളുടേയും മുൻകൂറുകളുടേയും സംഗ്രഹം – വായ്പക്കാരുടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ

| വായ്പക്കാരുടെ ഗ്രൂപ്പ് | 2023 ഏപ്രിൽ 1 നുള്ള നീക്കിയിരുപ്പ് | തന്നാണ്ടത്തെ ചെലവുകൾ | തന്നാണ്ടിലുള്ള തിരിച്ചടവുകൾ | കിട്ടാക്കടങ്ങളും വായ്പകളും എഴുതിത്തള്ളിയത് | 2024 മാർച്ച് 31 നുള്ള നീക്കിയിരുപ്പ് | തന്നാണ്ടിലുള്ള വർദ്ധനവ്/കുറവ് ശതമാനത്തിൽ | കുടിശ്ശികയിൽ ഉള്ള പലിശ |
|---|---|---|---|---|---|---|---|
| | | | | (₹ കോടിയിൽ) | | | |
| സർവ്വകലാശാലകൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ | | | | | | | |
| പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ | 0.09 | | | | 0.09 | | 0.39 |
| മുനിസിപ്പാലിറ്റികൾ/മുൻസിപ്പൽ കൗൺസിലുകൾ/മുനിസിപ്പൽ കോർപ്പറേഷനുകൾ | 85.86 | | 0.01 | | 85.85 | (-)0.01 | 143.94 |
| നഗരവികസന അതോറിറ്റികൾ | 63.51 | | | | 63.51 | | 27.30 |
| ഹൗസിംഗ് ബോർഡുകൾ/സംസ്ഥാന ഹൗസിംഗ് കോർപ്പറേഷനുകൾ | 1206.00 | 0.76 | 0.24 | | 1,206.52 | 0.04 | 591.71 |
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | 13,314.42 | 2,143.72 | 5.18 | | 15,452.96 | 16.06 | 2,219.50 |
| സർക്കാർ കമ്പനികൾ | 3,956.15 (എ) | 390.35 | 35.76 | | 4,310.74 | 8.96 | 2,273.02 |
| സഹകരണ സൊസൈറ്റികൾ/ സഹകരണ കോർപ്പറേഷനുകൾ/ ബാങ്കുകൾ | 1,180.87 | 58.54 | 54.91 | | 1,184.50 | 0.31 | 751.44 |
| മറ്റുള്ളവ | 3,543.85 (ബി) | 45.32 | 20.24 | | 3,568.93 | 0.71 | 1,597.19 |
| സർക്കാർ ജീവനക്കാർ | 994.34 | 655.59 | 595.77 | 0.32 | 1,053.84 | 5.98 | |
| പലവക ആവശ്യങ്ങൾ | 11.93(സി) | 1.44 | 2.32 | 0.05 | 11.00 | (-)7.80 | |
| **മൊത്തം** | 24,357.02 (ഡി) | 3,295.72 | 714.43 | 0.37 | 26,937.94 | 10.60 | 7,604.49 |

(എ) കേരള സംസ്ഥാന ഇലക്ട്രോണിക് കോർപ്പറേഷനു വേണ്ടി വായ്പ ഓഹരിയായി മാറ്റിയതിന്റെ പുനർവർഗ്ഗീകരണം നടത്തിയത് കാരണം ₹ 72.00 കോടിയും കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനുവേണ്ടി വായ്പ ഓഹരിയായി മാറ്റിയതിന്റെ പുനർവർഗ്ഗീകരണം നടത്തിയത് കാരണം ₹ 34.51 കോടിയും ആകെ ₹ 106.51 കോടി യുടെ പ്രൊഫോർമ കുറവ് വന്നു.

(ബി) 2022-23 വർഷത്തിലെ പ്രഫോർമ ക്രമീകരണവുമായി ബന്ധപ്പെട്ട തെറ്റായ വർഗ്ഗീകരണം മൂലമുള്ള തെറ്റുകൾ തിരുത്തിയതുകാരണമുള്ള ( ₹ 2 കോടി) വർദ്ധനവും (ii) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വായ്പകൾ ഗ്രാന്റാക്കി മാറ്റിയത് കാരണമുള്ള (₹5.00 കോടി) യുടെ കുറവും കാരണം ₹ 3.00 കോടി യുടെ പ്രൊഫോർമ കുറവ് വന്നു.

(സി) സ്റ്റേറ്റ്മെന്റിന്റെ അടിക്കുറിപ്പ് (ബി) (i) പ്രകാരം ₹ 2.00 കോടി യുടെ പ്രൊഫോർമ കുറവ് വന്നു.

(ഡി) സ്റ്റേറ്റ്മെന്റിന്റെ അടിക്കുറിപ്പ് (എ), (ബി), (സി) പ്രകാരം ₹ 111.51 കോടി യുടെ പ്രൊഫോർമ കുറവ് വന്നു.

## 7. സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും സ്റ്റേറ്റ്മെന്റ്– തുടർച്ച

### ഭാഗം 1 വായ്പകളുടേയും മുൻകൂറുകളുടേയും സംഗ്രഹം – വായ്പക്കാരുടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ – അവസാനിക്കുന്നു

**വായ്പകൾ സ്ഥിരവായ്പകളായി അനുവദിച്ച കേസുകൾ താഴെ കാണുന്നതാണ്.**

| ക്രമ നം. | വായ്പ എടുത്ത സ്ഥാപനം | അനുവദിച്ച വർഷം | അനുവദിച്ച ഉത്തരവ് നം. | തുക |
|---|---|---|---|---|
| വിവരങ്ങൾ ലഭ്യമല്ല | | | | |

### ഭാഗം 2 വായ്പകളുടേയും മുൻകൂറുകളുടേയും സംഗ്രഹം – മേഖല അടിസ്ഥാനത്തിൽ

(₹ കോടിയിൽ)

| മേഖലകൾ | 2023 ഏപ്രിൽ 1 നുള്ള നീക്കിയിരുപ്പ് | തന്നാണ്ടത്തെ ചെലവുകൾ | തന്നാണ്ടിലുള്ള തിരിച്ചടവുകൾ | കിട്ടാക്കടങ്ങളും വായ്പകളും എഴുതിത്തള്ളിയത് | 2024 മാർച്ച് 31 നുള്ള നീക്കിയിരുപ്പ് | തന്നാണ്ടിലുള്ള വർദ്ധനവ്/കുറവ് ശതമാനത്തിൽ | കുടിശ്ശികയിൽ ഉള്ള പലിശ |
|---|---|---|---|---|---|---|---|
| പൊതു സേവനങ്ങൾക്കുള്ള വായ്പകൾ | 1.93 | | | | 1.93 | | |
| സാമൂഹ്യ സേവനങ്ങൾക്കുള്ള വായ്പകൾ | 4,546.94 | 13.10 | 24.62 | | 4,535.42 | (-)0.25 | 2,360.14 |
| സാമ്പത്തിക സേവനങ്ങൾക്കുള്ള വായ്പകൾ | 18,801.88 (*) | 2,625.59 | 91.72 | | 21,335.75 | 13.48 | 5,244.35 |
| സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ | 994.34 | 655.59 | 595.77 | 0.32 | 1,053.84 | 5.98 | |
| പലവക ആവശ്യങ്ങൾക്കുള്ള വായ്പകൾ | 11.93 | 1.44 | 2.32 | 0.05 | 11.00 | (-)7.80 | |
| മൊത്തം വായ്പകളും മുൻകൂറുകളും | 24,357.02 | 3,295.72 | 714.43 | 0.37 | 26,937.94 | 10.60 | 7,604.49 |

(*) കേരള സംസ്ഥാന ഇലക്ട്രോണിക് കോർപ്പറേഷനു വേണ്ടി വായ്പ ഓഹരിയായി മാറ്റിയതിന്റെ പുനർവർഗ്ഗീകരണം നടത്തിയത് കാരണം ₹ 72.00 കോടിയും കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനുവേണ്ടി വായ്പ ഓഹരിയായി മാറ്റിയതിന്റെ പുനർവർഗ്ഗീകരണം നടത്തിയത് കാരണം ₹ 34.51 കോടിയും ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വായ്പകൾ ഗ്രാന്റാക്കി മാറ്റിയത് കാരണം ( ₹ 5.00 കോടി) ആകെ ₹ 111.51 കോടി യുടെ പ്രൊഫോർമ കുറവ് വന്നു.

## 7. സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും സ്റ്റേറ്റ്മെന്റ് - *അവസാനിക്കുന്നു.*

### ഭാഗം 3 കുടിശ്ശിക തിരിച്ചടവിന്റെ സംഗ്രഹം - വായ്പക്കാരുടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ

| വായ്പക്കാരുടെ ഗ്രൂപ്പ് | 2024 മാർച്ച് 31 നു കുടിശ്ശിക തുക | | | കുടിശ്ശികയുമായി ബന്ധപ്പെട്ട ഏറ്റവും മുൻകാല കാലയളവ് | 2024 മാർച്ച് 31 ന് സ്ഥാപനങ്ങൾ വീട്ടാൻ ബാക്കിയുള്ള മൊത്തം വായ്പകൾ |
|---|---|---|---|---|---|
| | മുതൽ | പലിശ | മൊത്തം | | |
| 1 | 2 | 3 | 4 | 5 | 6 |
| | | | | *(₹ കോടിയിൽ)* | |
| സർവ്വകലാശാലകൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ | | 0.39 | 0.39 | 1970-71 | |
| മുനിസിപ്പാലിറ്റികൾ/മുൻസിപ്പൽ കൗൺസിലുകൾ/ മുനിസിപ്പൽ കോർപ്പറേഷനുകൾ | 82.50 | 143.94 | 226.44 | 1960-61 | 86.26 |
| നഗരവികസന അതോറിറ്റികൾ | 30.67 | 27.30 | 57.97 | 1968-69 | 61.60 |
| ഭവന നിർമ്മാണ ബോർഡുകൾ | 1,168.10 | 591.71 | 1,759.81 | 1980-81 | 1,206.51 |
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | 7,811.23 | 2,219.50 | 10,030.73 | 1983-84 | 12,743.02 |
| സർക്കാർ കമ്പനികൾ | 2,779.46 | 2,273.02 | 5,052.48 | 1970-71 | 4,740.25 |
| സഹകരണ സൊസൈറ്റികൾ/ സഹകരണ കോർപ്പറേഷനുകൾ/ ബാങ്കുകൾ | 770.87 | 751.44 | 1,522.31 | 1997-98 | 801.64 |
| മറ്റുള്ളവ | 2,332.65 | 1,597.19 (%) | 3,929.84 | 1996-97 | 2,332.65 |

(%) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിക്കുന്ന പലിശ കുടിശ്ശികയെ (₹ 1597.19 കോടി) പ്രതിനിധാനം ചെയ്യുന്നു.

കുറിപ്പ്: വിശദവിവരങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകിയ വായ്പകളുടേയും മുൻകൂറുകളുടേയും വിശദമായ പ്രസ്താവനയുടെ ഭാഗം 2 കാണുക.

## 8. സർക്കാർ നൽകിയ നിക്ഷേപങ്ങളുടെ സ്റ്റേറ്റ്മെന്റ്

**2022-23 ലും 2023-24 ലും ഓഹരി മൂലധനത്തിലുള്ള സർക്കാർ നിക്ഷേപങ്ങളുടെ താരതമ്യ സംഗ്രഹം**

(₹ കോടിയിൽ)

| സ്ഥാപനത്തിന്റെ പേര് | 2023-24 സ്ഥാപനങ്ങളുടെ എണ്ണം | 2023-24 വർഷാന്ത്യത്തിലെ നിക്ഷേപം | | 2023-24 കാലയളവിലെ ലാഭവിഹിതം/പലിശ | 2022-23 സ്ഥാപനങ്ങളുടെ എണ്ണം | 2022-23 വർഷാന്ത്യത്തിലെ നിക്ഷേപം | | 2022-23 കാലയളവിലെ ലാഭവിഹിതം/പലിശ |
|---|---|---|---|---|---|---|---|---|
| നിയമാനുസൃത കോർപ്പറേഷനുകൾ | 3 | 1,639.75 | | 20.91 | 3 | 1,526.41 | | 1.04 |
| സർക്കാർ കമ്പനികൾ | 126 | 5,530.59 | | 184.91 | 126 | 5,419.73 | (എ) | 32.78 |
| മറ്റു ജോയിന്റ് സ്റ്റോക്ക് കമ്പനികൾ | 41 | 1,960.72 | | 29.76 | 40 | 1,941.12 | | 4.68 |
| സഹകരണ ബാങ്കുകളും സൊസൈറ്റികളും (*) | | 1,789.91 | (ബി) | 7.10 | | 1,821.92 | | 10.43 |
| മൊത്തം | 170 | 10,920.97 | (സി) | 242.68 | 169 | 10,709.18 | (ഡി) | 48.93 |

(എ) കേരള സംസ്ഥാന ഇലക്ട്രോണിക് കോർപ്പറേഷനു വേണ്ടി വായ്പ ഓഹരിയായി മാറ്റിയതിന്റെ പുനർവർഗ്ഗീകരണം നടത്തിയത് കാരണം ( ₹ 72.00 കോടി) ഉം കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനുവേണ്ടി വായ്പ ഓഹരിയായി മാറ്റിയതിന്റെ പുനർവർഗ്ഗീകരണം നടത്തിയത് കാരണം ( ₹ 34.51 കോടി) യുടെ പ്രൊഫോർമ വർദ്ധനവ് വന്നു.

(ബി) കാലാവധി കഴിഞ്ഞ ഓഹരി മൂലധനങ്ങൾ മൂലധന വരവിലേക്ക് മാറ്റിയത് കാരണം ₹ 47.51 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

(സി) കേരള വാട്ടർ അതോറിറ്റിയുടെ അഴുക്കുചാൽ പദ്ധതികൾക്കും (₹ 101.13 കോടി), എൻ.ബി.സി.എഫ്.ഡി.സി. & എൻ.എം.ഡി.എഫ്.സി പദ്ധതികൾക്കുള്ള പ്രാരംഭ മൂലധനം (₹ 5.50 കോടി), വ്യവസായിക പാർക്കുകളുടെ വനിതാ ജീവനക്കാർക്ക് സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് (₹ 3.00 കോടി), നിലവിലെ വ്യാവസായിക പാർക്കുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ (₹ 30.24 കോടി), കൊച്ചിയിൽ സംയോജിത ജലഗതാഗത സിസ്റ്റം (₹ 179.30 കോടി), സ്മാർട്ട് സിറ്റി പ്രോജക്റ്റ് (₹ 31.20 കോടി), കോട്ടയത്തെ ഹോട്ടൽ മാനേജ്മെന്റ് (₹ 0.01 കോടി), ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറി (₹ 3.55 കോടി), നീര ഉത്പാദിപ്പിക്കുന്ന കമ്പനികൾ (₹ 5.00 കോടി), എൽ.എ.സി.–എ.ഡി.എസ് (₹ 5.38 കോടി), സോളാർ ക്രൂയിസ് ബോട്ട് (₹ 4.25 കോടി), കേരള മാരിടൈം ബോർഡ് (₹ 0.01 കോടി), പി.ഒ.എൽ കാരിയർ ബാർജ്ജിന്റെ നിർമ്മാണം (₹ 2.50 കോടി), കേരള സംസ്ഥാന സഹകരണബാങ്കിന് വേണ്ടി ഓഹരി മൂലധന അംശദാനം (₹400.00 കോടി), ആസിഡ് കാര്യർ ബാർജുകളുടെ നിർമ്മാണം (₹ 2.99 കോടി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് (₹0.60 കോടി), ഗൃഹശ്രീ ഭവനപദ്ധതിക്ക് (₹4.73 കോടി) കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് (₹67.47 കോടി), കിഴിവ്-മൂലധന കണക്കുകളിലുള്ള വരവുകളും വസൂലാക്കലുകളും (₹7.91 കോടി) എന്നിവയുടെ ₹ 838.95 കോടി ഒഴിവാക്കിയിരിക്കുന്നു.

(ഡി) സ്റ്റേറ്റ്മെന്റിന്റെ അടിക്കുറിപ്പ് (എ) പ്രകാരം (₹ 106.51 കോടി) പ്രഫോർമ വർദ്ധനവ് വന്നു.

(*) സൊസൈറ്റി അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

## 9. സർക്കാർ നൽകിയ ഗ്യാരണ്ടികളുടെ സ്റ്റേറ്റ്മെന്റ്

നിയമാനുസൃതം സ്ഥാപിതമായ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, തദ്ദേശസ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് നടപ്പുവർഷം ലഭ്യമാക്കിയ വായ്പകളുടേയും മറ്റ് തിരിച്ചടവിന് സർക്കാർ നൽകിയ ഗ്യാരണ്ടികളും 2024 മാർച്ച് 31 ന് വിവിധ മേഖലകളിൽ ബാക്കി നിൽക്കുന്ന ജാമ്യ തുകകളും താഴെ ചേർക്കുന്നു:-

| മേഖല | ഗ്യാരണ്ടി ചെയ്ത പരമാവധി തുക | 2023-24 തുടക്കത്തിൽ വീട്ടാൻ ബാക്കിയുള്ളത് | നടപ്പു വർഷം കൂട്ടിച്ചേർത്തത് | നടപ്പുവർഷം നീക്കം ചെയ്തത് (ഉപയോഗിച്ചത് ഒഴിച്ച്) | നടപ്പു വർഷം ഉപയോഗിച്ചത് |  | 2023-24 (*) വർഷത്തിലെ നീക്കിയിരുപ്പ് | ഗ്യാരണ്ടിക്കുള്ള കമ്മീഷൻ അല്ലെങ്കിൽ ഫീസ് |  | മറ്റു പ്രസക്തമായ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
|  |  |  |  |  | (വീട്ടിയത്) | (വീട്ടാത്തത്) |  | (ലഭിക്കാനുള്ളത്) | (ലഭിച്ചത്) |  |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|  |  |  |  |  |  |  | (₹ കോടിയിൽ) |  |  |  |
| സഹകരണസ്ഥാപനങ്ങൾ (11) | 7,634.05 | 6,542.07 | 1.80 | 439.83 |  |  | 6,104.04 | 21.98 | 48.97 |  |
| റോഡുകളും ഗതാഗതവും (1) | 3,150.00 | 2,984.82 |  | 74.44 |  |  | 2,910.38 | 154.53 |  |  |
| സംസ്ഥാന ഫിനാൻഷ്യൽ കോർപ്പറേഷൻ (1) | 0.00 | 54.36 |  | 54.36 |  |  | 0.00 | 0.81 | 0.41 |  |
| കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ (1) |  |  |  |  |  |  |  |  | 0.01 |  |
| മറ്റു സ്ഥാപനങ്ങൾ (35) | 73,427.40 | 40,793.24 | 13,086.82 | 26.33 |  |  | 53,853.73 | 218.62 | 262.54 |  |
| മൊത്തം | 84,211.45 | 50,374.49 | 13,088.62 | 594.96 |  |  | 62,868.15 | 395.94 | 311.93 |  |

'2022-ലെ കേരള ഫിനാൻസ് ആക്ടിൽ (No:2) ഭേദഗതി ചെയ്ത 2003-ലെ കേരള സീലിംഗ് ഓൺ സർക്കാർ ഗ്യാരണ്ടി നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം, ഏത് വർഷത്തിന്റെയും ഏപ്രിൽ 1-ാം തീയതിയിൽ വീട്ടാൻ ബാക്കിയുള്ള മൊത്തം സർക്കാർ ഗ്യാരണ്ടികൾ, മുൻ വർഷത്തിൽ സർക്കാരിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരവുകളുടെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 10 ശതമാനമോ ഇതിൽ ഏതാണോ കുറവ് അത്, ആയിരിക്കേണ്ടതാണ്. ഈ ആക്ട് 2022 ഏപ്രിൽ 1-ാം തീയതിമുതൽ പ്രാബല്യത്തിൽ വന്നു.

സാമ്പത്തികവും സ്ഥിതി വിവരക്കണക്ക് വകുപ്പിൽ നിന്നുള്ള വിശദ വിവരങ്ങൾ പ്രകാരം, ജി.എസ്.ഡി.പി.യുടെ മതിപ്പുമൂല്യം ₹ 11,46,108.67 കോടിയാണ്. സർക്കാർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2024 മാർച്ച് 31-ൽ വീട്ടാനുള്ള ഗ്യാരണ്ടികൾ ₹ 62,868.15 കോടിയാണ്, ഇത് ജി.എസ്.ഡി.പി.യുടെ പത്ത് ശതമാനം പരിധിക്കുള്ളിലാണ്. അതായത് ₹ 1,14,610.87 കോടി.

(*) വീട്ടാൻ ബാക്കിയുള്ള ഗ്യാരണ്ടികളിൽ പലിശ, പിഴപലിശ മുതലായവ ഉൾപ്പെടുന്നു.

## 10. സർക്കാർ നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡുകളുടെ സ്റ്റേറ്റ്മെന്റ്

### (I) പണമായി നല്കിയ ഗ്രാന്റ്-ഇൻ-എയ്ഡ്

| സഹായ സ്വീകർത്താവായ സ്ഥാപനങ്ങൾ | അനുവദിച്ച ഗ്രാന്റ് | | | | ആസ്തി മൂലധനങ്ങൾ രൂപീകരിക്കുന്നതിനുള്ള ഗ്രാന്റ് | |
|---|---|---|---|---|---|---|
| | 2023–24 | | | 2022–2023 | 2023–2024 | 2022–2023 |
| | പ്ലാനിൽ പെടാത്തത് | പ്ലാൻ (കേന്ദ്ര സഹായം ഉൾപ്പെടെ) | മൊത്തം | | | |
| | | | (₹ കോടിയിൽ) | | | |
| **1 പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ** | | | | | | |
| (i) ജില്ലാ പരിഷത്തുകൾ | 927.92 | 6.01 | 933.93 | 1254.62 | 668.94 | 759.21 |
| (ii) പഞ്ചായത്ത് സമിതികൾ | 899.95 | 1.17 | 901.12 | 1302.70 | 722.67 | 828.24 |
| (iii) ഗ്രാമപഞ്ചായത്തുകൾ | 5,276.05 (a) | 202.55 | 5,478.60 (a) | 6141.42 | 3,225.75 | 3,657.92 |
| **2 നഗര തദ്ദേശ സ്ഥാപനങ്ങൾ** | | | | | | |
| (i) മുനിസിപ്പൽ കോർപ്പറേഷനുകൾ | 789.61 | 631.16 | 1,420.77 | 1974.47 | 609.16 | 778.33 |
| (ii) മുനിസിപ്പാലിറ്റികൾ/മുൻസിപ്പൽ കൗൺസിലുകൾ | 1,155.24 | 230.68 | 1,385.92 | 1702.50 | 775.40 | 838.19 |
| **3 പൊതുമേഖലാ സ്ഥാപനങ്ങൾ** | | | | | | |
| (i) സർക്കാർ കമ്പനികൾ | 1067.59 | 84.06 | 1151.65 | 767.90 | | |
| (ii) സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | | 1.95 | 1.95 | 2.55 | | |
| **4 സ്വയം ഭരണ സ്ഥാപനങ്ങൾ** | | | | | | |
| (i) സർവ്വകലാശാലകൾ | 1,618.56 | 139.74 | 1,758.30 | 1714.52 | 28.98 | 28.78 |
| (ii) സഹകരണ സ്ഥാപനങ്ങൾ | 40.78 | 10.64 | 51.42 | 54.96 | 2.84 | 3.10 |
| (iii) മറ്റുള്ളവ | 413.57 | 312.49 | 726.06 (ബി) | 918.02 | 82.39 | 130.81 |
| **5 സർക്കാർ ഇതര സ്ഥാപനങ്ങൾ** | 5.82 | 2.42 | 8.24 | 10.05 | | |
| **മൊത്തം** | 12,195.09 (എ) | 1,622.87 | 13,817.96 (എ) | 15,843.71 | 6,146.13 | 7,024.58 |

(എ) അധികം നൽകിയതിൽ തിരിച്ചുപിടിച്ചത് ₹ 29.07 കോടി ഉൾപ്പെടുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡ് ആയ ₹ 69.90 കോടി ഉൾപ്പെടുന്നു.

## 10. സർക്കാർ നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡുകളുടെ സ്റ്റേറ്റ്മെന്റ്

### (ii) തരമായി ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡുകൾ

| സഹായ സ്വീകർത്താവായ സ്ഥാപനങ്ങൾ | മൊത്തം മൂല്യം | |
|---|---|---|
| | 2023-24 | 2022-23 (*) |
| | (₹ കോടിയിൽ) | |
| **1 പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ** | | |
| (i) ജില്ലാ പരിഷത്തുകൾ | | |
| (ii) പഞ്ചായത്ത് സമിതികൾ | | |
| (iii) ഗ്രാമപഞ്ചായത്തുകൾ | | |
| **2 നഗര തദ്ദേശ സ്ഥാപനങ്ങൾ** | | |
| (i) മുനിസിപ്പൽ കോർപ്പറേഷനുകൾ | തരമായി ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡുകളുടെ വിശദാംശങ്ങൾ സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു. | |
| (ii) മുനിസിപ്പാലിറ്റികൾ/മുൻസിപ്പൽ കൗൺസിലുകൾ | | |
| (iii) മറ്റുള്ളവ | | |
| **3 പൊതുമേഖലാ സ്ഥാപനങ്ങൾ** | | |
| (i) സർക്കാർ കമ്പനികൾ | | |
| (ii) നിയമാനുസൃതം സ്ഥാപിതമായ കോർപ്പറേഷനുകൾ | | |
| **4 സ്വയം ഭരണ സ്വസ്ഥാപനങ്ങൾ** | | |
| (i) സർവ്വകലാശാലകൾ | | |
| (ii) വികസന അതോറിറ്റികൾ | | |
| (iii) സഹകരണ സ്ഥാപനങ്ങൾ | | |
| (iv) മറ്റുള്ളവ | | |
| **5 സർക്കാർ ഇതര സംഘടനകൾ** | | |
| **മൊത്തം** | | |

## 11. വോട്ട് ചെയ്തതും ചാർജ്ജ് ചെയ്തതുമായ ചെലവുകളുടെ സ്റ്റേറ്റ്മെന്റ്

| വിവരങ്ങൾ | യഥാർത്ഥ കണക്ക് | | | | | |
|---|---|---|---|---|---|---|
| | 2023–24 | | | 2022–23 | | |
| | ചാർജ്ജ് ചെയ്തത് | വോട്ടു ചെയ്തത് | മൊത്തം | ചാർജ്ജ് ചെയ്തത് | വോട്ടു ചെയ്തത് | മൊത്തം |
| | | | | (₹ കോടിയിൽ) | | |
| ചെലവ് ഹെഡ്ഡുകൾ (റവന്യു കണക്ക്) | 27,531.66 | 1,15,094.68 | 1,42,626.34 | 25,792.32 | 1,16,158.61 | 1,41,950.93 |
| ചെലവ് ഹെഡ്ഡുകൾ (മൂലധന കണക്ക്) | 101.36 | 13,483.09 | 13,584.50 | 152.75 | 13,843.81 | 13,996.56 |
| പൊതുകടത്തിന് കീഴിലുള്ള ചെലവും വായ്പകളുടെ മുൻകൂറുകളും സംസ്ഥാനാന്തര ഒത്തുതീർപ്പും ആകസ്മികനിധിയിലേക്ക് മാറ്റുന്നതും (എ) | 74,365.86 | 3,295.70 | 77,661.56 | 35,980.92 | 2,790.77 | 38,771.69 |
| മൊത്തം | 1,01,998.88 | 1,31,873.47 | 2,33,872.35 | 61,925.99 | 1,32,793.19 | 1,94,719.18 |
| (എ) തുകകൾ താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുള്ളതാണ്:- | | | | | | |
| **ഇ. പൊതുകടം** | | | | | | |
| സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര കടം | 73,433.09 | .. | 73,433.09 | 35,137.27 | .. | 35,137.27 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 932.75 | .. | 932.75 | 843.49 | .. | 843.49 |
| **എഫ്. വായ്പകളും മുൻകൂറുകളും (*)** | | | | | | |
| പൊതു സർവ്വീസുകൾക്കുള്ള വായ്പകൾ | | | | | | |

(*) സ്റ്റേറ്റ്മെന്റ് നം. 18 – ൽ പേജ് നം 449 മുതൽ 544 വരെ കൂടുതൽ വിശദമായ കണക്കുകൾ ചേർത്തിരിക്കുന്നു.

## 11. വോട്ട് ചെയ്തതും ചാർജ്ജ് ചെയ്തതുമായ ചെലവുകളുടെ സ്റ്റേറ്റ്മെന്റ് - *അവസാനിക്കുന്നു*

| വിവരങ്ങൾ | യഥാർത്ഥ കണക്ക് | | | | | |
|---|---|---|---|---|---|---|
| | 2023–24 | | | 2022–23 | | |
| | ചാർജ്ജ് ചെയ്തത് | വോട്ടു ചെയ്തത് | മൊത്തം | ചാർജ്ജ് ചെയ്തത് | വോട്ടു ചെയ്തത് | മൊത്തം |
| | | | | *(₹ കോടിയിൽ)* | | |
| **എഫ്. വായ്പകളും മുൻകൂറുകളും** - *അവസാനിക്കുന്നു.* | | | | | | |
| സാമൂഹ്യ സർവ്വീസുകൾക്കുള്ള വായ്പകൾ | . | 13.10 | 13.10 | | 39.04 | 39.04 |
| സാമ്പത്തിക സർവ്വീസുകൾക്കുള്ള വായ്പകൾ | 0.02 | 2,625.57 | 2,625.59 | 0.16 | 2,098.52 | 2,098.68 |
| സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ മുതലായവ | ... | 655.59 | 655.59 | .. | 650.77 | 650.77 |
| പലവക ആവശ്യങ്ങൾക്കുള്ള വായ്പകൾ | .. | 1.44 | 1.44 | .. | 2.44 | 2.44 |
| **ജി. അന്തർ സംസ്ഥാന കണക്ക് തീർപ്പ്** | | | | | | |
| അന്തർ സംസ്ഥാന കണക്ക് തീർപ്പ് | .. | .. | .. | .. | .. | .. |
| **എച്ച്. ആകസ്മിക നിധിയിലേക്കുള്ള മാറ്റൽ** | | | | | | |
| ആകസ്മിക നിധിയിലേക്കുള്ള മാറ്റൽ | .. | .. | .. | .. | .. | .. |

**2022–23 ലും 2023–24 ലും ഉള്ള ചാർജ്ജ് ചെയ്ത ചെലവിന്റേയും വോട്ട് ചെയ്ത ചെലവിന്റെയും മൊത്തം ചെലവിലുള്ള ശതമാനം താഴെ ചേർക്കുന്നു.**

| വർഷം | മൊത്തം ചെലവുകളുടെ ശതമാനം | |
|---|---|---|
| | ചാർജ്ജ് ചെയ്തത് | വോട്ടു ചെയ്തത് |
| **2022–23** | *31.80* | 68.20 |
| **2023–24** | *43.61* | 56.39 |

## 12. റവന്യൂ കണക്കുകളിൽ അല്ലാതെയുള്ള ചെലവുകൾക്കുള്ള ഫണ്ടുകളുടെ സ്രോതസ്സിന്റെയും നടത്തിപ്പിന്റെയും സ്റ്റേറ്റ്മെന്റ്

| ഹെഡ്ഡുകൾ | 2023 ഏപ്രിൽ 1 ന് ഉള്ളത് | 2023-24 കാലയളവിൽ | 2024 മാർച്ച് 31 ന് ഉള്ളത് |
|---|---|---|---|
| | | (₹ കോടിയിൽ) | |
| **മൂലധനവും മറ്റുചെലവുകളും** | | | |
| **മൂലധന ചെലവുകൾ** (ഉപ വിഭാഗാടിസ്ഥാനത്തിൽ) | | | |
| പൊതുമരാമത്ത് | 2,987.34 | 144.65 | 3,131.99 |
| മറ്റു പൊതു സർവ്വീസുകൾ | 457.34@ | 102.61 | 559.95 |
| വിദ്യാഭ്യാസം, കായികവിനോദം, കലയും-സംസ്കാരവും | 4,942.41 | 656.54 | 5,598.95 |
| ആരോഗ്യവും കുടുംബക്ഷേമവും | 3,609.65 | 348.11 | 3,957.76 |
| ശുദ്ധജലവിതരണം, ശുചീകരണം, ഭവനനിർമ്മാണം, നഗരവികസനവും | 9,139.53 | 1,511.88 | 10,647.83 (എ) |
| വാർത്താവിതരണവും സംപ്രേക്ഷണവും | 24.26 | 0.81 | 25.07 |
| പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗം, ന്യൂനപക്ഷം എന്നിവയക്കുള്ള ക്ഷേമം | 1,746.17 (ബി) | 300.54 | 2,046.71 |
| സാമൂഹിക സേവനവും പോഷകാഹാരവും | 427.00 | 33.48 | 460.48 |
| മറ്റു സാമൂഹിക പ്രവർത്തനങ്ങൾ | 1,590.05 (സി) | 94.21 | 1,684.26 |
| കൃഷിയും മറ്റു അനുബന്ധ സേവനങ്ങളും | 7,358.09 | 440.40 | 7,758.12(ഡി) |
| ഗ്രാമവികസനം | 7,468.64 | 1,190.17 | 8,658.81 |
| പ്രത്യേക പ്രദേശ പരിപാടികൾ | 52.51 | 0.40 | 52.91 |
| ജലസേചനവും-വെള്ളപ്പൊക്ക നിയന്ത്രണവും | 9,110.04 | 341.05 | 9,451.09 |
| ഊർജ്ജം | 53.20 | 2.22 | 55.42 |
| വ്യവസായങ്ങളും ധാതുക്കളും | 7,276.67 (ഇ) | 547.89 | 7,821.00 (എഫ്) |
| ഗതാഗതം | 44,071.63 | 3,054.49 | 47,126.12 |
| ശാസ്ത്രസാങ്കേതികവും പരിസ്ഥിതിയും | 5.51 | | 5.51 |
| പൊതു സാമ്പത്തിക സർവ്വീസുകൾ | 21,464.72 | 4,815.00 | 26,279.72 |
| മൊത്തം-മൂലധന ചെലവുകൾ | 1,21,784.76 | 13,584.45 | 1,35,321.70 (#) |

@ ക്രമപ്പെടുത്തൽ കാരണം ₹ 0.01 കോടിയുടെ വ്യത്യാസം വന്നു.

(എ) കാലാവധി കഴിഞ്ഞ ഓഹരി മൂലധന വരവുകൾ, മൂലധന വരവുകളിലേയ്ക്ക് മാറ്റിയത് കാരണം ₹ 3.58 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

(ബി) 2022-23 കാലയളവിൽ ചെലവുകൾ 2225-02-102-71-34 ഹെഡ്ഡിനു കീഴിൽ പുനർവർഗ്ഗീകരണം നടത്തിയതു കാരണം ₹ 3.25 കോടിയുടെ പ്രൊഫോർമ വർദ്ധനവ് വന്നു.

(സി) ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിനുള്ള റവന്യൂ ചെലവുകൾ പുനർവർഗ്ഗീകരണം നടത്തിയതു കാരണം ₹ 4.45 കോടിയുടെ പ്രൊഫോർമ വർദ്ധനവ് വന്നു.

(ഡി) കാലാവധി കഴിഞ്ഞ ഓഹരി മൂലധന വരവുകൾ, മൂലധന വരവുകളിലേയ്ക്ക് മാറ്റിയത് കാരണം ₹ 40.37 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

(ഇ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ കമ്പനി (₹ 34.51 കോടി), കേരള സംസ്ഥാന ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (₹ 72 കോടി) എന്നിവയുടെ വായ്പ ഓഹരിയായി മാറ്റിയത് കാരണം ₹ 106.51 കോടിയുടെ പ്രൊഫോർമ വർദ്ധനവ് വന്നു.

(എഫ്) കാലാവധി കഴിഞ്ഞ ഓഹരി മൂലധന വരവുകൾ, മൂലധന വരവുകളിലേയ്ക്ക് മാറ്റിയത് കാരണം ₹ 3.56 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

(#) ഈ സ്റ്റേറ്റ്മെന്റിന്റെ (എ), (ഡി) അടിക്കുറിപ്പ് പ്രകാരം ₹ 47.51 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

## 12. റവന്യൂ കണക്കുകളിൽ അല്ലാതെയുള്ള ചെലവുകൾക്കുള്ള ഫണ്ടുകളുടെ സ്രോതസ്സിന്റെയും നടത്തിപ്പിന്റെയും സ്റ്റേറ്റ്മെന്റ് - *തുടർച്ച*

| ഹെഡ്ഡുകൾ | 2023 ഏപ്രിൽ 1 ന് ഉള്ളത് | 2023-24 കാലയളവിൽ | 2024 മാർച്ച് 31 ന് ഉള്ളത് |
|---|---|---|---|
| | | ***(₹ കോടിയിൽ)*** | |
| **മൂലധനവും മറ്റുചെലവുകളും** - *അവസാനിച്ചു* | | | |
| **വായ്പകളും മുൻകൂറുകളും -** | | | |
| **വിവിധ സർവ്വീസുകൾക്കുള്ള വായ്പകളും മുൻകൂറുകളും** | | | |
| പൊതുസേവനം | 1.94 | | 1.94 |
| വിദ്യാഭ്യാസം, കായികവിനോദം, കലയും-സംസ്കാരവും | 77.18 | 0.50 | 77.68 |
| ആരോഗ്യവും കുടുംബക്ഷേമവും | 451.91 | 0.30 | 452.21 |
| ശുദ്ധജലവിതരണം, ശുചീകരണം, ഭവനനിർമ്മാണം, നഗരവികസനവും | 3,958.67 | (-)16.46 | **3,942.21** |
| പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗം, ന്യൂനപക്ഷം എന്നിവയക്കുള്ള ക്ഷേമം | 5.17 | (-)0.01 | 5.16 |
| സാമൂഹിക സേവനവും പോഷകാഹാരവും | 3.92 | | 3.92 |
| മറ്റു സാമൂഹിക സേവനങ്ങൾ | 50.08 | 4.16 | 54.24 |
| കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | 1,155.51 | 3.50 | 1,159.01 |
| ഗ്രാമ വികസനം | 0.57 | | 0.57 |
| പ്രത്യേക ഏരിയ പരിപാടികൾ | 0.29 | | 0.29 |
| ഊർജ്ജം | 3,031.62 | 43.52 | 3,075.14 |
| വ്യവസായങ്ങളും ധാതുക്കളും | 3,890.74 (ജി) | 272.16 | 4,162.90 |
| ഗതാഗതം | 10,706.19 | 2,214.69 | 12,920.88 |
| പൊതു സാമ്പത്തിക സർവ്വീസുകൾ | 16.98 | | 16.98 |
| സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ | 994.33 | 59.50 | 1,053.83 |
| പലവക വായ്പകൾ | 11.92 | (-)0.94 | 10.99 |
| മൊത്തം വായ്പകളും മുൻകൂറുകളും | 24,357.02 (ജി) | 2,580.92 | 26,937.94 |
| **മൊത്തം-മൂലധനവും മറ്റു ചെലവുകളും** | 146,141.78 (എച്ച്) | 16,165.37 | 162,259.64 (ഐ) |
| കിഴിവ്: (i) ആകസ്മിക നിധിയിൽ നിന്നുള്ള അംശദാനം | | | |
| (ii) പലവക മൂലധന വരവുകളിൽ നിന്നുള്ള അംശദാനം | 491.03 | 47.51 | 538.54 |
| (iii) കരുതൽ നിധി, വികസനഫണ്ട് എന്നിവയിൽ നിന്നുള്ള അംശദാനം | | | |
| അറ്റ-മൂലധനവും മറ്റു ചെലവുകളും | 1,45,650.75 | 16,117.86 | 1,61,721.10 (ഐ) |

(ജി) (i) കേരള സംസ്ഥാന ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (₹ 72 കോടി) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ കമ്പനി (₹ 34.51 കോടി), എന്നിവയുടെ വായ്പ ഓഹരി മൂലധനമായി മാറ്റിയത് കാരണം ₹ 106.51 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

(ii) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ വായ്പ ഗ്രാന്റായി മാറ്റിയത് കാരണം ₹ 5.00 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

(എച്ച്) ഈ സ്റ്റേറ്റ്മെന്റിന്റെ അടിക്കുറിപ്പ് (ബി) ഉം (സി) ഉം (ഇ) ഉം (ജി) ഉം പ്രകാരം ₹ 2.70 കോടിയുടെ പ്രൊഫോർമ വർദ്ധനവ് വന്നു.

(ഐ) ഈ സ്റ്റേറ്റ്മെന്റിന്റെ (#) അടിക്കുറിപ്പ് പ്രകാരം ₹ 47.51 കോടിയുടെ പ്രൊഫോർമ കുറവ് വന്നു.

## 12. റവന്യു കണക്കുകളിൽ അല്ലാതെയുള്ള ചെലവുകൾക്കുള്ള ഫണ്ടുകളുടെ സ്രോതസ്സിന്റെയും നടത്തിപ്പിന്റെയും സ്റ്റേറ്റ്മെന്റ്- *തുടർച്ച*

| ഹെഡ്ഡുകൾ | 2023 ഏപ്രിൽ 1 ന് ഉള്ളത് | 2023-24 കാലയളവിൽ | 2024 മാർച്ച് 31 ന് ഉള്ളത് |
|---|---|---|---|
| | | *(₹ കോടിയിൽ)* | |
| **ഫണ്ടുകളുടെ പ്രധാന സ്രോതസ്സുകൾ** | | | |
| **കടം -** | | | |
| സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര കടം | 2,27,137.07 | 30,020.85 | 2,57,157.92 |
| കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച വായ്പകളും മുൻകൂറുകളും | 25,369.21 | (-)31.83 | 25,337.38 |
| ലഘു നിക്ഷേപങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ | 1,24,190.92 | (-)246.68 | 1,23,944.24 |
| മൊത്തം കടം | 3,76,697.20 | 29,742.34 | 4,06,439.54 |
| **മറ്റു ബാധ്യതകൾ -** | | | |
| ആകസ്മിക നിധി | 100.00 | | 100.00 |
| കരുതൽ ധനം | 3,452.19 | 704.46 | 4,156.65 |
| നിക്ഷേപങ്ങളും മുൻകൂറുകളും | 7,544.08 | 68.66 | 7,612.74 |
| സസ്പെൻസും പലവകയും | 235.74 | (-)85.31 | 150.43 |
| പണം ഒടുക്കലുകൾ | (-)1,125.12 | 1,207.03 | 81.91 |
| മൊത്തം - മറ്റു ബാദ്ധ്യതകൾ | 10,206.89 | 1,894.84 | 12,101.73 |
| **മൊത്തം - കടവും മറ്റുവരവുകളും** | 3,86,904.09 | 31,637.18 | 4,18,541.27 |
| കൂട്ടൽ - വിരമിക്കലിന്റേയും/വിറ്റഴിക്കലിന്റേയും ക്രമീകരണം | (-)442.14 (ഐ) | | (-)489.65 (ജെ) |
| കിഴിക്കൽ: (i) നീക്കിയിരുപ്പ് പണം | 182.69 | 92.67 | 275.36 |
| (ii) നിക്ഷേപങ്ങൾ | 9,815.47 | (-)2,717.00 | 7,098.47 |
| കൂട്ടൽ: 2023-24 കാലയളവിൽ സർക്കാർ കണക്കിൽ അവസാനിച്ച തുക | 396.92 | (-)3.46 | 393.46 |
| മൊത്തം | 3,76,860.71 | 34,258.05 (കെ) | 4,11,071.25 (എൽ) |
| കിഴിവ് - റവന്യു കമ്മി | | 18,140.19 | |
| അറ്റ - നിക്ഷേപ വിഹിതം | | 16,117.86 | |
| വരുംകാല അറ്റമൂലധനവും മറ്റ് ചെലവുകളും | | 1,61,721.10 | |
| നിലവിൽ നിക്ഷേപങ്ങളുടെ പ്രധാന ഉറവിടം | | 4,11,071.24 | |
| വ്യത്യാസം | | 2,49,350.14 | |

## 12. റവന്യൂ കണക്കുകളിൽ അല്ലാതെയുള്ള ചെലവുകൾക്കുള്ള ഫണ്ടുകളുടെ സ്രോതസ്സിന്റെയും നടത്തിപ്പിന്റെയും സ്റ്റേറ്റ്മെന്റ് - *അവസാനിച്ചു*

| ഹെഡ്ഡുകൾ | 2022 ഏപ്രിൽ 1 ന് ഉള്ളത് | 2022–23 കാലയളവിൽ | 2023 മാർച്ച് 31 ന് ഉള്ളത് |
|---|---|---|---|

*(₹ കോടിയിൽ)*

₹ 2,49,350.14 കോടിയുടെ വ്യത്യാസം താഴെ വിവരിക്കുന്നു.

| | |
|---|---|
| സഞ്ചിത വരുമാന കമ്മി | 2,49,350.14 |
| ആകെ | 2,49,350.14 |

(ഐ) ഫണ്ടുകളുടെ പ്രധാന സ്രോതസ്സുകളുടേയും ഫണ്ടുകളുടെ വിനിയോഗത്തിന്റേയും കീഴിലുള്ള തുകകളെ സമതുലിതമാക്കുന്നതിന് മൈനസ്സ് തുകയായി കാണിച്ചിരിക്കുന്നു.

(ജെ) ഓഹരി മൂലധനത്തിന്റെ വിരമിക്കൽ കാരണം മൂലധനം ചെലവ് ₹ 47.51 കോടി കുറച്ചതിന്റെ ഫലമായി ഫണ്ടുകളുടെ പ്രധാന സ്രോതസ്സുകളുടേയും ഫണ്ടുകളുടെയും വിനിയോഗത്തിന്റേയും കീഴിലുള്ള തുകകൾ സമതുലിതമാക്കുന്നതിനുള്ള ക്രമീകരണ രേഖപ്പെടുത്തലിനെ പ്രതിനിധീകരിക്കുന്നു.

(കെ) ₹ 16,117.86 കോടി (അറ്റമൂലധനവും മറ്റു ചെലവുകളും) യിൽ നിന്നും ₹ 18,140.19 കോടിയായി (റവന്യൂ കമ്മി) വ്യത്യാസം വന്നിരിക്കുന്നു.

(എൽ)(i) ഈ വിവരണത്തിന്റെ അടിക്കുറിപ്പ് (#) പ്രകാരം അന്തിമ നീക്കിയിരുപ്പിൽ വിറ്റഴിക്കലിന്റേയും വിരമിക്കലിന്റേയും കാരണത്താൽ വന്ന ക്രമീകരണം കൊണ്ടുള്ള ₹47.51 കോടിയുടെ സമാന്തര വ്യത്യാസം.

(ii) സ്റ്റേറ്റ്മെന്റ് നം. 1-ൽ നിന്നും 442.33 കോടി വ്യത്യാസപ്പെട്ടിരിക്കുന്നു, ആയത് പൊരുത്തപ്പെടുത്തലിലാണ്.

## 13. സഞ്ചിത നിധിയിലെയും ആകസ്മിക നിധിയിലെയും പൊതു കണക്കിലെയും നീക്കിയിരിപ്പിന്റെ സംഗ്രഹം

**എ. 2024 മാർച്ച് 31ന് ഉള്ള നീക്കിയിരിപ്പുകളുടെ സംഗ്രഹം താഴെയുള്ള പ്രകാരമാണ്.**

| ഡെബിറ്റുകളുടെ നീക്കിയിരിപ്പ് (₹ കോടിയിൽ) | പൊതു കണക്കുകളുടെ മേഖല | കണക്കുകളുടെ പേര് | ക്രെഡിറ്റുകളുടെ നീക്കിയിരിപ്പ് (₹ കോടിയിൽ) |
|---|---|---|---|
| | | **സഞ്ചിത നിധി–** | |
| 3,84,229.50(*) | എ മുതൽ ഡി വരേയും എൽ–ന്റെ ഭാഗവും (എം.എച്ച് 8680മാത്രം) | സർക്കാർ കണക്കുകൾ | |
| | ഇ | പൊതുകടം | 2,82,495.30 |
| 26,937.94 | എഫ് | വായ്പകളും മുൻകൂറുകളും | |
| | | **ആകസ്മിക നിധി–** | |
| | | ആകസ്മിക നിധി | 100.00 |
| | | **പൊതു കണക്കുകൾ** | |
| | ഐ | ലഘു സമ്പാദ്യം പ്രോവിഡന്റ് ഫണ്ട് മുതലായവ | 1,23,944.24 |
| | ജെ | **കരുതൽ ധനങ്ങൾ** | |
| | | (i) പലിശ ഉള്ള കരുതൽധനങ്ങൾ | 770.89 |
| | | (ii) പലിശ ഇല്ലാത്ത കരുതൽധനങ്ങൾ | |
| | | ആകെ നീക്കിയിരിപ്പ് | 3,385.76 |
| 3,047.21 | | നിക്ഷേപങ്ങൾ | |
| | കെ | **നിക്ഷേപങ്ങളും മുൻകൂറുകളും** | |
| | | (i) പലിശ ഉള്ള നിക്ഷേപങ്ങൾ | 0.30 |
| | | (ii) പലിശ ഇല്ലാത്ത നിക്ഷേപങ്ങൾ | 7,671.87 |
| 59.43 | | (iii) മുൻകൂറുകൾ | |
| | എൽ | **സസ്പെൻസും പലവകയും** | |
| 4,051.26 | | നിക്ഷേപങ്ങൾ | |
| | | മറ്റിനങ്ങൾ (അറ്റ) | 150.43 |
| | എം | **പണം ഒടുക്കലുകൾ** | 81.91 |
| 275.36 | എൻ | **നീക്കിയിരിപ്പ് പണം** | (**) |
| 4,18,600.70 | | **മൊത്തം** | 4,18,600.70 |

(*) സർക്കാർ അക്കൗണ്ടിംഗിൽ ബുക്ക് കീപ്പിംഗ് സിസ്റ്റത്തെപ്പറ്റിയുള്ള വിവരം അടങ്ങുന്ന താഴെ 'ബി'യിലുള്ള വിശദീകരണ കുറിപ്പുകൾ ദയവായി കണ്ടാലും.

(**) സർക്കാരിന്റെ നീക്കിയിരിപ്പ് പണത്തിന്റെ ഘടകമായ റിസർവ്വ് ബാങ്ക് നിക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം കണക്കുകളിൽ കാണുന്ന തുകകളും ഭാരതീയ റിസർവ്വ് ബാങ്ക് അറിയിച്ചവയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾക്ക് പുറം 612 സ്റ്റേറ്റ്മെന്റ് 21-ന്റെ അടിക്കുറിപ്പ് (എം) ദയവായി കണ്ടാലും.

## 13. സഞ്ചിത നിധിയിലെയും ആകസ്മിക നിധിയിലെയും പൊതു കണക്കിലെയും നീക്കിയിരിപ്പിന്റെ സംഗ്രഹം.

**ബി. സർക്കാർ അക്കൗണ്ട്:** സർക്കാർ കണക്കുകളിൽ പിൻതുടരുന്ന ബുക്ക് കീപ്പിംഗ് സിസ്റ്റത്തിനുകീഴിൽ, റവന്യു, മൂലധനം, വർഷാവർഷങ്ങളിലെ കണക്കുകളിലേക്ക് കൂട്ടാത്ത സർക്കാർ നീക്കിയിരുപ്പുകൾ എന്നിവയിൽ വക കൊള്ളിച്ചതുമായ തുകകൾ, 'സർക്കാർ കണക്കുകൾ' എന്ന ഒറ്റ ഹെഡ്ഡിൽ ഉൾക്കൊള്ളിക്കുന്നു. ഈ ഹെഡ്ഡിൽ വരുന്ന നീക്കിയിരുപ്പ് അത്തരം എല്ലാ ഇടപാടുകളുടേയും സഞ്ചിത ഫലത്തെ പ്രതിനിധീകരിക്കുന്നു.

ഇതിലേക്ക്, പൊതുകടം, വായ്പകളും മുൻകൂറുകളും, ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ, കരുതൽ ഫണ്ടുകൾ, നിക്ഷേപങ്ങളും മുൻകൂറുകളും, സസ്പൻസും പലവകകളും (പലവക സർക്കാർ കണക്കുകൾ ഒഴികെ), പണം ഒടുക്കലുകൾ, ആകസ്മിക നിധി മുതലായവയുടെ കീഴിലുള്ള നീക്കിയിരുപ്പുകൾ കൂട്ടുകയും, വർഷാവസാനത്തിലുള്ള അന്തിമ നീക്കിയിരുപ്പ് പണം കണക്കാക്കുകയും തെളിയിക്കുകയും വേണം.

സർക്കാരിന് ലഭിച്ചതും, തിരിച്ചു കൊടുക്കാൻ ബാധ്യതയുള്ളതും കൊടുത്ത തുകയിൽ തിരിച്ചുപിടിക്കൻ അവകാശമുള്ളതും പണം ഒടുക്കൽ സംബന്ധിച്ചുള്ള ഇടപാടുകൾ ക്രമീകരിക്കുന്നതിനായി സർക്കാർ ബുക്കിൽ തുടങ്ങിയ ഹെഡ്ഡുകളെയും സംബന്ധിക്കുന്ന സർക്കാർ ബുക്കുകളിലെ എല്ലാ കണക്കു ഹെഡ്ഡുകളിലേയും നീക്കിയിരുപ്പുകൾ ഈ സംഗ്രഹത്തിലെ മറ്റു ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*ഈ നീക്കിയിരുപ്പുകളെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു സമ്പൂർണ്ണ രേഖയായി കണക്കാക്കാൻ സാധിക്കുന്നതല്ല എന്ന് മനസ്സിലാക്കേണ്ടതുണ്ട്. കാരണം; ഇന്ന് സംസ്ഥാനത്തിന്റെ ഭൗതികസ്വത്തുക്കളായ ഭൂസ്വത്ത്, കെട്ടിടങ്ങൾ, കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ സ്വീകരിച്ചുവരുന്ന പണം അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗിന്റെ കീഴിൽ, അടയ്ക്കാനുള്ള കുടിശ്ശികകൾ, വീട്ടാനുള്ള ബാധ്യതകൾ എന്നിവയും കണക്കിലെടുത്തിട്ടില്ല.*

---

(i) ധാരാളം കേസുകളിൽ, ആകസ്മിക നിധിയുടെ വിശദമായ സ്റ്റേറ്റുമെന്റുകളിലും, പൊതുകണക്കുകളിലും, റിപ്പോർട്ട് ചെയ്ത പ്രകാരം (സ്റ്റേറ്റ്മെന്റ് 21) പ്രസ്തുത ഉദ്ദേശ്യത്തിനായി വകുപ്പുതല ഓഫീസുകളിലും, അക്കൗണ്ട് ഓഫീസിലും സൂക്ഷിച്ചിട്ടുള്ള പ്രത്യേകം രജിസ്റ്ററുകളിലോ മറ്റു രേഖകളിലോ ചേർത്തിട്ടുള്ള പ്രകാരവും അന്തിമ നീക്കിയിരിപ്പുകളിൽ പൊരുത്തപ്പെടാത്ത വ്യത്യാസങ്ങൾ ഉണ്ട്. ഈ പൊരുത്തക്കേടുകൾ തീർപ്പാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(ii) നീക്കിയിരുപ്പുകൾ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എല്ലാ വർഷവും അയച്ചുകൊടുക്കാറുണ്ട്. എന്നാൽ അധികം കേസുകളിലും അപ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടില്ല.

## 13. സഞ്ചിത നിധിയിലെയും ആകസ്മിക നിധിയിലെയും പൊതു കണക്കിലെയും നീക്കിയിരിപ്പിന്റെ സംഗ്രഹം - *അവസാനിക്കുന്നു.*

**വർഷാന്ത്യത്തിലെ സർക്കാർ കണക്കിന്റെ ഡബിറ്റിലെ അറ്റ തുക കണക്കാക്കിയത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്:-**

| ഡബിറ്റ് (₹ കോടിയിൽ) | | | വിവരണം | ക്രഡിറ്റ് (₹ കോടിയിൽ) |
|---|---|---|---|---|
| | | എ. | സർക്കാരിന്റെ ചെലവിനത്തിൽ ഉള്ള തുക | |
| 3,52,548.91 | (എ) | | 2023 ഏപ്രിൽ 1-ലെ കണക്ക് | |
| | | ബി. | വരവ് ഹെഡ്ഡുകൾ (റവന്യു കണക്കുകൾ) | 1,24,486.15 |
| | | സി. | വരവ് ഹെഡ്ഡുകൾ (മൂലധന കണക്കുകൾ) | 47.51 |
| 1,42,626.34 | | ഡി. | ചെലവ് ഹെഡ്ഡുകൾ (റവന്യു കണക്കുകൾ) | |
| 13,584.45 | | ഇ. | ചെലവ് ഹെഡ്ഡുകൾ (മൂലധന കണക്കുകൾ) | |
| 3.46 | | എഫ്. | സസ്പെൻസും പല വകയും (പലവക സർക്കാർ കണക്കുകൾ) | |
| | | ജി. | 2024 മാർച്ച് 31 ന് സർക്കാരിന്റെ ചെലവ് കണക്കുകൾ) | 3,84,229.50 |
| 5,08,763.16 | | | മൊത്തം | 5,08,763.16 |

| | | |
|---|---|---|
| (എ) | ഇത് താഴെ പറയും പ്രകാരം കണക്കാക്കിയിരിക്കുന്നു- | |
| (1) | 2023 മാർച്ച് 31 നുള്ള നീക്കിയിരുപ്പ് | 3,52,437.40 |
| (2) | കേരള സസ്ഥാന ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷന് (₹ 72 കോടി) അനുവദിച്ച വായ്പ ഓഹരി മൂലധനമായി ക്രമപ്പെടുത്തിയ കാരണത്താൽ പ്രൊഫോർമ കണക്കിൽ കുറവ് വന്നു. | 72.00 |
| (3) | കേരള സസ്ഥാന ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് (₹ 34.51 കോടി) അനുവദിച്ച വായ്പ ഓഹരി മൂലധനമായി ക്രമപ്പെടുത്തിയ കാരണത്താൽ പ്രൊഫോർമ കണക്കിൽ കുറവ് വന്നു. | 34.51 |
| (4) | കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് (₹ 5.00 കോടി) അനുവദിച്ച വായ്പ ഓഹരി മൂലധനമായി ക്രമപ്പെടുത്തിയ കാരണത്താൽ പ്രൊഫോർമ കണക്കിൽ കുറവ് വന്നു. | 5.00 |
| | | 3,52,548.91 |

# 2023-24 ലേക്കുള്ള സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകൾ

## 1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് പോളിസികളുടെ സംഗ്രഹം:

**(i) റിപ്പോർട്ട് ചെയ്യുന്ന സ്ഥാപനം:**

ഈ കണക്കുകൾ കേരള സർക്കാരിന്റെ ഇടപാടുകൾ അവതരിപ്പിക്കുന്നു. കേരള സർക്കാരിന്റെ വരവുകളുടെയും ചെലവുകളുടേയും കണക്കുകൾ 23 ജില്ലാ ട്രഷറികളും ഇ-ട്രഷറിയും ഉക്കൊള്ളുന്ന 24 അക്കൗണ്ടിംഗ് റെൻഡറിംഗ് യൂണിറ്റുകളും, പേ ആന്റ് അക്കൗണ്ട് ഓഫീസുകളും ലഭ്യമാക്കിയ പ്രാഥമിക കണക്കുകളും ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തി സമാഹരിച്ചിട്ടുള്ളവയുമാണ്. പൊതുമരാമത്ത് (70), വനം (89) ജലസേചനം (82), ദേശീയപാത (12) ഹാർബർ എഞ്ചിനീയറിംഗ് (12) എന്നിങ്ങനെ ഡിവിഷനുകളുടെ ഇടപാടുകൾ, മറ്റ് വകുപ്പുകളെപ്പോലെതന്നെ ട്രഷറിവഴി ആക്കിവരുന്നു. കേരളത്തിൽ സിസ്റ്റത്തിനകത്ത് നടത്തുന്ന ഓരോ ഇടപാടുകളും അക്കൗണ്ടന്റ് ജനറലിന് (എ & ഇ) നൽകുന്നതിനുള്ള ഉത്തരവാദിത്വം ട്രഷറികൾക്കാണ്. വി.എൽ.സി-യിൽ ഇ-ഡേറ്റാ സമാഹരിക്കുകയും ഇതിൽ നിന്ന് പ്രതിമാസ സിവിൽ കണക്കുകൾ തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. വർഷാവസാനത്തിൽ ഒരു കണക്കുകളും ഒഴിവാക്കിയിട്ടില്ലാത്തതാണ്.

**(ii) റിപ്പോർട്ടിംഗ് കാലയളവ്:**

ഈ കണക്കുകളുടെ റിപ്പോർട്ടിംഗ് കാലയളവ് 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയാണ്.

**(iii) റിപ്പോർട്ടിംഗ് കറൻസി:**

കേരള സർക്കാരിന്റെ കണക്കുകൾ ഇന്ത്യൻ രൂപയിൽ (₹) റിപ്പോർട്ട് ചെയ്യപ്പെടുന്നു.

**(iv) കണക്കുകളുടെ ഫാറം:** ഭരണഘടനയുടെ 150-ാം അനുച്ഛേദത്തിന് കീഴിൽ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഉപദേശമനുസരിച്ച്, രാഷ്ട്രപതി നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഫാറത്തിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും കണക്കുകൾ സൂക്ഷിക്കുന്നു. 150-ാം അനുച്ഛേദത്തിൽ ഉപയോഗിച്ചിരിക്കുന്ന 'ഫാറം' എന്ന വാക്കിന്, കണക്കുകൾ സൂക്ഷിക്കുന്ന വിപുലമായ ഫാറത്തിലുള്ള നിർദ്ദേശം മാത്രമല്ല, ഇടപാടുകൾ ഇനം തിരിച്ച് ചേർക്കേണ്ടുന്ന ഉചിതമായ ഹെഡ്ഡുകൾ തിരഞ്ഞെടുക്കുന്നത് കൂടി ഉൾക്കൊള്ളുന്ന വിപുലമായ അർത്ഥമുള്ളതും, ആയത് കണക്കുകളുടെ ചാർട്ട് ആയി രൂപപ്പെടുകയും ചെയ്യുന്നു.

**(v) ബഡ്ജറ്റിന്റേയും സാമ്പത്തിക റിപ്പോർട്ടിന്റേയും അടിസ്ഥാനം:**

ഇന്ത്യൻ ഭരണഘടനയുടെ 202-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തേക്ക് കണക്കാക്കിയ വരവുകളുടെയും ചെലവുകളുടെയും ഒരു സ്റ്റേറ്റ്മെന്റ്, വാർഷിക സാമ്പത്തിക സ്റ്റേറ്റുമെന്റുകൾ (ബഡ്ജറ്റ് എന്ന് വിളിക്കുന്നു), സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി ഗ്രാന്റുകളുടെയും/ധനവിനിയോഗങ്ങളുടെയും രൂപത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നു. ചെലവുകളിൽ കുറവ് വരുത്തുന്ന തട്ടിക്കിഴിക്കലിന് മറ്റുവിധത്തിൽ അനുമതിയുള്ള വസൂലാക്കലുകളും വരവുകളും ഇല്ലാതെ മൊത്ത അടിസ്ഥാനത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നു. ബഡ്ജറ്റിന്റേയും കണക്കുകളുടെയും ഹെഡ്ഡുകളെ സംബന്ധിക്കുന്ന എല്ലാ ഗ്രാന്റുകളും/ധനവിനിയോഗങ്ങളും, പുതിയ വർഷത്തിലേക്ക് എടുക്കേണ്ട നീക്കിയിരുപ്പുകൾ, സാമ്പത്തിക വർഷാവസാനം അസാധുവാകുന്നതാണ്.

**ബഡ്ജറ്റും കണക്കുകളും**

സംസ്ഥാനത്തിന്റെ ബഡ്ജറ്റും കണക്കുകളും ഇവ രണ്ടിലും പിൻതുടരുന്ന അക്കൗണ്ടിംഗ് കാലയളവും അക്കൗണ്ടിംഗിന്റെ പണാടിസ്ഥാനവും വർഗ്ഗീകരണത്തിന്റെ ഏകീകൃതാടിസ്ഥാനവും ഒന്നുതന്നെയാണ്. കണക്കുകൾ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് കംപ്ട്രോളർ

ജനറൽ ഓഫ് അക്കൗണ്ട്സ് വിജ്ഞാപനം ചെയ്യുന്ന പ്രകാരം മേജർ ഹെഡ്ഡുകളുടെയും മൈനർ ഹെഡ്ഡുകളുടെയും പട്ടിക അനുസരിച്ച് മൈനർ ഹെഡ്ഡ് തലത്തിലേക്ക് വർഗ്ഗീകരണം ചെയ്യപ്പെടുന്നു. മൈനർ ഹെഡ്ഡിന് താഴെ പിൻതുടരുന്ന വർഗ്ഗീകരണങ്ങൾ ഓരോ സംസ്ഥാനത്തിനുവേണ്ടിയും അക്കൗണ്ടന്റ് ജനറൽ (എ & ഇ) അംഗീകരിച്ചിട്ടുള്ള പ്രകാരമാണ്.

ഗ്രാന്റുകളും/ധനവിനിയോഗങ്ങളും താരതമ്യം ചെയ്തുകൊണ്ടുള്ള യഥാർത്ഥ ചെലവിനെ പ്രതിനി ധീകരിക്കുന്ന ധനവിനിയോഗ കണക്കുകൾ എന്ന രീതിയിൽ ഒരു പ്രത്യേക ബഡ്ജറ്റ് താരതമ്യ സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കുന്നു. ധനവിനിയോഗ കണക്കുകൾ മൊത്തമായ അടിസ്ഥാനത്തിൽ അവത രിപ്പിക്കുകയും, സാമ്പത്തിക കണക്കുകളിലെ അറ്റ സംഖ്യകൾ പൊരുത്തപ്പെടുത്തുന്നതിനായി ധന വിനിയോഗ കണക്കുകളിൽ ഒരു പൊരുത്തപ്പെടുത്തൽ സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയിരിക്കുന്നു.

**പണാടിസ്ഥാനം:**

കണക്കുകൾ അധികാരപ്പെടുത്തിയ പ്രകാരമുള്ള ബുക്ക് ക്രമീകരണങ്ങൾ ഒഴികെ റിപ്പോർട്ടിംഗ് കാലയളവിലെ യഥാർത്ഥ പണവരവുകളെയും ചെലവുകളെയും പ്രതിനിധാനം ചെയ്യുന്നു. സാമ്പത്തിക കണക്കുകളിലെ വരവുകളും ചെലവുകളും അറ്റ അടിസ്ഥാനത്തിലാണ്; അറ്റ വസൂലാക്കലുകളും കിഴിവുകളും മടക്കിക്കൊടുക്കലുകളും.

**ബുക്ക് ക്രമീകരണങ്ങൾ**

ബുക്ക് ക്രമീകരണങ്ങൾ കണക്കുകളിൽ ക്രമീകരണങ്ങളും/കണക്ക് തീർപ്പാക്കലുകളുമായി കാണപ്പെടുന്ന പണ-രഹിത ഇടപാടുകളാണ്. ഈ ഇടപാടുകളിൽ ചെലവ് കണക്കുകൾ ലഭ്യമാക്കുന്ന യൂണിറ്റ് തലത്തിൽ നടക്കുന്ന. ഉദാ: ശമ്പളത്തിൽ നിന്നുള്ള കിഴിവുകളും വസൂലാക്കലുകളും റവന്യു വരവുകളിലേക്കും /വായ്പകളിലേക്കും/പൊതുകണക്കിലേക്കും ക്രമീകരണം നടത്തുന്നതിനുള്ള ട്രഷറികൾ, ഡിവിഷനുകൾ മുതലായവയും, സഞ്ചിത നിധി, പൊതുകണക്ക് എന്നിവ തമ്മിൽ പണം മാറ്റുന്നതിനുള്ള 'നിൽ' ബില്ലുകളും.

ബുക്ക് ക്രമീകരണങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ (എ & ഇ) ഓഫീസിലും നടത്തിവരുന്നു. ഇവ മറ്റുള്ളവയുടെ കൂട്ടത്തിൽ, സഞ്ചിത നിധിയിൽ ഡബിറ്റ് വരുത്തി പൊതുകണക്കിൽ ഫണ്ട് സൃഷ്ടിക്കുന്നതിനും ഫണ്ടിലേക്ക് വിഹിതം നൽകുന്നതിനുമുള്ള വക കൊള്ളിക്കൽ (ഉദാ; ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്, സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, ഋണമോചന ഫണ്ട് മുതലായവ), സഞ്ചിത നിധിയിൽ ഡബിറ്റ് വരുത്തി പൊതുകണക്കിൽ കരുതൽ ഫണ്ടുകളിൽ നിക്ഷേപ കണക്കു ഹെഡ്ഡുകളിൽ ക്രഡിറ്റ് ചെയ്യൽ, മേജർ ഹെഡ് 2049-പലിശ നൽകലിൽ ഡബിറ്റ് ചെയ്തും പൊതുകണക്കിലെ പ്രസക്തമായ മേജർ ഹെഡ്ഡുകളിൽ ക്രഡിറ്റ് ചെയ്തും ജനറൽ പ്രോവിഡന്റ് ഫണ്ടിലേയും സംസ്ഥാന സർക്കാർ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിലേയും പലിശയുടെ വാർഷിക ക്രമീകരണം, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ, ഇന്ത്യ ഗവൺമെന്റിന്റെ പദ്ധതിയുടെ കീഴിൽ കടം ഒഴിവാക്കലിന്റെ ക്രമീകരണം ആകസ്മിക നിധിയിൽ നിന്നുള്ള വീണ്ടെടുക്കൽ മുതലായവ ഉൾപ്പെടുന്നു.

**മൂലധന-റവന്യു ചെലവുകൾ തമ്മിലുള്ള വർഗ്ഗീകരണം.**

സ്ഥായിയായ സ്വഭാവത്തിലുള്ള ഭൗതിക ആസ്തികൾ ആർജ്ജിക്കുന്നതിനുള്ള ലക്ഷ്യത്തോടുകൂടിയോ (സർക്കാർ സ്ഥാപനത്തിന്റെ ഉപയോഗത്തിനുള്ളതും സാധാരണ ഗതിയിലുള്ള ഇടപാടുകളിൽ വില്പനയ്ക്ക് അല്ലാത്തതും) അല്ലെങ്കിൽ നിലവിലുള്ള ആസ്തികളുടെ ഉപയോഗയോഗ്യത വർദ്ധിപ്പിക്കുന്നതിനോ വരുത്തുന്ന പ്രധാനപ്പെട്ട ചെലവുകളെ മൂലധന ചെലവെന്ന് സാമാന്യമായി നിർവ്വചിക്കുന്നു. അതിനുശേഷമുള്ള സംരക്ഷണം, അറ്റകുറ്റപ്പണികൾ, പരിപാലനം, പ്രവർത്തന ചെലവുകൾ എന്നിങ്ങനെ ആസ്തികൾ പ്രവർത്തന ക്രമത്തിലാക്കി സംരക്ഷിക്കുന്നതിനുള്ള

ചെലവുകൾ, കൂടാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവും ഭരണചെലവും ഉൾപ്പെടെ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി വരുന്ന മറ്റ് എല്ലാ ചെലവുകളും റവന്യു ചെലവുകളായി വർഗ്ഗീകരിച്ചിരിക്കുന്നു. മൂലധന ചെലവും റവന്യു ചെലവും കണക്കുകളിൽ വെവ്വേറെ കാണിച്ചിട്ടുണ്ട്.

**ചെലവുകളുടെ പ്ലാനിൽപ്പെട്ടതും പ്ലാനിൽപ്പെടാത്തതുമായ വർഗ്ഗീകരണങ്ങളുടെ ലയനം.**

ബഡ്ജറ്റിലെ ഘടനാപരമായ പരിഷ്കാരങ്ങളുടെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് 2017-18 വർഷം മുതൽ ചെലവുകളുടെ പ്ലാനിൽപ്പെട്ടും പ്ലാനിൽപ്പെടാത്തതുമായ വർഗ്ഗീകരണങ്ങൽ തമ്മിലുള്ള വ്യത്യാസം ഒഴിവാക്കിയിരുന്നു. എന്നിരുന്നാലും സംസ്ഥാന സർക്കാർ, ബഡ്ജറ്റിലെ പ്ലാനിൽപ്പെട്ടതും പ്ലാനിൽപ്പെടാത്തതുമായ ചെലവുകളുടെ നിലവിലുണ്ടായിരുന്ന വർഗ്ഗീകരണം തുടരുന്നതിനും തൽസ്ഥിതി നിലനിറുത്തുന്നതിന് മുൻഗണന നൽകുകയും പഞ്ചവത്സര പദ്ധതിയെ അടിസ്ഥാനപ്പെടുത്തിയുള്ള വികസന നയം പിൻതുടരുന്നതിനും തീരുമാനിച്ചിരുന്നു.

**ഭൗതികവും സാമ്പത്തികവുമായ ആസ്തികളും ബാധ്യതകളും:**

ഭൗതിക ആസ്തികളുടെയും സാമ്പത്തിക ആസ്തികളുടെയും (സർക്കാർ ഉണ്ടാക്കുന്ന നിക്ഷേപങ്ങൾ, വായ്പകൾ, മുൻകൂറുകൾ മുതലായവ പോലുള്ളത്) അതുപോലെതന്നെ കടബാധ്യത പോലുള്ള ബാധ്യതകൾ മുതലായവയുടെയും മൂല്യനിർണ്ണയം ചരിത്രവിലയിൽ നടത്തിയിട്ടുണ്ട്. ഭൗതിക ആസ്തികളിൽ മൂല്യക്ഷതം വരുത്തുകയോ സാമ്പത്തിക ആസ്തികൾ അമോർട്ടൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. ഭൗതിക ആസ്തികളിൽ അവയുടെ കാലാവധിക്കുശേഷമുണ്ടാകുന്ന നഷ്ടം കണക്കാക്കുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

**ഗ്രാന്റ്സ്-ഇൻ-എയ്ഡ്:**

ഐജിഎഎസ്-2 അനുസരിച്ച്, ഗ്രാന്റ്സ്-ഇൻ-എയ്ഡുകളുടെ അക്കൗണ്ടിംഗും തരംതിരിക്കലും, അനുസരിച്ച് പണമായി നൽകിയ ഗ്രാന്റ്സ്-ഇൻ-എയ്ഡ്, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ഉപദേശത്തിന്മേൽ പ്രസിഡന്റ് പ്രത്യേകം അധികാരപ്പെടുത്തുന്ന സംഗതികളിൽ ഒഴികെ, ഗ്രാന്റ് സ്വീകർത്താവ് ആസ്തികൾ രൂപീകരിക്കുന്നതിൽ അത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പോലും ചിലവാക്കുമ്പോൾ ആയത് റവന്യു ചെലവായി കണക്കാക്കുന്നു. ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും റവന്യു വരവുകളായി കണക്കാക്കുന്നു. സംസ്ഥാന സർക്കാർ നൽകിയ ഗ്രാന്റ്സ്-ഇൻ-എയ്ഡുകളുടെ അക്കൗണ്ടിംഗിനും തരംതിരിക്കലിനും ആവശ്യമായ വിശദ വിവരങ്ങൾ, സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് 10-ലും അനുബന്ധം III ലും കാണിച്ചിട്ടുണ്ട്. തരമായി ലഭിച്ച ഗ്രാന്റ്സ്-ഇൻ-എയ്ഡുകളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച പ്രകാരം വെളിപ്പെടുത്തി യിരിക്കുന്നു.

**വായ്പകളും മുൻകൂറുകളും**

ഐ.ജി.എ.എസ്. 3: സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും അനുസരിച്ച് സംസ്ഥാന സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടെയും വിശദവിവരങ്ങൾ സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് 7-ലും 18-ലും കാണിച്ചിട്ടുണ്ട്. 2024 മാർച്ച് 31 തീയതിയായി സ്റ്റേറ്റുമെന്റുകളിൽ കാണിച്ചിട്ടുള്ള നീക്കിയിരുപ്പ്, മുൻവർഷത്തെ നീക്കിയിരുപ്പിനോട് കൂടെ പ്രതിമാസ സിവിൽ കണക്കുകളിൽ കാണിച്ചിട്ടുള്ള നടപ്പുവർഷത്തെ ഇടപാടുകളും കൂടി കൂട്ടിയെടുത്താണ്.

**മുൻകാല ക്രമീകരണങ്ങൾ:**

ഐ.ജി.എ.എസ് 4-മുൻകാല ക്രമീകരണത്തിന് അനുസൃതമായി, സംസ്ഥാന സർക്കാർ നിലവിലുള്ള നടപടി ക്രമം അനുസരിച്ച് ക്രമീകരണം നടത്തുകയും അത്തരം വിവരങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇത്, മുൻകാലയളവിലെ പിശകുകളുമായി ബന്ധപ്പെട്ടതും, സർക്കാർ തീരുമാനങ്ങളിലുള്ള മാറ്റങ്ങളിൽ നിന്നുണ്ടാകുന്ന മുൻകാല ക്രമീകരണങ്ങൾ ആവശ്യമായ എൻട്രികൾ ഉൾക്കൊള്ളുന്ന തും, ആയത് നിലവിലുള്ള നീക്കിയിരിപ്പുകളെയും അക്കൗണ്ടുകൾ അവസാനിപ്പിച്ച മുൻവർഷങ്ങ ളിലെ ക്രമാനുഗത തുകകളേയും ബാധിച്ചേക്കാവുന്നതുമാണ്.

**വിരമിക്കൽ ആനുകൂല്യങ്ങൾ:**
റിപ്പോർട്ടിംഗ് കാലയളവിൽ പേ-അസ്-യു-ഗോ അടിസ്ഥാനത്തിൽ നൽകിയ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കണക്കുകളിൽ പ്രതിഫലിച്ചിട്ടുണ്ട്. എന്നാൽ പഴയ പെൻഷൻ പദ്ധതിയുടെ കീഴിലുള്ള ജീവനക്കാർക്ക് ഭാവിയിൽ വേണ്ടിവരുന്ന പെൻഷൻ ബാധ്യത, അതായത് ജീവനക്കാരുടെ കഴിഞ്ഞതും ഇപ്പോഴുള്ളതുമായ സേവനത്തിന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിലേക്കുള്ള ബാധ്യത കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**(vi) പൂർണ്ണസംഖ്യയാക്കൽ:**
ഓരോ സ്റ്റേറ്റുമെന്റുകളുടെയും മുകളിൽ പരാമർശിച്ചിട്ടുള്ളതുപോലെ, സ്റ്റേറ്റുമെന്റുകളിലെ സംഖ്യകളെ ₹ലക്ഷത്തിലും ₹കോടിയിലും പൂർണ്ണസംഖ്യയിൽ ആക്കി അവതരിപ്പിക്കുന്നു. വിവിധ സ്റ്റേറ്റുമെന്റുകളിലുടനീളം അടിസ്ഥാന സംഖ്യയും പൂർണ്ണ സംഖ്യയുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും വ്യത്യാസമുണ്ടാകുന്നത് സംഖ്യകളുടെ റൗണ്ടിംഗ് മൂലമാണ്.

**(vii) പണം നീക്കിയിരുപ്പുകൾ:**
കണക്കുകളിൽ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പണം നീക്കിയിരുപ്പുകൾ, ഭാരതീയ റിസർവ് ബാങ്കിന്റെ സെൻട്രൽ അക്കൗണ്ട്സ് സെക്ഷന്റെ കൈവശമുള്ള സംസ്ഥാന സർക്കാരിന്റെ കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു വർഷത്തിലെ മാർച്ച് 31 ന്റെ അവസാനമുള്ള സംസ്ഥാനത്തിന്റെ നീക്കിയിരുപ്പാണ്. പണം നീക്കിയിരുപ്പുകൾ, നടപ്പുവർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ സഞ്ചിതനിധി, ആകസ്മിക നിധി, പൊതുകണക്ക് എന്നിവ ഉൾപ്പെടുന്ന പണമിടപാടുകൾക്ക് ശേഷമുള്ള പണം നീക്കിയിരുപ്പിനെ പ്രതിഫലിക്കുന്നു. ബുക്ക് ക്രമീകരണങ്ങൾ പണമില്ലാത്ത ഇടപാടുകൾ ആയതിനാൽ, അത് പണം നീക്കിയിരുപ്പിനെ ബാധിക്കുന്നതല്ല. സാമ്പത്തിക കണക്കുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പണം നീക്കിയിരുപ്പുകൾ ഭാരതീയ റിസർവ് ബാങ്കിന്റെ ബുക്കുമായുള്ള പൊരുത്തപ്പെടുത്തിലിനു വിധേയമാണ്.

**(viii) ആകസ്മികവും പ്രതിബദ്ധതയുള്ളതുമായ ബാധ്യതകളുടെ വെളിപ്പെടുത്തൽ:**
ഐ.ജി.എ.എസ് - 1 സംസ്ഥാന സർക്കാർ ലഭ്യമാക്കിയ വിശദവിവരങ്ങൾ പ്രകാരം സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റുമെന്റുകൾ 9-ലും 20-ലും ഗ്യാരണ്ടികളുടെ സെക്ടർ/ക്ലാസ് അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ പ്രതിബദ്ധതാ അക്കൗണ്ടിംഗ് പിൻതുടരുന്നില്ല. പ്രതിബദ്ധതകൾ രേഖപ്പെടുത്തുകയോ പ്രതിബദ്ധതയ്ക്ക് എതിരായ ബാധ്യതകൾ കണക്കുകളിൽ അംഗീകരിക്കുകയോ ചെയ്യുന്നില്ല. പ്രതിബദ്ധതയുള്ള ബാധ്യതകളുടെ പൂർണ്ണവിവരങ്ങൾ സംസ്ഥാന സർക്കാർ നൽകിയിട്ടില്ലാത്തതാണ്.

**(ix) പാസ്സ് - ത്രൂ ഇടപാടുകൾ:**
സംസ്ഥാനം സമാഹരിച്ചതും എന്നാൽ മറ്റ് സ്ഥാപനത്തിലേക്ക് മാറ്റേണ്ടതുമായ വരവ് സ്വഭാവത്തിലുള്ള പാസ്സ് - ത്രൂ ഇടപാടുകൾ, സാമ്പത്തിക കണക്കുകൾക്കുള്ള കുറിപ്പുകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ സംസ്ഥാന കാംപാ (സിഎഎംപിഎ) ഫണ്ടിൽ നടപ്പുവർഷത്തിൽ സമാഹരിച്ചതിന്റെ 10 ശതമാനം, വാർഷിക അടിസ്ഥാനത്തിൽ ദേശീയ ഫണ്ടിലേക്ക് മാറ്റുന്നതും, ദേശീയ ധാതുപര്യവേഷണ ട്രസ്റ്റിനുള്ള റോയൽറ്റിയുടെ രണ്ട് ശതമാനം മാറ്റുന്നതും കേന്ദ്രാവിഷ്കൃത പദ്ധതിക്കും, കേന്ദ്രമേഖലാ പദ്ധതികളുമായി സംസ്ഥാനത്തിനു ലഭിച്ച കേന്ദ്രവിഹിതം ഏക നോഡൽ ഏജൻസിക്ക് മാറ്റിയതും പൊതുകണക്കിലുള്ള നിയുക്ത മേജർ ഹെഡ്ഡിൽ നിന്നും എൽപിഎസ് അംശദാനത്തെ നിയുക്ത ഫണ്ട് മാനേജറിലേക്ക് മാറ്റുന്നതും 2007 കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റുന്നതും, സംസ്ഥാന ചട്ടങ്ങൾ അനുസരിച്ച് കേരള അടിസ്ഥാന സൗകര്യ നിക്ഷേപഫണ്ട് ബോർഡിലേക്ക് (കിഫ്ബി) മാറ്റുന്നതും ഉൾപ്പെടുന്നു.

## 2. അക്കൗണ്ടിംഗ് ക്രമം പാലിക്കൽ:-

### (i) പ്രതിമാസ അക്കൗണ്ടുകൾ അവസാനിപ്പിച്ചതിനുശേഷം ട്രഷറികൾ അക്കൗണ്ടുകൾ മരവിപ്പിക്കാത്തത്:

നിലവിലുള്ള സമ്പ്രദായമനുസരിച്ച്, ഒരിക്കൽ അവസാനിപ്പിച്ച് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് നൽകിയ അക്കൗണ്ടുകൾ, ഏതെങ്കിലും മാറ്റങ്ങൾക്കു വേണ്ടി തുറക്കാൻ പാടില്ലാത്തതും അങ്ങനെ ചെയ്യുന്നത്, പ്രതിമാസ അക്കൗണ്ടുകളെ തെറ്റായി പ്രതിനിധീകരിക്കുന്നതുമാണ്. പ്രതിമാസ അക്കൗണ്ടുകൾ അവസാനിപ്പിച്ചതിനുശേഷം, ട്രഷറികൾ അക്കൗണ്ടുകൾ മരവിപ്പിക്കാതിരിക്കുന്നത്, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലേക്ക് പ്രതിമാസ കണക്കുകൾ സമർപ്പിച്ചതിനുശേഷം ഡാറ്റാ പരിഷ്കരണത്തിനുള്ള സാധ്യതകൾ നൽകുകയും, എജി ഓഫീസും കണക്കുകൾ സംസ്ഥാന സർക്കാരും തമ്മിലുള്ള കണക്കുകളുടെ/ഡാറ്റാകളുടെ പൊരുത്തക്കേടിലേക്ക് നയിക്കുകയും ചെയ്തേക്കാം. പ്രതിമാസ അക്കൗണ്ടുകൾ അവസാനിപ്പിക്കുകയും, അവ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയയ്ക്കുകയും ചെയ്തതിനുശേഷം, പ്രതിമാസ അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന്, ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിൽ (IFMS) ഒരു വ്യവസ്ഥയുണ്ട്. കേരള സംസ്ഥാനത്ത്, ട്രഷറികൾക്ക് കൃത്രിമം നടത്താനുള്ള അവസരമൊന്നും നൽകാതെ, പ്രതിമാസ കണക്കുകൾ അവസാനിപ്പിച്ച്, എജി (എ &ഇ)യ്ക്ക് അയച്ചതിനുശേഷം പ്രതിമാസ കണക്കുകൾ മരവിപ്പിക്കുന്നു.

### (ii) അനധികൃത ഹെഡ്ഡുകളുടെ പ്രവർത്തനം:

2023-24 വർഷക്കാലയളവിൽ, മേജർ-മൈനർ കണക്ക് ഹെഡ്ഡുകളുടെ ലിസ്റ്റിൽ, കണക്ക് ഹെഡ്ഡുകളുടെ ശരിയായ വർഗ്ഗീകരണത്തിന്റെ സ്ഥാനത്ത്, താഴെപ്പറയുന്ന കണക്ക് ഹെഡ്ഡുകളുടെ കീഴിൽ കേരള സർക്കാർ അനധികൃത വർഗ്ഗീകരണം നടത്തുകയും ബഡ്ജറ്റ് വകയിരുത്തൽ നൽകുകയും ചെയ്തു.

| ക്രമ നം. | 2023-24 സംസ്ഥാന ബഡ്ജറ്റിലെ അനധികൃത വർഗ്ഗീകരണം | LMMH-ലെ വർഗ്ഗീകരണം |
|---|---|---|
| 1 | 0235-60-200 മറ്റ് പുനരധിവാസ പദ്ധതികൾ | 0235-60 മറ്റ് സാമൂഹ്യസുരക്ഷാ ക്ഷേമ പരിപാടികളുടെ കീഴിൽ 200-മറ്റ് പുനരധിവാസ പദ്ധതികൾ എന്ന മൈനർ ഹെഡ് ഇല്ല |

### (iii) ഉപദേശം കൂടാതെ പുതിയ സബ് ഹെഡ്ഡുകൾ/ഡീറ്റെയിൽഡ് കണക്ക് ഹെഡ്ഡുകൾ ആരംഭിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ 150-ാം അനുച്ഛേദം അനുസരിച്ച് സംസ്ഥാനത്തിന്റെ കണക്കുകൾ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഉപദേശിക്കുന്ന പ്രകാരമുള്ള രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്. 2023-24 കാലയളവിൽ കേരള സംസ്ഥാന സർക്കാർ അക്കൗണ്ടന്റ് ജനറലിനെ അറിയിക്കാതെ ബഡ്ജറ്റിൽ പുതിയ സബ് ഹെഡ്ഡുകൾ ആരംഭിച്ചു. (റവന്യൂ വിഭാഗത്തിൽ 9-ഉം, മൂലധനവിഭാഗത്തിനു കീഴിൽ 5-ഉം).2023-24 കാലയളവിൽ കേരള സർക്കാർ ഈ ഹെഡ്ഡുകളുടെ കീഴിൽ ബഡ്ജറ്റ് വകയിരുത്തൽ ലഭ്യമാക്കുകയും, ഈ ഹെഡ്ഡുകളിലെ റവന്യൂ വിഭാഗത്തിനു കീഴിൽ ₹0.23 കോടിയും

മൂലധന വിഭാഗത്തിനു കീഴിൽ ₹1.05 കോടിയും ചെലവുവരുത്തി. ഏജീസ് ഓഫീസിന്റെ ഉപദേശം ആരായാത്തതും പുതിയ സബ് ഹെഡ്ഡുകൾ തുടങ്ങിയത് അറിയിക്കാത്തതും ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമാണ്.

## (iv) ബഡ്ജറ്റ് വകയിരുത്തൽ വിവരിക്കുന്നതിലുള്ള പൊരുത്തക്കേട്:

2023-24 വർഷക്കാലത്ത് ബഡ്ജറ്റ് വകയിരുത്തൽ വിവരിക്കുന്നതിൽ പൊരുത്തക്കേടുകളുടെ സംഗതികളൊന്നും കണ്ടിട്ടില്ലാത്തതാണ്.

## 3. സഞ്ചിത നിധി

### (i) ചരക്കു സേവന നികുതി:

2017 ജൂലൈ 1 മുതൽ ചരക്കുസേവന നികുതി (ജി.എസ്.ടി.) പ്രാബല്യത്തിൽ കൊണ്ടുവന്നു. 2022-23 ലെ സംസ്ഥാന ജി.എസ്.ടി. ശേഖരമായ ₹29,513.28 കോടിയുമായി താരതമ്യപ്പെടുത്തുമ്പോൾ ₹ 1,050.32 കോടിയുടെ (3.56 ശതമാനം) വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് 2023-24 ലെ ശേഖരം ₹30,563.60 കോടിയാണ്. ഇതിൽ ഐ.ജി.എസ്.ടി.യുടെ മുൻകൂർ വീതമായ ₹ (-) 332.10 കോടി വരുന്ന തുകയും ഉൾപ്പെടുന്നു. മൈനസ് തുകയ്ക്കുള്ള കാരണം, 26-12-2022 ന് ഐജിഎസ്റ്റി ബാലൻസിലുള്ള കുറവ് നികത്തുന്നതിന് മുൻകൂർ വിഭജനം ക്രമീകരിച്ചതാണ്. കൂടാതെ കേന്ദ്ര ചരക്ക് സേവന നികുതിയുടെ കീഴിൽ സംസ്ഥാനങ്ങൾക്ക് ഏല്പിച്ചുകൊടുത്ത അറ്റവരവുകളുടെ വീതമായി സംസ്ഥാനത്തിന് ₹6,598.65 കോടി ലഭിച്ചു. ജി.എസ്.ടി.യുടെ കീഴിൽ ഉള്ള മൊത്തം വരവുകൾ ₹ 37,162.25 കോടിയാണ്. 2023-24 കാലയളവിൽ ജി.എസ്.ടി. നടപ്പിലാക്കിയതു കാരണമുള്ള റവന്യൂ നഷ്ടത്തിന് സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഗ്രാന്റ്-ഇൻ-എയ്ഡായി ₹ 737.88 കോടി ലഭിച്ചു.

*ധനകാര്യ കണക്കുകളിലെ ബന്ധപ്പെട്ട അക്കങ്ങൾ സ്റ്റേറ്റ്മെന്റ് നം. 14 ൽ ലഭ്യമാണ്.*

### (ii) റവന്യൂ മൂലധന ചെലവുകൾ തമ്മിലുള്ള തെറ്റായ വർഗ്ഗീകരണം:

2023-24 വർഷക്കാലത്ത്, ചെലവ് റവന്യൂ വിഭാഗത്തിനു കീഴിൽ വകകൊള്ളിക്കുന്നതിനു പകരം മൂലധന വിഭാഗത്തിലോ അല്ലെങ്കിൽ മറിച്ചോ ഉള്ള തെറ്റായ വകകൊള്ളിക്കൽ നടത്തിയ സംഗതികളൊന്നും ശ്രദ്ധയിൽ വന്നിട്ടില്ലാത്തതാണ്.

### (iii) സംസ്ഥാനം നൽകിയ വരവുകളും ചെലവുകളും വായ്പകളും മുൻകൂറുകളും സി.സി.ഒ. മാരും അക്കൗണ്ടന്റ് ജനറൽ (എ&ഇ) യും തമ്മിൽ പൊരുത്തപ്പെടുത്തുന്നത്:

കേരള ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 74-ൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം, എല്ലാ നിയന്ത്രണോദ്യോഗസ്ഥന്മാരും, അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള അക്കൗണ്ട് ചെയ്തിട്ടുള്ള തുകകളുമായി സർക്കാരിന്റെ വരവുകളും ചെലവുകളും പൊരുത്തപ്പെടുത്തേണ്ടതാണ്. 2023-24 വർഷത്തിൽ, സംസ്ഥാന സർക്കാർ ₹77,337.29 കോടി വരുന്ന റവന്യൂ ചെലവുകളും (മൊത്തം റവന്യൂ വരവുകളുടെ 62.13 ശതമാനം) ₹1,17,805.57 കോടി വരുന്ന റവന്യൂ ചെലവുകളും (മൊത്തം റവന്യൂ ചെലവിന്റെ 82.60 ശതമാനം) ₹12,759.74 കോടി വരുന്ന മൂലധന ചെലവുകളും (മൊത്തം മൂലധന ചെലവിന്റെ 93.93 ശതമാനം) പൊരുത്തപ്പെടുത്തി. സംസ്ഥാന സർക്കാർ വായ്പകളും മുൻകൂറുകളുമായി നൽകിയ ₹2,556.76 കോടി വരുന്ന തുകയും പൊരുത്തപ്പെടുത്തി. (സംസ്ഥാന സർക്കാർ നൽകിയ മൊത്തം വായ്പകളുടെയും മുൻകൂറുകളുടെയും 77.58 ശതമാനം).

താരതമ്യപ്പെടുത്തിയാൽ, കഴിഞ്ഞ 2022-23 വർഷത്തിൽ, ₹90,680.28 കോടി വരുന്ന റവന്യൂ വരവുകളും

(മൊത്തം റവന്യൂ വരവുകളായ ₹1,32,724.65 കോടിയുടെ 68.32 ശതമാനം) ₹1,41,950.94 കോടിയുടെ ചെലവും (റവന്യൂ ചെലവായ ₹1,41,950.94 കോടിയുടെ 100 ശതമാനം) പൊരുത്തപ്പെടുത്തി. കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ നൽകിയ ₹2,134.34 കോടിയുടെ വായ്പകളും മുൻകൂറുകളും പൊരുത്ത പ്പെടുത്തി. (സംസ്ഥാന സർക്കാർ നൽകിയ മൊത്തം വായ്പകളുടെയും മുൻകൂറുകളുടെയും 76.47 ശതമാനം.)

**(iv) മൈനർഹെഡ്സ് 800-മറ്റു ചെലവുകളുടെയും 800-മറ്റു വരവുകളുടെയും കീഴിലുള്ള വക കൊള്ളിക്കൽ:**

മൈനർ ഹെഡ് 800-മറ്റ് ചെലവുകൾ/ 800-മറ്റ് വരവുകൾ പ്രവർത്തിപ്പിക്കേണ്ടത്, അക്കൗണ്ടുകളിൽ ഉചിതമായ മൈനർ ഹെഡ്ഡുകൾ ലഭ്യമല്ലാത്തപ്പോൾ മാത്രമാണ്. മൈനർ ഹെഡ്സ് 800 പ്രവർത്തിപ്പിക്കു ന്നത് അക്കൗണ്ടുകളിൽ അസ്പഷ്ഠത ഉണ്ടാക്കുന്നതിനാൽ അതിന്റെ പ്രവർത്തനം പതിവാക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

2023-24 വർഷത്തിൽ, 69 മേജർ കണക്കു ഹെഡ്ഡുകളുടെ കീഴിലായി മൊത്തം റവന്യൂവിന്റേയും മൂല ധന ചെലവിന്റേയും (₹1,56,210.79 കോടി) 6.43 ശതമാനം വരുന്ന ₹10,047.22 കോടി കണക്കുകളിൽ മൈനർ ഹെഡ്സ് 800 മറ്റു ചെലവുകൾ എന്നതിന്റെ കീഴിൽ വർഗ്ഗീകരിച്ചു. 2022-23 വർഷത്തിൽ 67 മേജർ ഹെഡ്ഡുകളുടെ കീഴിലായി മൊത്തം റവന്യൂവിന്റെയും മൂലധന ചെലവിന്റെയും (₹1,55,947.49 കോടി) 4.65 ശതമാനം വരുന്ന ₹7,248.36 കോടി, കണക്കുകളിൽ മൈനർ ഹെഡ്സ് 800- മറ്റു ചെലവുകൾ എന്നതിന്റെ കീഴിൽ വർഗ്ഗീകരിച്ചു.

അതുപോലെ തന്നെ, 2022-23 വർഷത്തിൽ 47 മേജർ ഹെഡ്ഡുകളുടെ കീഴിലായി മൊത്തം റവന്യൂ വ രവിന്റെ (₹1,24,486.15 കോടി) 1.14 ശതമാനം വരുന്ന ₹1,420.31 കോടി കണക്കുകളിൽ 800-മറ്റ് വരവുകൾ എന്നതിന്റെ കീഴിൽ വർഗ്ഗീകരിച്ചു.

മുൻവർഷത്തിൽ, 48 മേജർ കണക്കു ഹെഡ്ഡുകളിലായി മൊത്തം റവന്യൂ വരവിന്റെ (₹1,32,724.65 കോടി) 1.10 ശതമാനം വരുന്ന ₹1,459.48 കോടി കണക്കുകളിൽ 800 മറ്റ് വരവുകൾ എന്നതിന്റെ കീഴിൽ വർഗ്ഗീ കരിച്ചു.

ഉദാഹരണത്തിന്, സർവ്വേയും സെറ്റിൽമെന്റുമായി ബന്ധപ്പെട്ട വരവുകൾ 0029-00-106-നുപകരം, 0029-00-800-99 ൽ വകകൊള്ളിച്ചു. മാർക്കറ്റ് ഡവലപ്പ്മെന്റ് 2435-01-101 നു പകരം 2435-01-800-99-ൽ വകകൊള്ളിച്ചു. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലുള്ള ഇ ഗവേണൻസ് പരിശീലനവും കാര്യ ശേഷി വികസനവുമായി ബന്ധപ്പെട്ട ചെലവുകൾ 3055-00-003 ന് പകരം 3055-00-800-94 ൽ വകകൊ ള്ളിച്ചു. പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ 3435-03-102-89 ന് പകരം 3435-60-800-99 ൽ വകകൊ ള്ളിച്ചു.

ഇതിന്, സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ 14, 15, 16 എന്നിവയിൽ പരാമർശമുണ്ട്.

**(v) പ്ലാൻ സ്കീം ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് (പി.എസ്.റ്റി.എസ്.ബി.):**

കേരള സർക്കാർ, സഞ്ചിതനിധിയിൽ നിന്ന് ഫണ്ടുകൾ മാറ്റികൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതി നുള്ള പിഡി അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്ന സമ്പ്രദായം പിൻതുടരുന്നില്ല. ഈ ആവശ്യം പൊതു കണക്കിൽ 8031-അദർ സേവിംഗ് ഡെപ്പോസിറ്റ്സ്-102-സ്റ്റേറ്റ് സേവിംഗ് ബാങ്ക് ഡെപ്പോസിറ്റ്സ് 99- സേവിംഗ് ബാങ്ക് ഡെപ്പോസിറ്റ്സ് എന്ന ഹെഡ്ഡിനു കീഴിൽ ആരംഭിച്ച പ്ലാൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ വഴി നടത്തുന്നു.

സംസ്ഥാന സർക്കാർ 2018-19 മുതൽ, സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടേയും സംഘടനകളുടേയും പ്ലാൻ ഫണ്ടുകളുടെ വിനിയോഗം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (പിഎസ്റ്റിഎസ്ബി) എന്ന പേരിൽ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ ഒരു പുതിയ വിഭാഗം ആരംഭിച്ചു. ഈ പിഎസ്റ്റിഎസ്ബി സമ്പ്രദായം പൂർണ്ണമായും വിവരസാങ്കേതിക പ്രാപ്തിയുള്ളതും അക്കൗണ്ട് തിരിച്ചുള്ള പ്രത്യേകം ഭരണാനുമതി/പദ്ധതി സാധ്യമാകുന്നതിന് ഓരോ നിക്ഷേപങ്ങളും പിൻവലിക്കലുകളും രേഖപ്പെടുത്തുന്നതുമാണ്.

2024 മാർച്ച് 31 നുള്ള പിഎസ്റ്റിഎസ്ബി അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

(₹ കോടിയിൽ)

| **2023-ലെ ഏപ്രിൽ മുന്നിരിപ്പ്** | | **2023-24-ൽ കൂട്ടിച്ചേർത്തത്** | | **2023-24-ൽ പിൻവലിച്ചത്** | | **2024-ലെ ഏപ്രിൽ നീക്കിയിരിപ്പ്** | |
|---|---|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റർ മാരുടെ/ അക്കൗണ്ടുകളുടെ എണ്ണം | തുക | അഡ്മിനിസ്ട്രേറ്റർ മാരുടെ/ അക്കൗണ്ടുകളുടെ എണ്ണം | തുക | അഡ്മിനിസ്ട്രേറ്റർ മാരുടെ/ അക്കൗണ്ടുകളുടെ എണ്ണം | തുക | അഡ്മിനിസ്ട്രേറ്റർ മാരുടെ/ അക്കൗണ്ടുകളുടെ എണ്ണം | തുക |
| 2421 | 112.67 | 171 | 5,045.66 | 59 | 5,036.15 | 2533 | 122.18 |

*ഉറവിടം: ട്രഷറി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച വിവരങ്ങൾ*

**(vi) ക്രമീകരണം നടത്താത്ത അബ്സ്ട്രാക്റ്റ് കണ്ടിജന്റ് (എസി)/താത്ക്കാലിക മുൻകൂർ ബില്ലുകൾ:**

കേരള സർക്കാർ, അബ്സ്ട്രാക്ട് കണ്ടിജന്റ് ബില്ലുകളിൽ (എസി) എടുക്കുന്നതും തുടർന്ന് വിശദമായ കണ്ടിജൻസി (ഡിസി) ബില്ലുകൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ ഓഫീസിൽ സമർപ്പിക്കുന്നതുമായ സമ്പ്രദായം, നിർത്തലാക്കി, പകരം, കേരള ഫിനാൻഷ്യൽ കോഡ് (കെ.എഫ്.സി) വാല്യം 1-ലെ അനുച്ഛേദം 99 പ്രകാരം താൽക്കാലിക മുൻകൂറുകൾ (ടെമ്പററി അഡ്വാൻസുകൾ) എടുക്കുന്നതിന് ഡ്രോയിംഗ് ആൻഡ് ഡിസ്ബേർസിംഗ് ഓഫീസർമാരെ (ഡി.ഡി.ഒ. മാർ) അധികാരപ്പെടുത്തിയിരുന്നു.

2023-24 ൽ എടുത്ത ₹61.56 കോടിയുടെ 3,187 താൽക്കാലിക മുൻകൂർ ബില്ലുകളിൽ ₹9.28 കോടി വരുന്ന (15.08 ശതമാനം) 382 ബില്ലുകൾ 2024 മാർച്ചിൽ എടുത്തു. 2024 മാർച്ച് 31 വരെ സമർപ്പിക്കേണ്ടിയിരുന്ന 2023-24 ൽ എടുത്ത ₹31.52 കോടി വരുന്ന തുകയുടെ മൊത്തം 854 താൽക്കാലിക മുൻകൂർ ബില്ലുകളെ സംബന്ധിച്ചുള്ള ക്രമീകരണ ബില്ലുകൾ ലഭിച്ചിട്ടില്ല.

31-03-2024-ൽ കുടിശ്ശികയായ താൽക്കാലിക മുൻകൂർ ബില്ലുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:-

| **വർഷം** | **കുടിശ്ശികയായ താൽക്കാലിക മുൻകൂറുകളുടെ എണ്ണം** | **തുക (₹കോടിയിൽ)** |
|---|---|---|
| 2022-23 വരെ | 2018 | 89.36 |
| 2023-24 | 854 | 31.52 |
| **മൊത്തം** | **2872** | **120.88** |

*കാലാവധി തീയതിക്കു മുമ്പ് ക്രമീകരണം നടത്തിയ ബില്ലുകളുടെ വിശദവിവരങ്ങൾ ലഭ്യമല്ല*

*അവലംബം: ട്രഷറി ഡയറക്ടർ നൽകിയ വിവരങ്ങൾ*

എസ്എൻഎ-യുമായി ബന്ധപ്പെട്ട താൽക്കാലിക മുൻകൂറുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ ഇതിൽ ഉൾപ്പെടുന്നില്ല

**(vii) ഗ്രാന്റ്-ഇൻ-എയ്ഡിനുള്ള വിനിയോഗ സാക്ഷ്യപത്രം (യുസികൾ) ലഭിക്കാത്തത്:**

1963-ലെ കേരള ഫിനാൻഷ്യൽ കോഡ്, അദ്ധ്യായം VIII അനുച്ഛേദം 210(1) (ഭേദഗതി പ്രകാരം) ഗ്രാന്റ് സ്വീകർത്താവിന് ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡിനെ സംബന്ധിച്ച്, ഗ്രാന്റ് ലഭിച്ച തീയതി മുതൽ രണ്ടു വർഷത്തിനകമോ (വിനിയോഗ കാലയളവായി പരമാവധി ഒരു വർഷത്തിൽ സമയപരിധി ഗ്രാന്റിന്റെ വിനിയോഗത്തിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള കാലാവധി അവസാനിച്ചതിനു ശേഷം ഒപ്പുവയ്ക്കുന്നതോ അല്ലെങ്കിൽ മേലൊപ്പ് വയ്ക്കുന്നതോ ആയ അധികാരികൾക്ക് ആഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കുന്നതിനുള്ള ഒൻപത് മാസവും ആഡിറ്റ് ചെയ്ത കണക്കുകൾ ലഭിച്ചതു മുതൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിനുള്ള മൂന്നു മാസവും) അല്ലെങ്കിൽ അതേ വിഷയത്തിൽ കൂടുതൽ ഗ്രാന്റിനുവേണ്ടി അപേക്ഷിക്കുന്നതിനു മുമ്പോ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതിനകം വിനിയോഗ സാക്ഷ്യപത്രങ്ങൾ (യുസികൾ) നൽകേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാതിരിക്കുന്നിടത്തോളം സാമ്പത്തിക കണക്കുകളിൽ കാണിച്ചിരിക്കുന്ന തുകകൾ ഗുണഭോക്താക്കളിലേക്ക് എത്താതിരിക്കാം എന്ന സംശയത്തിനു സാധ്യതയുണ്ട്.

2023-24 കാലയളവിൽ 2022-23 വരെ കുടിശ്ശികയായ 119 കണ്ടീഷണൽ യുസികളെ സംബന്ധിക്കുന്ന ₹88.43 കോടി തീർപ്പാക്കി. 2024 മാർച്ച് വരെ തീർപ്പാക്കാനുള്ള കണ്ടിഷണൽ യുസികളുടെ സ്ഥിതി താഴെ ചേർക്കുന്നു.

| **വർഷം*** | **തീർപ്പാക്കാനുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ** | **തുക (₹കോടിയിൽ)** |
|---|---|---|
| 2022-23 വരെ | 7 | 1.01 |
| 2023-24 | 15 | 10.06 |
| മൊത്തം | 22 | 11.07 |
| **വർഷം*** | **സമർപ്പിക്കേണ്ട കാലാവധിക്കു മുമ്പായി സമർപ്പിച്ച യുസികളുടെ എണ്ണം** | **തുക (₹കോടിയിൽ)** |
| 2022-23 | ഇല്ല | ഇല്ല |
| 2023-24 | ഇല്ല | ഇല്ല |

* മുകളിൽ പരാമർശിച്ച വർഷം "കിട്ടേണ്ട വർഷത്തെ" സംബന്ധിക്കുന്നതാണ്. അതായത്, യഥാർത്ഥ

ത്തിൽ എടുത്തതിന്റെ 24 മാസങ്ങൾ/രണ്ട് വർഷത്തിനുശേഷം. ഇവിടെ പരാമർശിച്ച യുസികളിൽ എസ്എൻഎയുമായി ബന്ധപ്പെട്ട യുസികൾ ഇല്ല

സാമ്പത്തിക കണക്കുകളിലെ അപ്പൻഡിക്സ് III സ്റ്റേറ്റ്മെന്റ് 10-ലെ കണക്കുകളിൽ ഇതിന്റെ പരാമർശ മുണ്ട്.

**(viii) പലിശ ക്രമീകരണം:**

സർക്കാരിന് ജെ-കരുതൽ ഫണ്ടിന്റേയും (എ.പലിശസഹിത കരുതൽ ഫണ്ട്) കെ-നിക്ഷേപങ്ങളുടെയും മുൻകൂറുകളുടെയും (എ-പലിശ സഹിത നിക്ഷേപങ്ങൾ) വിഭാഗത്തിനു കീഴിലുള്ള ബാക്കികളെ സംബന്ധിക്കുന്ന പലിശ നൽകുന്നതിനോ/ക്രമീകരിക്കുന്നതിനോ ബാദ്ധ്യതയുള്ളതും, ഈ ആവശ്യത്തിനുവേണ്ടി മേജർ, മൈനർ കണക്കു ഹെഡ്ഡുകളുടെ പട്ടികയിൽ പ്രത്യേകമായി സബ്-മേജർ ഹെഡ്ഡുകൾ നൽകിയിട്ടുമുണ്ട്.

2023-24 വർഷത്തിലെ ഈ ഫണ്ടുകളുടെയും/നിക്ഷേപങ്ങളുടെയും സർക്കാർ നൽകിയ പലിശയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു:-

₹കോടിയിൽ

| ഫണ്ടുകൾ/ നിക്ഷേപങ്ങൾ | 2023 ഏപ്രിൽ 1 നുള്ള ബാക്കി | പലിശ കണക്കാക്കുന്ന/ നൽകിയ അടിസ്ഥാനം | കിട്ടാനുള്ള പലിശ | നൽകിയ പലിശ | പലിശ നൽകിയതിലെ കുറവ് |
|---|---|---|---|---|---|
| സംസ്ഥാന പരിഹാര്യ വനവൽക്കര നിക്ഷേപം | 46.42 | 2023-24-ലേക്ക് പലിശനിരക്ക് 3.35 ശതമാനം (പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലറുകൾ പ്രകാരം | 1.59 | ഇല്ല | 1.59 |
| സർക്കാർ ജീവനക്കാർക്ക് അംശദാന നിർവ്വചിത പെൻഷൻ പദ്ധതി | 0.19 | ജനറൽ പ്രോവിഡന്റ് ഫണ്ടിന് നൽകാനുള്ള പലിശയുടെ അഭാവത്തിൽ, സർക്കാർ വിജ്ഞാപനം ചെയ്ത പലിശനിരക്കിൽ കണക്കാക്കിയ പലിശ | 0.01 | ഇല്ല | 0.01 |
| **മൊത്തം** | | | **1.60** | | **1.60** |

₹1.60 കോടിയുടെ നൽകാത്ത/കുറവായി നൽകിയ പലിശ റവന്യൂ ചെലവിൽ ₹1.60 കോടിയുടെ ന്യൂനോക്തിക്കു കാരണമായി. കൂടാതെ റവന്യൂവിലും ധനക്കമ്മിയിലും അത്രയും അളവു വരെ ന്യൂനോക്തിക്കു കാരണമായി.

ഇതിന്റെ പരാമർശം സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റുകൾ 15, 21, 22 എന്നിവയിലെ സംഖ്യക

ളിൽ ഉണ്ട്.

**(ix) സർക്കാർ നൽകിയ ഗ്യാരണ്ടികൾ:**

2022 ലെ കേരള ഫിനാൻസ് (2-ാം നമ്പർ) ആക്ട് പ്രകാരം ഭേദഗതി ചെയ്ത 2003-ലെ ഗവൺമെന്റ് ഗ്യാരണ്ടീസ് ആക്ടിലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഏതൊരു വർഷത്തിന്റേയും ഏപ്രിൽ ഒന്നാം ദിവസം വീട്ടാനുള്ള മൊത്തം സർക്കാർ ഗ്യാരണ്ടികൾ, മുൻവർഷത്തിലുള്ള സംസ്ഥാനത്തിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരം മൊത്തം റവന്യൂ വരവുകളുടെ 100 ശതമാനമോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പന്നത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനനിരക്കിലോ അതിൽ ഏതാണോ കുറവ് അതായിരിക്കുന്നതാണ്.

2023-24 വർഷത്തിൽ, സർക്കാർ ഗ്യാരണ്ടി നൽകിയ സഞ്ചിത തുക ₹13,088.62 കോടിയാണ്. 2024 മാർച്ച് 31 ന് ₹62,868.15 കോടിയുടെ (2024 ഏപ്രിൽ 01 ന് മുന്നിരിപ്പ് ₹50,374.49 കോടി) വീട്ടാനുള്ള ഗ്യാരണ്ടികൾ, 2023-24 വർഷത്തെ ജിഎസ്ഡിപിയുടെ 5.49 ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ട്. (നിലവിലുള്ള വിലയിൽ ₹11,46,108.67 കോടി) ആയത് ആ വർഷത്തെ ജിഎസ്ഡിപിയുടെ 10 ശതമാന പരിധിക്കുള്ളിലാണ്.

സംസ്ഥാന സർക്കാർ, ഗ്യാരണ്ടി ചെയ്ത തുകയുടെ 0.75 ശതമാനത്തിൽ ഗ്യാരണ്ടി കമ്മീഷൻ നിശ്ചയിച്ചുകൊണ്ട് ഗ്യാരണ്ടി ആക്ടിലൂടെ വ്യവസ്ഥ ചെയ്തു. 2023-24 കാലയളവിൽ, ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് ₹311.93 കോടി ലഭിച്ചു, ഇത് 2024 മാർച്ച് 31 ന് ഗ്യാരണ്ടി ചെയ്ത തുകയുടെ 0.50 ശതമാനം വരുന്നു (₹62,868.15 കോടി).

*പ്രസക്തമായ കണക്കുകൾ സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റുകൾ 9, 14, 20 എന്നിവയിൽ ലഭ്യമാണ്.*

**(x) എക്കോളജിയും എൻവയോൺമെന്റിലുമുള്ള ചെലവുകൾ:**

പരിസ്ഥിതിക്കും എൻവയോൺമെന്റിനും വേണ്ടി സംസ്ഥാന സർക്കാർ വരുത്തിയ ചെലവുകൾ സാമ്പത്തിക കണക്കുകളിലുള്ള വിവിധ പ്രവർത്തന കണക്ക് ഹെഡ്ഡുകളുടെ കീഴിൽ മൈനർഹെഡ്ഡ് തലം വരെ പ്രതിഫലിക്കുന്നു. 2023-24 വർഷത്തിൽ മേജർ ഹെഡ്ഡുകളായ 2402 (മണ്ണും ജലസംരക്ഷണവും) 2406 (വനവൽക്കരണവും വന്യജീവി സംരക്ഷണവും) 3435 (എക്കോളജിയും എൻവയോൺമെന്റും) എന്നിവയുടെ കീഴിലുള്ള ബഡ്ജറ്റ് വകയിരുത്തലായ ₹781.03 കോടിയുടെ സ്ഥാനത്ത് കേരളസർക്കാർ ₹755.90 കോടി ചെലവഴിച്ചു. കഴിഞ്ഞ 2022-23 വർഷത്തിൽ കേരള സർക്കാർ 2402, 2406, 3435 എന്നീ മേജർ ഹെഡ്ഡുകളുടെ കീഴിലുള്ള ബഡ്ജറ്റ് വകയിരുത്തലായ ₹779.87 കോടിയിൽ ₹722.51 കോടി ചെലവഴിച്ചു.

*സാമ്പത്തിക കണക്കിന്റെ സ്റ്റേറ്റ്മെന്റ് 15-ൽ ഇതിന്റെ പരാമർശം ഉണ്ട്.*

**(xi) അപ്രതീക്ഷിത/അസാധാരണമായ സംഭവങ്ങൾ/ദുരന്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ:**

2023-24 ൽ കേരള സർക്കാർ, അപ്രതീക്ഷിത/അസാധാരണ സംഭവങ്ങൾ/ദുരന്തങ്ങൾ എന്നിവയ്ക്കായി മൊത്തം ₹702.20 കോടിയുടെ ചെലവ് വരുത്തി. ഇതിൽ ₹202.70 കോടിയുടെ ചെലവ് വരുത്തിയത് (മുൻവർഷത്തിൽ ₹480.09 കോടി) "2245-പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ചുള്ള ആശ്വാസം" എന്ന മേജർ ഹെഡ്ഡിനു കീഴിൽ അപ്രതീക്ഷിതവും/അസാധാരണവുമായ സംഭവങ്ങളുമായി ബന്ധപ്പെട്ടുള്ള

ആശ്വാസ നടപടികൾക്കും, ബാക്കി ₹499.50 കോടി (റവന്യൂ ചെലവ് ₹298.52 കോടിയും മൂലധന ചെലവ് ₹200.98 കോടിയും) ചെലവു വരുത്തിയത് (മുൻവർഷത്തിൽ ₹464.61 കോടി), 2210, 2401, 2406, 2408, 2515, 3604, 4406, 4515 എന്നീ മേജർ ഹെഡ്ഡുകളുടെ കീഴിൽ അപ്രതീക്ഷിത/അസാധാരണ സംഭവങ്ങളുമായി ബന്ധപ്പെട്ടുള്ള ആശ്വാസ നടപടികൾക്കുമാണ്.

ഇതിന് സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റ് 2, 4, 5, 14, 15 ഉം 16-ഉം സ്റ്റേറ്റുമെന്റുകളിൽ പരാമർശിക്കുന്നുണ്ട്.

**(xii) കേന്ദ്ര വായ്പകളുടെ എഴുതിത്തള്ളൽ:**

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയെ തുടർന്ന്, ധനകാര്യ മന്ത്രാലയം, 2012 ഫെബ്രുവരിയിൽ വിവിധ മന്ത്രാലയങ്ങൾ (ധനകാര്യ മന്ത്രാലയം നേരിട്ട് നൽകിയ വായ്പകൾ ഒഴിച്ച്), കേന്ദ്രാവിഷ്കൃത പദ്ധതിയിലേക്കും കേന്ദ്രസഹായ പദ്ധതിയിലേക്കും, 2010 മാർച്ച് 31 വരെ സംസ്ഥാന സർക്കാരിന് നൽകിയ വായ്പകൾ എഴുതിത്തള്ളി. ധനകാര്യമന്ത്രാലയം, സംസ്ഥാന സർക്കാരിന്, ഉത്തരവ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ (2010 മാർച്ച് 31) മുതലിന്റേയും പലിശയുടെയും അധിക തിരിച്ചടവ് ക്രമീകരിക്കുന്നതിനും ഭാവിയിലുള്ള തിരിച്ചടവുകൾക്കെതിരെ അത് നടപ്പിലാക്കുന്നതിനുമുള്ള അംഗീകാരം നൽകി.

31-03-2010 ന് വായ്പയുടെ നീക്കിയിരിപ്പ് ₹56.32 കോടിയായിരുന്നു. ധനകാര്യ മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം ഈ വായ്പ എഴുതിത്തള്ളേണ്ടതായിരുന്നു. എന്നാൽ, എഴുതിത്തള്ളുന്നതിനുള്ള ഉത്തരവ് ലഭിച്ചത് 2012-ൽ മാത്രമാണ്, എന്നാൽ ഈ സമയത്തിനകം കേരള സർക്കാർ, ₹21.81 കോടി (മുതൽ ₹10.52 കോടി, പലിശ ₹11.29 കോടി) അധികമായി അടച്ചു. ധനകാര്യമന്ത്രാലയം ₹7.03 കോടി ബാക്കി നിർത്തിക്കൊണ്ട് (മുതൽ ₹4.90 കോടിയും പലിശ ₹2.13 കോടിയും) ഇതുവരെ ₹14.78 കോടി ക്രമീകരിച്ചു (മുതൽ ₹5.62 കോടിയും പലിശ ₹9.16 കോടിയും).

ഇതിന് സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റ് 17-ൽ പരാമർശമുണ്ട്.

**(xiii) സംസ്ഥാന സർക്കാർ നൽകിയ വായ്പകൾ:**

2024 മാർച്ച് 31-ന് ഒൻപത് വകുപ്പുകളിൽ നിന്നും അവരുടെ ഏജൻസികൾക്കുള്ള വായ്പകൾ ഉൾപ്പെടുന്ന ₹18,607.53 കോടിയുടെ തുകവരുന്ന പഴയ വായ്പകളെ സംബന്ധിച്ച് കഴിഞ്ഞ നിരവധി വർഷങ്ങളായി മുതൽ വസൂലാക്കാത്തതും അവയിൽ 1960-61 വർഷം മുതൽ കുടിശ്ശികയായ വായ്പകളും ഉൾപ്പെടുന്നതുമാണ്.

കൂടാതെ, കേരള കശുവണ്ടി വികസന കോർപ്പറേഷൻ കേരള കശുവണ്ടിത്തൊഴിലാളി അപക്സ് വ്യവസായിക സഹകരണ സൊസൈറ്റി (കാപെക്സ്) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുതലായ സ്റ്റാറ്റ്യൂട്ടറി ബോഡികൾക്കും/സ്ഥാപനങ്ങൾക്കുമുള്ള വായ്പകളുടെ (₹170.31 കോടി) തിരിച്ചടവിനുള്ള നിബന്ധനകളും വ്യവസ്ഥകളും സർക്കാർ ഇതുവരെ നിശ്ചയിച്ചിട്ടില്ല. (വിശദവിവരങ്ങൾ സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് 18-ലുള്ള അധിക വെളിപ്പെടുത്തലുകളിൽ ലഭ്യമാണ്.) തൽഫലമായി ഈ വകയിൽ സംസ്ഥാന സർക്കാരിന് കിട്ടാനുള്ളതും കണക്കാക്കാൻ സാധിച്ചിട്ടില്ല.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) വർഷന്തോറും വായ്പ അനുവദിക്കുന്ന വകുപ്പുകൾക്ക് പരിശോധനയ്ക്കും അംഗീകാരത്തിനുമായി വായ്പാ ബാക്കികളുടെ അറിയിപ്പു നൽകുന്നു (അക്കൗണ്ടന്റ് ജനറൽ വിശദമായ കണക്കുകൾ സൂക്ഷിക്കുന്നിടത്ത്) ഒൻപതിൽ ആറ് വായ്പക്കാർ മാത്രമാണ് ബാക്കികൾ ഉറപ്പുവരുത്തിയത്. ബാക്കികൾ പൊരുത്തപ്പെടുത്തുന്നതിന് വകുപ്പ് തല ഉദ്യോഗസ്ഥരിൽ നിന്ന്

പ്രതീക്ഷിക്കുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ സാമ്പത്തിക കണക്കുകളുടെ അനുബന്ധം VII ൽ നൽകിയിട്ടുണ്ട്.

*ഇതിന് സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റുകൾ 7 ലും 18 ലും പരാമർശമുണ്ട്.*

**(xiv) പ്രതിജ്ഞാബദ്ധമായ ബാധ്യതകൾ:**

പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, കേന്ദ്രസർക്കാർ അക്രുഅൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗിലേക്ക് മാറുന്നതിനുള്ള ചില നടപടികൾ ആരംഭിച്ചു. എന്നാൽ, പരിവർത്തനം പല ഘട്ടങ്ങളിലായി സംഭവിക്കേണ്ടതായതിനാൽ അക്കൗണ്ടിംഗ് അക്രുഅൽ അടിസ്ഥാനത്തിൽ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള തീരുമാനമെടുക്കുന്നതിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്, നിലവിലുള്ള ക്യാഷ് അക്കൗണ്ടിംഗ് സമ്പ്രദായത്തിനോട് സ്റ്റേറ്റ്മെന്റ് രൂപത്തിൽ ചില അധിക വിവരങ്ങൾ കൂടി ചേർക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രതിജ്ഞാബന്ധമായ ബാധ്യതകളുടെ വിവരങ്ങൾ നൽകേണ്ടതാണ്, എന്നാൽ അവർ പൂർണ്ണമല്ലാത്ത വിവരങ്ങൾ നൽകുകയും ആയത് സാമ്പത്തിക കണക്കുകളുടെ അനുബന്ധം XII ൽ കാണിച്ചിട്ടുള്ളതുമാണ്.

**(xv) കേന്ദ്രാവിഷ്കൃത പദ്ധതികളിന്മേലുള്ള ചെലവ് (സി.എസ്.എസ്):**

നടപ്പുവർഷത്തിൽ, 2023-24 മാർച്ച് 31 ന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ/കേന്ദ്രസഹായത്തിനു കീഴിൽ വകകൊള്ളിച്ച മൊത്തം ചെലവ് ₹6,556.64 കോടിയാണ്. (റവന്യൂ ചെലവ് ₹5,379.93 കോടിയും, മൂലധന ചെലവ് ₹1,176.71 കോടിയും), ഇതിൽ കേന്ദ്രവിഹിതത്തിൽ നിന്നും (₹3,912.71 കോടി) സംസ്ഥാനവിഹിതത്തിൽ നിന്നും (₹2,643.93 കോടി) ഉള്ള ചെലവ് ഉൾപ്പെടുന്നു.

*ഇതിന് സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റുകൾ 15-ഉം 16-ലും പരാമർശമുണ്ട്.*

**(xvi) കേന്ദ്രപദ്ധതി ഫണ്ടുകൾ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക്/ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാർ നേരിട്ട് നൽകുന്നത്:**

സിജിഎയുടെ പിഎഫ്എംഎസ് പോർട്ടൽ പ്രകാരം സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് ₹8,947.24 കോടി നേരിട്ട് ലഭ്യമായി. ഇതിൽ സംസ്ഥാനത്തെ ഇടനിലക്കാർക്ക് നൽകിയ ₹6.70 കോടിയും ഉൾപ്പെടുന്നു. 2022-23 മായി താരതമ്യം ചെയ്യുമ്പോൾ നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് ഫണ്ട് നൽകുന്നത് 13.48 ശതമാനം കുറഞ്ഞു (അതായത് 2022-23 ലെ ₹10,341.03 കോടിയിൽ നിന്നും 2023-24 ൽ ₹8,947.24 കോടിയായി കുറഞ്ഞു) ഇവയിൽ കേന്ദ്രസർക്കാർ പിഎസ്‌യു കൾ, വ്യക്തികൾ സ്വകാര്യ മേഖലാ കമ്പനികൾ എന്നിവ കാരണമുള്ള മാറ്റങ്ങൾ ഉൾപ്പെടുന്നില്ല.

വിശദാംശങ്ങൾ സാമ്പത്തിക കണക്കുകളുടെ അനുബന്ധം-VIൽ അടങ്ങിയിട്ടുണ്ട്.

**(xvii) സംസ്ഥാന സർക്കാരിന്റെ ബജറ്റിനു പുറമെയുള്ള ബാധ്യതകൾ:**

സംസ്ഥാന സർക്കാർ അവരുടെ ബജറ്റിൽ രേഖകളിൽ/വാർഷിക സാമ്പത്തിക സ്റ്റേറ്റുമെന്റുകളിൽ ബജറ്റിന് പുറമേയുള്ള ബാധ്യതകൾ വെളിപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും, 2023-24 ൽ ബഡ്ജറ്റിനു പുറമേയുള്ള കടമെടുപ്പ് കാരണത്താൽ കേരള അടിസ്ഥാന സൗകര്യ നിക്ഷേപഫണ്ട് ബോർഡ് (കിഫ്ബി)യും, കേരള സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡും (കെഎസ്എസ്പിഎൽ) ₹4687.79 കോടിയുടെ ഫണ്ടുകൾ സമാഹരിച്ചു/കടമെടുത്തു. (കിഫ്ബി ₹1559.19 കോടിയും, KSSPL-₹3128.60 കോടിയും) എന്ന് കേരള സർക്കാർ ഇന്ത്യാ ഗവൺമെന്റ് ധനകാര്യ മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്, കിഫ്ബിയുടെയും KSSPLന്റേയും ബഡ്ജറ്റിനു പുറമേയുള്ള വീട്ടാനുള്ള കടമെടുപ്പുകൾ യഥാക്രമം ₹17,742.50 കോടിയും ₹10,383.29 കോടിയുമാണ്.

2023-24 വർഷത്തെ ബഡ്ജറ്റിൽ കേരള സർക്കാർ ഓഫ് ബഡ്ജറ്റ് കടമെടുപ്പിലൂടെ കിഫ്ബിക്കും (₹2,809.00 കോടി) കെഎസ്എസ്പിഎൽ-നുമായി (₹9764.00 കോടി) മൊത്തം ₹12,573.00 കോടി സഹായമായി നൽകി.

**(xviii) സിംഗിൾ നോഡൽ ഏജൻസിയിലേക്ക് (എസ്.എൻ.എ.) ഫണ്ട് മാറ്റുന്നത്:**

23-03-2021 തീയതിയിലെ കത്ത് നം. 1(13) പിഎഫ്എംഎസ്/എഫ്സിഡി/2020 പ്രകാരം ഇന്ത്യാ ഗവൺമെന്റ് ധനകാര്യ മന്ത്രാലയം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കീഴിൽ (സിഎസ്എസ്) ഫണ്ടുകൾ നൽകുന്നതിനും എസ്എൻഎയിലൂടെ നൽകുന്ന ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. സംസ്ഥാന സർക്കാരിന് സർക്കാർ കാര്യങ്ങൾ നടത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളിൽ ഓരോ സിഎസ്എസ്-നും അവയുടെ സ്വന്തം അക്കൗണ്ടിനോടൊപ്പം എസ്എൻഎ ക്രമീകരിച്ചിട്ടുണ്ട്.

2023 ഫെബ്രുവരി 16-ാം തീയതിയിലെ ഇന്ത്യാ ഗവൺമെന്റ് ധനകാര്യ മന്ത്രാലയത്തിന്റെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ അതിന്റെ അക്കൗണ്ടുകളിൽ ലഭിച്ച കേന്ദ്രവിഹിതം തത്തുല്യമായ സംസ്ഥാന വിഹിതത്തോടൊപ്പം കേന്ദ്രവിഹിതം ലഭിച്ച 30 ദിവസത്തിനകം ബന്ധപ്പെട്ട എസ്എൻഎ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. കേന്ദ്രവിഹിതം എസ്എൻഎ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് 30 ദിവസത്തിൽ കൂടുതൽ താമസം ഉണ്ടായാൽ, താമസം വന്ന മൊത്തം ദിവസത്തേക്ക് 1.04.23 മുതൽ 7 ശതമാനം വാർഷിക നിരക്കിൽ സംസ്ഥാന സർക്കാർ പലിശ നൽകേണ്ടതാണ്.

സാമ്പത്തിക കണക്കിന്റെ സ്റ്റേറ്റ്മെന്റ് 14 പ്രകാരം ₹3,936.74 കോടി രൂപ കേന്ദ്രവിഹിതം ഇന്ത്യാ ഗവൺമെന്റിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 1601-06-കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പിഎഫ്എംഎസ് പോർട്ടലിന്റെ എസ്എൻഎ 01 റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാരിന് അതിന്റെ ട്രഷറി അക്കൗണ്ടുകളിലേക്ക് നടപ്പുവർഷത്തിലെ കേന്ദ്രവിഹിതമായ ₹3,773.63 കോടി ലഭിച്ചതായി റിപ്പോർട്ട് ചെയ്യുന്നു. 2024 മാർച്ച് 31ന് സംസ്ഥാന സർക്കാർ കേന്ദ്രവിഹിതമായി ട്രഷറി അക്കൗണ്ടുകളിൽ ലഭിച്ച ₹3069.44 കോടിയും, സംസ്ഥാന വിഹിതമായി ₹3152.66 കോടിയും എസ്എൻഎകളിൽ മാറ്റിയിട്ടുണ്ട്. 2024 മാർച്ച് 31-ൽ എസ്എൻഎ അക്കൗണ്ടുകളിൽ ചെലവഴിക്കാതെ നില്ക്കുന്ന തുക ₹2,294.93 കോടിയാണ്. (₹704.19 കോടി മാറ്റാതെ അവശേഷിക്കുന്നു.) സംസ്ഥാനത്തിന്റെ മൊത്തം ചെലവ് ₹6,222.10 കോടിയും (SNA 01 റിപ്പോർട്ട്) സാമ്പത്തിക കണക്കുകൾ പ്രകാരം ₹6556.64 കോടിയുമാണ്. ₹334.54 കോടിയുടെ വ്യത്യാസമുണ്ട്, അത് പൊരുത്തപ്പെടുത്തലിലാണ്.

സംസ്ഥാനത്തിന് കേന്ദ്രം നൽകിയതിൽ എസ്എൻഎ 01 റിപ്പോർട്ടിൽ ലഭ്യമായ തുകകളും സാമ്പത്തിക കണക്കുകളിലെ വരവുകളും തമ്മിലുള്ള വ്യത്യാസം (സ്റ്റേറ്റ്മെന്റ് 14) പൊരുത്തപ്പെടുത്തലിലാണ്.

**(xix) ഡി.ഡി.ഒ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയ ഫണ്ടുകൾ:**

സഞ്ചിത നിധിയിൽ നിന്ന് ഡിഡിഒയുടെ ബാങ്ക് അക്കൗണ്ടിലേക്കുള്ള ഫണ്ട് മാറ്റം സംസ്ഥാന സർക്കാർ അനുവദിക്കുന്നില്ല.

**4. ആകസ്മിക നിധി:**

1957-ലെ കേരള ആകസ്മിക നിധി നിയമത്തിലെ 3-ാം വകുപ്പ് നൽകിയിട്ടുള്ള അധികാരം ഉപയോഗച്ച്

സംസ്ഥാന സർക്കാർ കേരള സംസ്ഥാനത്തിന്റെ ആകസ്മിക നിധിയിലേക്ക് പണം നൽകുന്നതിനും പണം പിൻവലിക്കുന്നതിനും പണം സൂക്ഷിപ്പുമായി ബന്ധപ്പെട്ടതോ, അനുബന്ധമായതോ ആയ എല്ലാ സംഗതികളും നിയന്ത്രിക്കുന്നതിനും വേണ്ടി 1957-ലെ കേരള ആകസ്മിക നിധി ചട്ടങ്ങൾ ഉണ്ടാക്കി. കേരള സംസ്ഥാനത്തിന്റെ ആകസ്മിക നിധിക്ക് ₹100 കോടിയുടെ മുതൽ ഉണ്ട്. 2023-24 മാർച്ച് അവസാനം ഫണ്ടിലേയ്ക്ക് വീണ്ടെടുക്കാൻ അവശേഷിച്ചിരുന്നില്ല.

*പ്രസക്തമായ സംഖ്യകൾ സാമ്പത്തിക കണക്കുകളുടെ 1, 2, 21 സ്റ്റേറ്റുമെന്റുകളിൽ ലഭ്യമാണ്.*

**5. പൊതുകണക്ക്:**

**(i) ദേശീയ പെൻഷൻ സമ്പ്രദായം (എൻ.പി.എസ്)**

01-04-2013 നോ അതിനുശേഷമോ നിയമിക്കപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർ ദേശീയ പെൻഷൻ സമ്പ്രദായത്തിനു കീഴിൽ വരുന്നു. ഇത് ഒരു നിർവ്വചിത അംശദാന പെൻഷൻ പദ്ധതിയാണ്. പദ്ധതി യനുസരിച്ച്, ജീവനക്കാരൻ അയാളുടെ/അവളുടെ പ്രതിമാസ ശമ്പളത്തിന്റെ 10 ശതമാനം അംശദാന മായി നൽകേണ്ടതും, സമാനമായ തുക, സംസ്ഥാന സർക്കാരും അംശദാനമായി നൽകുകയും ചെയ്യു ന്നു. മുഴുവൻ തുകയും, നാഷണൽ സെക്യൂരിറ്റീസ് ഡപ്പോസിറ്ററി ലിമിറ്റഡ് (എൻഎസ്ഡിഎൽ/ട്രസ്റ്റി ബാങ്ക് വഴി നിയുക്ത ഫണ്ട് മാനേജർക്ക് കൈമാറേണ്ടതാണ്.

2023-24 വർഷത്തിൽ, എൻപിഎസ് ലേക്കുള്ള മൊത്തം അംശദാനം ₹1,970.42 കോടിയാണ്. (ജീവന ക്കാരുടെ വിഹിതം ₹986.68 കോടിയും, സർക്കാർ വിഹിതം ₹983.74 കോടിയും) എൻപിഎസിലേ ക്കുള്ള ₹986.37 കോടിയുടെ സർക്കാർ വിഹിതം സ്റ്റേറ്റ്മെന്റ് നം. 15-ൽ 2071-01-117 എന്ന കണക്ക് ഹെഡ്ഡിനു കീഴിൽ കാണിച്ചിരിക്കുന്നു. കൂടാതെ അതിൽ സർവ്വീസിലിരിക്കെ മരിച്ചവരും ദേശീയ പെൻഷൻ സമ്പ്രദായത്തിൽ എൻട്രോൾ ചെയ്തിട്ടുള്ളവരുമായ ജീവനക്കാരുടെ ആശ്രിതർക്കുള്ള കാരുണ്യ സഹായം മൂലമുള്ള ₹2.65 കോടിയും എൻപിഎസിന്റെ കീഴിൽ വിരമിച്ച ജീവനക്കാർക്കുള്ള ഉത്സവബത്ത കാരണത്താലുള്ള ₹0.02 കോടിയും ഉൾപ്പെടുന്നു.

മേജർ ഹെഡ് '8342-117' നിർവ്വചിത അംശദാന പെൻഷൻ പദ്ധതിക്കു കീഴിൽ പൊതുകണക്കിലേക്ക് സർക്കാർ ₹1,974.43 കോടി കൈമാറി. (ജീവനക്കാരുടെ വിഹിതം ₹986.68 കോടിയും സർക്കാർ വീതം ₹987.75 കോടിയും) എൻഎസ്ഡിഎൽ/ട്രസ്റ്റി ബാങ്കിലേക്ക് സർക്കാർ ₹1974.48 കോടി കൈമാറി.

**(ii) (എ) പലിശ രഹിത കരുതൽ ഫണ്ടുകൾ:**
**(എ) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (SDRF):**

സംസ്ഥാന ദുരന്ത നിവാരണ നിധിയുടെ (പലിശസഹിത വിഭാഗത്തിനു കീഴിലുള്ള 'മേജർഹെ ഡ്—8121-ജനറൽ & മറ്റ് കരുതൽ ഫണ്ടുകൾ'ളുടെ കീഴിൽ) രൂപീകരണവും ഭരണനിർവ്വഹണവും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി കേന്ദ്രസംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ ഫണ്ടിലേക്ക് സംഭാവന ചെയ്യേണ്ടതാണ്. 2023-24 വർഷത്തിന്റെ തുടക്കത്തിൽ ഫണ്ടിൽ ₹165.47 കോടിയുടെ മുന്നിരിപ്പ് ഉണ്ടായിരുന്നു. 2023-24 വർഷത്തിൽ, കേന്ദ്രസർക്കാർ വിഹി തമായി സംസ്ഥാനത്തിന് ₹277.60 കോടി ലഭിച്ചു. തന്നാണ്ടിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ₹92.00 കോടിയാണ്. സംസ്ഥാന സർക്കാർ, ₹395.79 കോടി (കേന്ദ്രവിഹിതം ₹277.60 കോടിയുടെ സംസ്ഥാന വിഹിതം ₹92.00 കോടിയും, ഫണ്ടിന്റെ നിക്ഷേപിക്കാത്ത ബാക്കിയായ ₹26.19 കോടിയും) മേജർ ഹെഡ് 8121-122-SDRF-ന്റെ കീഴിൽ ഫണ്ടിലേക്ക് മാറ്റി.

2024 മാർച്ച് 31-ന് കേന്ദ്രസർക്കാരിൽ നിന്ന് എൻഡിആർഎഫിലേക്ക് ഒരു തുകയും ലഭിച്ചിട്ടില്ല.

ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയായി മേജർ ഹെഡ്സ് 2245-ൽ ₹166.28 കോടി വരുന്ന തുക നീക്കി വച്ചു, ഫണ്ടിൽ നിന്നും തുകകളൊന്നും നിക്ഷേപിച്ചിട്ടില്ല. ഫണ്ടിൽ 2024 മാർച്ച് 31 നുള്ള നീക്കിയിരിപ്പ് ₹394.98 കോടിയാണ്.

## (ബി) സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് (SDMF):

2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ 48(1)(സി) വകുപ്പ് പ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് (എസ്ഡിഎംഎഫ്) രൂപീകരിക്കേണ്ടതാണ്. ഈ ഫണ്ട് സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ടിന്റെ (എസ്ഡിആർഎഫ്)/നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫണ്ട് (എൻഡിആർഎഫ്) മാർഗ്ഗരേഖകൾക്കും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന സംസ്ഥാന പ്രത്യേക പ്രാദേശിക ദുരന്തങ്ങൾക്കും കീഴിൽ വരുന്ന ദുരന്തങ്ങളെ സംബന്ധിച്ചുള്ള ലഘൂകരണ പദ്ധതികളുടെ ആവശ്യത്തിലേക്ക് മാത്രമുള്ളതാണ്. സംസ്ഥാന സർക്കാർ സഉ(പി) നം. 660/2011/ ഡിഎംഡി തീയതി 28-12-2011 നമ്പരായ വിജ്ഞാപനത്തിലൂടെ "മേജർ ഹെഡ്സ് 8121-130-സംസ്ഥാന ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട്"-നു കീഴിൽ എസ്ഡിഎംഎഫ് രൂപീകരിച്ചു.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ടിലേക്ക് 75:25 അനുപാതത്തിൽ അംശദാനം നൽകേണ്ടതാണ്. 2023 ഏപ്രിൽ 1-നുള്ള മുന്നിരിപ്പ് ₹182.75 കോടിയാണ്, 2023-24 വർഷക്കാലയളവിൽ, കേന്ദ്രസർക്കാർ വിഹിതമായി സംസ്ഥാന സർക്കാരിന് ₹100.70 കോടി ലഭിച്ചു. (2022-23 വർഷത്തേക്ക് ₹66.00 കോടിയുടെ അംശദാനവും 2023-24 ലെ ആദ്യ ഗഡുവായി ₹34.70 കോടിയും) തന്നാണ്ടിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ₹33.50 കോടിയാണ്. (2022-23 വർഷത്തേക്കുള്ള അംശദാനം ₹22.00 കോടിയും, 2023-24 ലേക്കുള്ള ആദ്യഗഡു ₹11.50 കോടിയും) സംസ്ഥാന സർക്കാർ മേജർ ഹെഡ് 8121-130 എസ്ഡിഎംഎഫ്-നു കീഴിൽ ഫണ്ടിലേക്ക് ₹145.29 കോടി കൈമാറ്റം ചെയ്തു. (കേന്ദ്രവിഹിതം ₹100.70 കോടി, സംസ്ഥാന വിഹിതം ₹33.50 കോടിയും നിക്ഷേപിക്കാത്ത ഫണ്ട് ബാക്കിയിന്മേലുള്ള പലിശയ്ക്ക് ₹11.09 കോടിയും).

ഫണ്ടിൽ നിന്നും നേരിട്ട ചെലവായി മേജർ ഹെഡ് 2245 ൽ ₹8.30 കോടി വരുന്ന തുക നീക്കിവയ്ക്കുകയും ഫണ്ടിൽ നിന്ന് ഒരു തുകയും നിക്ഷേപിച്ചിട്ടുമില്ലാത്തതാണ്. 2024 മാർച്ച് 31 ന് ഫണ്ടിലുള്ള നീക്കിയിരിപ്പ് ₹319.74 കോടിയാണ്.

## (സി) സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ട്:

ഇന്ത്യാ ഗവൺമെന്റിന്റെ പരിസ്ഥിതിയും വനവും കാലാവസ്ഥാവ്യതിയാനവും മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാന സർക്കാരുകൾ പരിഹാര്യ വനവൽക്കരണത്തിനായി ഉപഭോക്തൃ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകൾക്കായി സംസ്ഥാനത്തിന്റെ പൊതുകണക്കിലെ പലിശസഹിത വിഭാഗത്തിനുകീഴിൽ സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ട് സ്ഥാപിക്കേണ്ടതാണ്.

2023-24 വർഷത്തിൽ, ഉപഭോക്തൃ ഏജൻസിയിൽ നിന്ന് ലഭിച്ച ₹14.47 കോടി എസ്.സി.എ.എഫ് ലേക്ക് മാറ്റി. (2022-23 ലെ ₹6.44 കോടിയിൽ, ₹5.80 കോടി എസ്സിഎഎഫ് സംസ്ഥാന ഫണ്ടിലേക്ക് മാറ്റുകയും ₹0.64 കോടി ദേശീയ ഫണ്ടിലേക്കും മാറ്റി).

2023 ഏപ്രിൽ 1-നുള്ള മുന്നിരിപ്പ് ₹46.42 കോടിയും, തന്നാണ്ടിൽ ഫണ്ടിൽ നിന്നും ₹4.73 കോടി ചെലവഴിക്കുകയും ചെയ്തു.

സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ടിൽ, 2024 മാർച്ച് 31 നുള്ള മൊത്തം ബാക്കി ₹56.16 കോടി യാണ്.

**(ബി) പലിശ രഹിത കരുതൽ ഫണ്ടുകൾ:**

**(എ) ഏകീകൃത ഋണമോചന ഫണ്ട്:**

വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി 2007-2008 ൽ കേരള സർക്കാർ ഏകീകൃത ഋണമോചന ഫണ്ട് രൂപീകരിച്ചു. ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാനത്തിന് മുൻവർഷം അവസാനി ക്കുമ്പോഴുള്ള അവരുടെ കുടിശ്ശിക ബാധ്യതയായ ₹3,85,030.38 കോടിയുടെ കുറഞ്ഞത് 0.50 ശതമാന മെങ്കിലും ഏകീകൃത ഋണമോചന ഫണ്ടിലേക്ക് സംഭാവന ചെയ്യാവുന്നതാണ്. 2023-24 വർഷത്തിൽ സർക്കാർ ₹1925.15 കോടിയുടെ സ്ഥാനത്ത് ₹120.00 കോടി (0.03 ശതമാനം) സംഭാവന ചെയ്തു. 2023-24 ൽ സിഎസ്എഫിലേക്കുള്ള മൊത്തം കൂട്ടിചേർക്കൽ ₹324.48 കോടി ആയിരുന്നു, ഇതിൽ പലിശ തുകയും ഉൾപ്പെടുന്നു. 2024 മാർച്ച് 31-നു ഫണ്ടിലുള്ള മൊത്തം സമാഹരണം ₹3,031.32 കോടി യാണ്. (2023 മാർച്ച് 31ന് ₹2706.84 കോടി).

**(ബി) ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട്:**

2003-ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടീസ് ഖണ്ഡിക 6-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപികരിക്കേണ്ടതാണ് (ജിആർഎഫ്) വർഷം തോറും ലഭിക്കുന്ന ഗ്യാരണ്ടി കമ്മീഷൻ പൊതുകണക്കിൽ ചേർക്കേണ്ടതും ഈ അംശദാനങ്ങൾ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് (ജിആർഎഫ്) മുതൽ ആയി രൂപപ്പെടുന്നതാണ്.

സംസ്ഥാന സർക്കാർ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ലാത്തതും, 2023-24 ൽ സമാഹരിച്ച ₹ 311.93 കോടിയുടെ ഗ്യാരന്റി കമ്മീഷൻ 'മേജർ ഹെഡ്ഡ് 0075-108' നു കീഴിൽ വകകൊള്ളിച്ചു. 2024 മാർച്ച് 31 ന് ലഭിക്കേണ്ടിയിരുന്ന തുക ₹ 395.94 കോടി രൂപയാണ്.

**(സി) കേന്ദ്ര റോഡുകളും അടിസ്ഥാന സൗകര്യങ്ങളും ഫണ്ട് (സിആർഐഎഫ്):**

31-03-2018 ലെ ഇന്ത്യാ ഗവൺമെന്റ് നോട്ടിഫിക്കേഷൻ പ്രകാരം, പഴയ കേന്ദ്ര റോഡ് ഫണ്ടിനെ (CRF) കേന്ദ്ര റോഡുകളും അടിസ്ഥാന സൗകര്യവും ഫണ്ട് (സിആർഐഎഫ്) എന്ന് പുനർനാമക രണം ചെയ്തു. സിആർഐഎഫ്-നെ ദേശീയ പാതകൾ, റേയിൽവേ പദ്ധതികൾ, റെയിൽവേയിലെ സുരക്ഷ മെച്ചപ്പെടുത്തൽ, സംസ്ഥാന, ഗ്രാമീണ റോഡുകൾ, മറ്റു ഇൻഫ്രാസ്ട്രക്ചർ മുതലായവ യുടെ വികസനത്തിന് ഉപയോഗിക്കുന്നതാണ്.

നിലവിലുള്ള അക്കൗണ്ടിംഗ് നടപടി ക്രമങ്ങൾ അനുസരിച്ച്, കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിനു ലഭിച്ച ഗ്രാന്റുകൾ തുടക്കത്തിൽ മേജർ ഹെഡ് 1601 നു കീഴിൽ റവന്യൂ വരവുകളായി വകകൊള്ളിച്ചു. അതിനുശേഷം, അപ്രകാരം ലഭിച്ച തുക സംസ്ഥാന സർക്കാർ, പ്രവർത്തന മേജർ ഹെഡ്ഡു വഴി കേന്ദ്രറോഡുകളും അടിസ്ഥാന സൗകര്യവും ഫണ്ടിൽ നിന്ന്, മേജർഹെഡ് 8449-103-സബ്വെൻഷൻസിന്റെ കീഴിൽ പൊതുകണക്കിലേക്ക് മാറ്റേണ്ടതാണ്.

2023-24 വർഷക്കാലയളവിൽ, സംസ്ഥാനസർക്കാരിന് സിആർഐഎഫ് ലേക്ക് ₹144.61 കോടിയുടെ ഗ്രാന്റുകൾ ലഭിച്ചു. സംസ്ഥാന സർക്കാർ, 2024 മാർച്ച് 31-ന് ₹144.61 കോടി പൊതുകണക്കിലുള്ള ഫണ്ടിലേക്ക് മാറ്റി

**(iii) സസ്പെൻസും റെമിറ്റൻസ് ബാലൻസുകളും:**

2023-24 കാലയളവിൽ, വൗച്ചറുകൾ/ചെല്ലാനുകൾ/അനുമതി കത്തുകൾ മുതലായവയുടെ അഭാവത്തിൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കാര്യാലയം ₹234.62 കോടിയുടെ ചെലവ് തുകയും ₹64.43 കോടിയുടെ വരവുകളും സസ്പെൻസിൽ വച്ചു. (8658-110-റിസർവ് ബാങ്ക് സസ്പെൻസ്-സെൻട്രൽ അക്കൗണ്ട്സ് ഓഫീസ് ) 2023-24 കാലയളവിൽ 8658-00-102-നു കീഴിൽ ഒബ്ജക്ഷൻ ബുക്ക് സസ്പെൻസ് ഒന്നുമില്ല. സർക്കാരിന്റെ ചെലവുകൾ/വരവുകൾ അത്രയും അളവു വരെ കുറച്ചു കാണിച്ചു.

സാമ്പത്തിക കണക്കുകൾ, സസ്പെൻസ് റെമിറ്റൻസ് ഹെഡ്ഡുകളുടെ കീഴിൽ അറ്റ ബാക്കികളെ പ്രതിഫലിപ്പിക്കുന്നു. വിവിധ ഹെഡ്ഡുകളിലുള്ള കുടിശ്ശിക ഡബിറ്റുകളും ക്രഡിറ്റ് ബാലൻസുകളും പ്രത്യേകം കൂട്ടിയെടുത്ത് ഈ ഹെഡ്ഡുകളുടെ കീഴിൽ കണക്കാക്കിയ വീട്ടാനുള്ള ബാക്കികൾ 2024 മാർച്ച് 31 ന് 8658,8782, 8793 എന്നീ ഹെഡ്ഡുകളുടെ കീഴിൽ ₹158.32 കോടിയാണ് (ചെലവ്) (2023 മാർച്ച് 31 ന് ₹1,495.99 കോടിയാണ് ചെലവ്).

ഈ ഹെഡ്ഡുകളുടെ കീഴിലുള്ള വീട്ടാനുള്ള ബാക്കികൾ തീർപ്പാക്കാതിരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ വ്യത്യസ്ത കണക്കു ഹെഡ്ഡുകളുടെ കീഴിലുള്ള വരവുകളുടേയും/ചെലവുകളുടേയും തുകകളുടെ (വർഷാവർഷം പുതിയ പേജിലേക്ക് മാറ്റുന്നത്) കൃത്യതയെ ബാധിക്കുന്നു.

**(iv) ചെക്കുകളും ബില്ലുകളും ഡിജിറ്റൽ പേയ്മെന്റുകളും**

എംഎച്ച് 8670-00-104 ചെക്കുകളും ബില്ലുകളുടെയും കീഴിലുള്ള ക്രഡിറ്റ് ബാക്കി, ട്രഷറി ചെക്കുകളുടെയും (സബ്ഹെഡ് 99) ഇ-പിഒസിയുമായി ബന്ധപ്പെട്ട ഇടപാടുകളുടെയും (ചെക്കിന്റെ ഇലക്ട്രോണിക് പേയ്മെന്റ്) കീഴിൽ നൽകിയതും പണമാക്കാതെ അവശേഷിക്കുന്നതുമായ ചെക്കുകളെ സൂചിപ്പിക്കുന്നു. 2023 ഏപ്രിൽ 1-നുള്ള മുന്നിരിപ്പ് ₹795.09 കോടിയാണ് (ക്രഡിറ്റ്). 2023-24 കാലയളവിൽ ₹1,37,728.14 കോടിയുടെ ചെക്കുകൾ/ഇപിഒസി/ഡിജിറ്റൽ പേയ്മെന്റ് നൽകി (ട്രഷറി ചെക്കുകളുടെ കീഴിൽ ₹1,24,823.09 കോടിയും, ഇ.പി.ഒ.സിയുടെ കീഴിൽ ₹12,905.05 കോടിയും) അതിൽ ₹588.64 കോടി (ക്രഡിറ്റ്) നീക്കിയിരിപ്പ് നിർത്തിക്കൊണ്ട് ₹1,37,934.59 കോടി വരുന്ന തുകയുടെ ചെക്കുകൾ/ഇ-പിഒസികൾ/ഡിജിറ്റൽ പേയ്മെന്റുകൾ പണമാക്കി. (ട്രഷറി ഡിജിറ്റൽ പേയ്മെന്റിന്റെ കീഴിൽ ₹1,25,029.54 കോടിയും, ഇ-പിഒസിയുടെ കീഴിൽ ₹12,905.05 കോടിയും) നീക്കിയിരിപ്പ് വിവിധ സാമ്പത്തിക വർഷങ്ങളിൽ വിവിധ പ്രവർത്തന മേജർ ഹെഡ്ഡുകളുടെ കീഴിൽ യഥാർത്ഥത്തിൽ വകകൊള്ളിച്ച ചെലവുകളെ പ്രതിനിധീകരിക്കുകയും ആയത് 2024 മാർച്ച് 31 വരെ കേരള സർക്കാരിന് ഏതെങ്കിലും ചെലവിന് കാരണമായിട്ടില്ലാത്തതാണ്.

**(v) സംസ്ഥാനം ചുമത്തിയ സെസ്സുകൾ:**

2023-24 വർഷക്കാലയളവിൽ, സർക്കാർ സെസ്സ് സമാഹരണമായി (തൊഴിൽ സെസ്സുകൾ ഒഴിച്ച്) ₹1,004.41 കോടി സമാഹരിച്ചു. (കേരള പ്രളയ സെസ്സ് ₹3.00 കോടി, ഭവന നിർമ്മാണ പദ്ധതി സെസ്സ് ₹0.46 കോടി, കിഫ്ബിയിലേക്ക് മാറ്റിയ പെട്രോളിന്മേലും ഡീസലിന്മേലുമുള്ള സെസ്സ് ₹286.70 കോടി, പെട്രോൾ ഡീസൽ വിലപ്നയിന്മേലുള്ള സുരക്ഷാ സെസ്സ് ₹138.60 കോടി, ഐഎംഎഫ്-ന്റെ വില്പനയിന്മേലുള്ള സുരക്ഷാ സെസ്സ് ₹575.65 കോടി (2022-23 ₹635.99 കോടി).

2007 ലെ കേരള റോഡ് സുരക്ഷാ ആക്ട് പ്രകാരം, കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റുന്നത്. പ്രസ്തുത ആക്ടിന്റെ 11(3) വകുപ്പു പ്രകാരം സർക്കാർ, മുൻവർഷത്തിൽ സമാഹരിച്ച കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനത്തിനു തുല്യമായ തുക ഓരോ വർഷവും ഫണ്ടിലേക്ക് നൽകേണ്ടതാ

ണ്. 2022-23 കാലയളവിൽ സമാഹരിച്ച ₹116.49 കോടിയിൽ നിന്ന് 2023-24 കാലയളവിലെ കേരള റോഡ് സുരക്ഷാ ഫണ്ടിനുള്ള കോമ്പൗണ്ടിംഗ് ഫീസായ ₹58.25 കോടി മാറ്റേണ്ടതാണ്, ആയത് അപ്രകാരം ചെയ്തിട്ടില്ല. (2022-23 ₹55.56 കോടി) ഇത് റവന്യൂ ചെലവുകളിൽ ₹58.25 കോടിയുടെ ന്യൂന പ്രസ്താവനയ്ക്ക് കാരണമായി.

**(vi) ദേശീയ ധാതുപര്യവേഷണ ട്രസ്റ്റിലേക്കുള്ള ഒടുക്കലുകൾ (എൻഎംഇറ്റി):**

ഇന്ത്യാ ഗവൺമെന്റ് ഖനി മന്ത്രാലയത്തിന്റെ 05-04-2018 തീയതിയായ കത്ത് നം എഫ് നം. 8/1/2015 NMET പ്രകാരം വിജ്ഞാപനം ചെയ്ത അക്കൗണ്ടിംഗ് നടപടിക്രമം അനുസരിച്ച് ഖനനപാട്ടത്തിന്റെ അനുഭവക്കാരനോ ലൈസൻസ് ചേർന്ന ഖനന പാട്ടം പ്രതീക്ഷിക്കുന്ന ആളോ, സംസ്ഥാന സർക്കാരിന് റോയൽറ്റി കൊടുക്കുമ്പോൾ, ട്രസ്റ്റിന് എൻഎംഇറ്റി അംശദാനമായി, റോയൽറ്റിയുടെ രണ്ടു ശതമാനത്തിനു തുല്യമായ തുക മേജർ ഹെഡ്ഡ് 8449-123-NMET ഡെപ്പോസിറ്റുകളുടെ കീഴിൽ സംസ്ഥാനത്തിന്റെ പൊതുകണക്കിൽ ആയത് നിക്ഷേപിച്ചുകൊണ്ട്, നൽകേണ്ടതാണ്. മേജർ ഹെഡ് 8449-123 എൻഎംഇറ്റി ഡെപ്പോസിറ്റുകളുടെ കീഴിൽ സംസ്ഥാന സർക്കാർ സമാഹരിച്ച വരവുകൾ എച്ച്ഒഎയിൽ ഡബിറ്റ് ചെയ്ത് പ്രതിമാസ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിലേക്ക് മാറ്റുന്നതാണ്. എൻഎംഇറ്റി ഫണ്ട് ഇന്ത്യയുടെ പൊതുകണക്കിനു കീഴിൽ രൂപം നൽകിയതും കാലഹരണപ്പെടാത്തതും പലിശഹരിതവുമായ ഫണ്ടാണ്.

2023-24 കാലയളവിൽ, എൻഎംഇറ്റിയിലേക്ക് എംഎച്ച്-8449-123- ൽ ₹0.33 കോടി നിക്ഷേപിക്കുകയും ₹0.32 കോടി ക്രഡിറ്റ് അക്കൗണ്ടിംഗ് എൻട്രി കിഴിവ്-ലൂടെ ഇന്ത്യാ ഗവൺമെന്റ് എൻഎംഇറ്റിയിൽ ഒടുക്കി.

**(vii) പ്രതിലോമ നീക്കിയിരുപ്പുകൾ**

പ്രതിലോമ നീക്കിയിരുപ്പുകൾ എന്നത്, സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഒരു കണക്ക് ഹെഡ്ഡ് നീക്കിയിരുപ്പുകളിലേക്ക് അവസാനിപ്പിക്കുമ്പോൾ, മൈനസ് നീക്കിയിരുപ്പുകൾ പ്രതിഫലിപ്പിക്കുന്നതും ബാധ്യതാ ഹെഡ്ഡുകൾ അല്ലെങ്കിൽ സാധാരണയായി ക്രഡിറ്റ് നീക്കിയിരുപ്പുകൾ ഉണ്ടായിരിക്കേണ്ട ഹെഡ്ഡുകളെ പ്രതിനിധാനം ചെയ്യുന്ന ഡബിറ്റ്/(-)ക്രഡിറ്റ് നീക്കിയിരുപ്പുകളും, ആസ്തി ഹെഡ്ഡുകൾ അല്ലെങ്കിൽ സാധാരണയായി ഡബിറ്റ് നീക്കിയിരുപ്പുകൾ ഉണ്ടായിരിക്കേണ്ടതുമായ ഹെഡ്ഡുകളെ പ്രതിനിധീകരിക്കുന്ന ക്രഡിറ്റ്/(-) ഡബിറ്റ് നീക്കിയിരുപ്പുകളും ഉള്ള ഒരു അവസ്ഥയാണ്. ഒരു കണക്ക് ഹെഡ്ഡിൽ മൈനസ് നീക്കിയിരുപ്പുകൾ ഉണ്ടാകുന്നത്, തെറ്റായ വർഗ്ഗീകരണം ഫണ്ടിന്റെ ലഭ്യതയേക്കാൾ കൂടുതൽ വിതരണം ലഭിച്ച അംശദാനത്തേക്കാൾ കൂടുതൽ വിതരണം, ഒരു അക്കൗണ്ടിംഗ് യൂണിറ്റിൽ നിന്ന് മറ്റൊന്നിലേക്ക് നീക്കിയിരുപ്പുകൾ എടുത്തെഴുതാത്തത് സംസ്ഥാനങ്ങൾ/ കൂടുതൽ അക്കൗണ്ടിംഗ് യൂണിറ്റുകൾ സൃഷ്ടിക്കുന്നതിനു കാരണമാകുന്ന ഭരണപരമായ പുനഃസംഘടന മുതലായവ കാരണമാണ്.

2024 മാർച്ച് 31-നുള്ള പ്രതിലോമ ബാക്കികൾ താഴെ വിശദമാക്കുന്നു.

| **കണക്ക് ഹെഡ്ഡുകൾ** | **വിവരണം** | **തുക (₹കോടിയിൽ)** |
|---|---|---|
| 6885-60-800 | മറ്റു വായ്പകൾ | (-)14.71 |
| 7052-60-800 | കപ്പൽ ഗതാഗതത്തിനുള്ള വായ്പകൾ-മറ്റ് വായ്പകൾ | (-)0.06 |
| 7610-00-202 | മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾ | (-)0.61 |

| | | |
|---|---|---|
| 7610-00-203 | മറ്റ് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾ | (-)0.28 |
| 7610-00-204 | കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾ | (-)0.38 |
| 8443-00-106 | വ്യക്തിഗത നിക്ഷേപങ്ങൾ | (-)28.65 |
| 8448-00-102 | മുൻസിപ്പൽ ഫണ്ടുകൾ | (-)19.11 |
| 8448-00-105 | സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഫണ്ടുകൾ | (-)57.91 |
| 8448-00-109 | പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫണ്ടുകൾ | (-)150.79 |
| 8671-00-101 | വകുപ്പുതല നീക്കിയിരുപ്പുകൾ-സിവിൽ | (-)7.63 |
| 8782-00-102 | പൊതുമരാമത്ത് ഒടുക്കലുകൾ | (-)1400.21 |
| 8793-00-124 | അന്തർ സംസ്ഥാന സസ്പൻസ് അക്കൗണ്ട്- ആൻഡമാൻ നിക്കോബാർ ദ്വീപുകൾ | (-)1.06 |

**(viii) പണം നീക്കിയിരുപ്പുകൾ**

അക്കൗണ്ടന്റ് ജനറലിന്റെ രേഖകൾ പ്രകാരം 2024 മാർച്ച് 31 നുള്ള പണം നീക്കിയിരുപ്പ് ₹238.68 കോടിയും (ഡബിറ്റ്) ഭാരതീയ റിസർവ് ബാങ്ക് റിപ്പോർട്ട് ചെയ്ത പ്രകാരം ₹1.25 കോടിയുമാണ് (ഡബിറ്റ്). ₹239.93 കോടിയുടെ (ക്രഡിറ്റ്) അറ്റ വ്യത്യാസമാണുള്ളത്. വ്യത്യാസം പൊരുത്തപ്പെടുത്തി വരുന്നു. മുൻവർഷത്തെ സ്ഥിതി, 2023 മാർച്ച് 31നുള്ള അറ്റ വ്യത്യാസം ₹145.44 കോടിയാണ്.

വ്യത്യാസം വന്ന തുകയായ ₹239.93 കോടിയിൽ ₹152.01 കോടി വരുന്ന തുക (അറ്റഡബിറ്റ്) 2024-25 ൽ തീർപ്പാക്കി. ബാക്കി വ്യത്യാസമായ ₹391.94 കോടി (അറ്റക്രഡിറ്റ്) പൊരുത്തപ്പെടുത്തലിലാണ്.

പ്രസക്തമായ കണക്കുകൾ സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റ് 21 ൽ ലഭ്യമാണ്.

2024 മാർച്ച് 31-ലുള്ള കേരള സർക്കാരിന്റെ പണം നീക്കിയിരുപ്പിൽ 2024 മാർച്ച് 31 വരെ സി.എസ്.എസ്സുകൾക്കു വേണ്ടി ലഭിച്ച കേന്ദ്രവിഹിതത്തിന്റെ ₹110.77 കോടിയുടെ പണം നീക്കിയിരുപ്പ് ഉൾപ്പെടുന്നു. പാസ് ത്രൂ ഇടപാടുകൾ ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ തുകയുടെ ഉപയോഗത്തിൽ നിയന്ത്രണമുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ അല്ലാത്തതും 30 ദിവസത്തിനകം ഓരോ സിഎസ്എസ് അക്കൗണ്ടിന്റേയും സംസ്ഥാന നോഡൽ ഏജൻസിയിലേക്കും മാറ്റേണ്ടതുമാണ്.

**(ix) സംസ്ഥാന പ്രത്യേക വിഷയങ്ങൾ:-**

**സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും സംസ്ഥാന സഞ്ചിത നിധിയിലേക്ക് ഫണ്ടുകളുടെ തിരിച്ചെടുക്കൽ:**

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക് ഗ്രാന്റ്-ഇൻ-എയ്ഡ്, വായ്പകൾ, നിക്ഷേപങ്ങൾ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് സഞ്ചിതനിധിയിൽ നിന്ന് നൽകുന്ന ഫണ്ടുകൾ പൊതുകണക്കിൽ ആരംഭിച്ചിട്ടുള്ള (8031-00-102 സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ്) സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്റ്റിഎസ്ബി). പൊതുകണക്കിലുള്ള ബാധ്യതകൾ കുറയ്ക്കുന്നതിനായി, 2017-18 മുതൽ എല്ലാവർഷവും എസ്റ്റിഎസ്ബി അക്കൗണ്ടുകളിലെ വിനിയോഗിക്കാത്ത ഫണ്ടുകൾ സഞ്ചിതനിധിയിലേക്ക് തിരിച്ചെടുക്കണമെന്നതിന്, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു (ഫെബ്രുവരി/മാർച്ച്) 2023-24 കാലയ

ഉവിൽ, വകുപ്പുകളും സംസ്ഥാന ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും/സ്വയംഭരണ സ്ഥാപനങ്ങളും പൊതുകണക്കിനുകീഴിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്കിൽ (എസ്റ്റിഎസ്ബി) സൂക്ഷിച്ചിരുന്ന അങ്ങനെയുള്ള ഫണ്ടുകൾ സംസ്ഥാന സർക്കാർ സഞ്ചിതനിധിയിലേക്ക് തിരിച്ചെടുത്തു. പൊതുകണക്കിൽ നിന്ന് സംസ്ഥാന സഞ്ചിതിനിധിയിലേക്ക് മാറ്റിയത് യഥാർത്ഥ ചെലവിൽ കുറവ് വരുത്തി, പ്രസക്തമായ സർവ്വീസ് ഹെഡ്ഡിലേക്ക് ഡബിറ്റ് കിഴിവായി കണക്കാക്കേണ്ടതാണ്.

2024 മാർച്ചിൽ, സർക്കാർ വകുപ്പുകളും സംസ്ഥാന ഉടമസ്ഥതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളും സ്വയംഭരണ/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും കൈകാര്യം ചെയ്തിരുന്ന വിവിധ എസ്റ്റിഎസ്ബി അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്ന ₹3609.41 കോടി ജില്ലാ ട്രഷറി ഓഫീസർമാർ മുഖേന സർക്കാർ തിരിച്ചെടുത്തു. എസ്റ്റിഎസ്ബി അക്കൗണ്ടിൽ നിന്നു തിരിച്ചെടുത്ത ₹3609.41 കോടിയിൽ ₹3179.19 കോടി, തുടക്കത്തിൽ ഡെബിറ്റ് വരുത്തിയ കണക്കു ഹെഡ്ഡുകളിൽ ഡെബിറ്റ് കിഴിവ് ചെയ്യുന്നതിനു പകരം റവന്യൂ അക്കൗണ്ടിൽ, '2075 പലവക ജനറൽ സർവ്വീസ് 911-കിഴിവ്-അധികം നൽകിയത് വസൂലാക്കൽ' എന്ന പ്രത്യേക കണക്കു ഹെഡ്ഡിൽ ഡിഡക്ട് ഡബിറ്റ് ചെയ്തു. ഇത് അക്കൗണ്ടിംഗ് തത്വങ്ങൾക്ക് വിരുദ്ധമാണ്.

**6. റവന്യൂ വരവുകളിന്മേലും/ചെലവുകളിന്മേലും മൂലധന ചെലവുകളിന്മേലുമുള്ള ആഘാതം**

മുൻ ഖണ്ഡികകളിൽ വെളിപ്പെടുത്തിയിട്ടുള്ള പ്രകാരം റവന്യൂ ചെലവുകളുടെ തെറ്റായ വർഗ്ഗീകരണങ്ങളുടെയും സംസ്ഥാനത്തിന്റെ സാമ്പത്തികത്തിന്മേലുള്ള നിയമവ്യവസ്ഥകൾ പാലിക്കാത്തതിന്റേയും ആഘാതം താഴെ പട്ടികയിൽ ചേർക്കുന്നു:-

(₹കോടിയിൽ)

| ഖണ്ഡിക | ഇനം | റവന്യൂ ചെലവുകൾ കൂട്ടി കാണിച്ചത് | റവന്യൂ ചെലവുകൾ കുറച്ച് കാണിച്ചത് | മൂലധന ചെലവുകൾ കൂട്ടി കാണിച്ചത് | മൂലധന ചെലവുകൾ കുറച്ച് കാണിച്ചത് | റവന്യൂ വരവുകൾ കൂട്ടി കാണിച്ചത് | റവന്യൂ വരവുകൾ കുറച്ച് കാണിച്ചത് | പണം നീക്കിയിരിപ്പ് കൂട്ടി കാണിച്ചത് | പണം നീക്കിയിരിപ്പ് കുറച്ച് കാണിച്ചത് |
|---|---|---|---|---|---|---|---|---|---|
| 3 (viii) | പലിശസഹിത കരുതൽ ഫണ്ടുകളിലും നിക്ഷേപങ്ങളിലുമുള്ള പലിശയ്ക്കുള്ള വ്യവസ്ഥയില്ലായ്മ | - | 1.60 | - | - | - | - | - | - |
| 5 (v) | കേരള റോഡ് സുരക്ഷാ ഫണ്ട് മാറ്റാത്തത് | | 58.25 | - | - | - | - | - | - |
| **മൊത്തം (അറ്റ ആഘാതം** | **കുറച്ചു കാണിച്ചത്/ കൂട്ടിക്കാണിച്ചത്** | | **59.85** | | - | - | - | - | - |

© ഇന്ത്യയുടെ കംപ്ട്രോളർ ആന്റ്
ഓഡിറ്റർ ജനറൽ
www.cag.gov.in
2024

https://cag.gov.in/ae/kerala/en